D.M.420
938

# മായാത്ത നിമിഷങ്ങൾ

81937

പി. എസ്സ്. ദാമോദരൻ

ശ്രീവിലാസ് പ്രസിദ്ധീകരണം

SRIVILAS PRESS
TRIVANDRUM.
BOOK DEPOT
KALARIKAL BAZAAR

1121.

വില രൂപ 1—4.

P. M. 442

# പ്രസാധകക്കുറിപ്പ്

ആർഭാടമില്ലാത്ത ചെറിയ വാചകങ്ങളും, നിമിഷങ്ങൾതോറും നിറഞ്ഞു തുളുമ്പുന്ന ഗദ്ഗദങ്ങളും ഉൾക്കൊള്ളുന്ന പതിനഞ്ചു കൊച്ചു കഥകളാണു് 'മായാത്തനിമിഷങ്ങ'ളുടെ ഹൃദയത്തിൽ നിരന്നിരിക്കുന്നതു്. കഥകളല്ല, കഥയുടെ ആവരണമിട്ട ജീവിതം രൂപംപൂണ്ടു നില്ക്കുകയാണു്.

"വിരാമമില്ലാത്ത യാതനകളിൽ കിടന്നു പിടയുന്ന ജീവിതം! കത്തുന്ന വയറിൻെറയും ഒടുങ്ങാത്ത ഹൃദയദാഹത്തിൻെറയും സാക്ഷിയായ ജഡം എന്തിനിങ്ങനെ നരകിച്ചു കഴിയണം? ഭാവനയെ ദഹിപ്പിക്കുവാൻ നില്ക്കുന്ന നഗ്നദുരിതങ്ങളുടെ മുമ്പിൽ എന്തിനായി ഈ ജീവിതം പുലരണം?" എന്നു് ഓരോ കഥയുടേയും അന്തരംഗത്തിൽനിന്നും തുറിച്ച മിഴികളോടെ ചോദ്യചിഹ്നങ്ങൾ നമ്മുടെ മുന്നിലേക്കു് ഉയരുന്നുണ്ടാകും. കഥകളുടെ പര്യവസാനങ്ങളിൽ കഥാകൃത്തു നിറഞ്ഞ കണ്ണുകളോടെ നിശ്ശബ്ദമായി നില്ക്കുന്നതു നമുക്കു കാണാം. തകരുവാൻ നില്ക്കുന്ന ഒരു തളർന്ന ഹൃദയം നടമാടുന്നുണ്ടെങ്കിലും ജീവിക്കുവാനുള്ള അവകാശം സ്ഥാപിച്ചുകൊണ്ടു് ആ ഹൃദയം ലോകത്തിൻെറ വിശാലതയിലേക്കു തൻെറ യാഥാർത്ഥ്യം പ്രദർശിപ്പിക്കുവാനൊരുങ്ങുകയാണു്.

സുപ്രസിദ്ധ കഥാകൃത്തായ ശ്രീ. പി. എസ്സ്. ദാമോദരൻെറ മറെറല്ലാ കൃതികളിലുമെന്നപോലെ ആശ്വസിപ്പിക്കുവാൻ കഴിവില്ലാത്ത വിഷാദാത്മകത്വം ഇതിലെ കഥകളിലും നിറഞ്ഞുതുളുമ്പുന്നുണ്ടു്. സാമൂഹ്യജീവിതത്തിനുള്ളിൽ കടിച്ചുചീന്തിയിടുന്ന വ്യക്തിയുടെ വിലയില്ലാത്ത ജീവിതങ്ങൾ കണ്ണുനീരിൽക്കൂടി നമുക്കു കാണുവാൻ കഴിയും.

കവിതയും, കഥയും, ജീവിതയാതനകളുംകൊണ്ടു് ഒരു യഥാർത്ഥകഥാകാരനായി തീർന്നിരിക്കുന്ന ഗ്രന്ഥകർത്താവിനു് എല്ലാവിധ ഭാവുകങ്ങളും ഈ അവസരത്തിൽ നേരുകയും ഈ "മായാത്ത നിമിഷങ്ങൾ" അഭിമാനപൂർവ്വം സഹൃദയലോകത്തിൻെറ മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

പ്രസാധകർ.

# മായാത്ത നിമിഷങ്ങൾ

"ഇന്നു ചോറില്ല. ഞാനറങ്ങിപ്പോയി" രാവിലെ അഞ്ചര മണിക്ക് അമ്മായി പറഞ്ഞു.

ഞാൻ പല്ലു തേച്ചു, മുഖം കഴുകി. മുണ്ടും ഷർട്ടും കോട്ടും ധരിച്ചു. മേശപ്പുറത്തുനിന്ന് ഫൌണ്ടൻ പേനയും അഞ്ചാറു ബീഡിയും എടുത്തു കീശയിൽ നിക്ഷേപിച്ചു.

എൻെറ പേന! ഇതിൻെറ ഉടമസ്ഥൻ ബോംബെയിലെ നാവിക പരിശീലനവിദ്യാലയത്തിലിരുന്നു പഠിക്കുകയാണ്. അദ്ദേഹം ഈ 'ജപ്പാൻ പൈലററി'നെ വിസ്മരിച്ചിട്ടുണ്ടാകുമെങ്കിൽ ഇതെൻേറതാണ്.

ഷൊർണ്ണൂർക്കുള്ള തീവണ്ടി ഒരു ദീനസ്വരത്തോടുകൂടി വടക്കോട്ടു പാഞ്ഞുപോയി. ഞാൻ ചുണ്ടത്തുവെച്ച ബീഡിയിൽ നിന്നു പുകവിട്ടുകൊണ്ടു തെക്കോട്ടു നടന്നു. പതിവായി എനിക്കു ചായ കടം തരാറുള്ള ആ പീടികയിലെത്തി. അതു തുറന്നിരുന്നില്ല. ഞാൻ പുറംതട്ടിയിൽ കൊട്ടിവിളിച്ചു:

"എടോ വർഗ്ഗീസ്, വർഗ്ഗീസ്!"

"ങ്ഹം?"

"ചായ ശരിയായോ?"

"വെള്ളത്തിനു തീയ്യിടാമ്പോണ്."

"കടിയൊന്നുമില്ലേ?"

"പുട്ടിനു പൊടി തിരുമ്മണ. പിന്നെ, ഇന്നലത്തെ പഴം പൊരിച്ചതുണ്ട്."

"തട്ടി തുറക്കു!"

അയാൾ തട്ടി തുറന്നു. രണ്ടു പഴം പൊരിച്ചതും ഒരു ഗ്ളാസ് പച്ചവെള്ളവും ഞാൻ അവിടെ നിന്നുകൊണ്ടു ചെലുത്തി. ഒരു ബീഡികൂടി കത്തിച്ചു യാത്ര തുടൎന്നു.

മണി ആറര. ജെട്ടിയിൽനിന്നു ഞങ്ങളുടെ വഞ്ചി നീങ്ങി. എല്ലാവൎക്കും യുദ്ധത്തെക്കുറിച്ചുതന്നെ വൎത്തമാനം. ഓരോരുത്തരും അവരവരുടെ ഭാവനയ്ക്കനുസരിച്ചു വാൎത്തകൾ പുറത്തിറക്കാൻ തുടങ്ങി. "ഇന്നലത്തെ റേഡിയോ" എന്നായിരിക്കും ഓരോ വക്താവിന്റെയും മുഖവുര. ഒരാൾ ശേണായിയുടെ റേഡിയോ വാണു കേട്ടതെങ്കിൽ മറ്റൊരാൾ പ്രഭുവിന്റേതായിരിക്കും. ഇതായിരുന്നു അവരുടെ വാൎത്തകൾ തമ്മിൽ വ്യത്യാസം വരാൻ ഹേതു. അമ്പോ! ദഹിക്കാത്ത നുണകൾ. എല്ലാവരും വിഴുങ്ങി. കൂട്ടത്തിൽ നിന്നു്, അതൊന്നും പോരാഞ്ഞിട്ടെന്നപോലെ, ചാവറോ എന്നോടു ചോദിച്ചു:—

"എന്താ മേഷ്ടേ! പുതിയ വൎത്താനം?"

"നിങ്ങൾ പറഞ്ഞതൊക്കെത്തന്നെ, വിശേഷിച്ചൊന്നുമില്ല."

"യുദ്ധത്തെപ്പറ്റി മേഷ്ടൎക്കൊരെക്കും ശുക്കമില്ലെന്നു തോന്നുന്നു്."

ഞാനെന്തു പറയാനാണു്! വല്ലതും ചുണ്ടിൽനിന്നു വീണാൽ പലരുടേയും റേഡിയോ പൊളിഞ്ഞു പാപ്പീസാകും. ഞാൻ നിശ്ശബ്ദനായിരുന്നു. എങ്കിലും, അയാൾ എന്നെ മേഷ്ടരെന്നു വിളിച്ചതാണത്ഭുതം. നോക്കണേ. കോട്ടിടുന്നവരൊക്കെ മേഷ്ടർമാർ. ചാവറോ അറിഞ്ഞോ ആ കോട്ട് എന്റെ അമ്മാവൻ ചെറുപ്പത്തിൽ തുന്നിച്ചതാണെന്നു്.

ഞങ്ങളുടെ വഞ്ചി ആ ദ്വീപിന്റെ വടക്കേ കായലോരത്തടുത്തു. പൂച്ചപ്പഴങ്ങൾ തൂക്കിപ്പിടിച്ചുനില്ക്കുന്ന മുൾച്ചെടികളുടെ ഇടയിൽക്കൂടി ഞാൻ ഫാക്ടറിയിലേയ്ക്കു നടന്നു. അവിടത്തെ മണിയടി കേൾക്കുവാൻ ബദ്ധപ്പെട്ടു് അനേകം തൊഴിലാളികൾ വേഗത്തിൽ നടന്നു.

ഏഴരമണിയാവാൻ അഞ്ചു മിനിട്ടുകൂടിയുണ്ടു. ടൈംകീപ്പർ ഹാജർ വിളിപ്പാൻ തുടങ്ങി. ഫോർമാൻമാർ അയാളുടെ ഇടത്തും വലത്തും കാവൽ നിന്നു. കാകരൂക്കായ ഇഞ്ചിനീയർ പണിക്കാർ ഉള്ളിലേയ്ക്കു കടക്കുന്ന വാതില്ക്കലും നിലകൊണ്ടു. പലരും 'ഹാജർ' പറഞ്ഞു. ചിലരെല്ലാം പ്രസണ്ടും. ആദരപൂർവ്വം തല കുനിച്ചു ഇഞ്ചിനീയർ തന്റെ ഉപചാരം കാണുന്നുണ്ടോ എന്നറിയുവാൻ വേണ്ടി ആയാളുടെ മുഖത്തേയ്ക്കൊളിച്ചുകണ്ണെറിഞ്ഞുകൊണ്ടു്, ഓരോരുത്തരും അവരവരുടെ ജോലിസ്ഥലത്തേയ്ക്കു പോയി.

ഞാൻ വാക്കപ്പുരയിൽ ചെന്നു. 'കാക്കി'യുടെ അരക്കാൽ ശരായിയും ബനിയനും ധരിച്ചു ജോലിക്കു സന്നദ്ധനായി. ആ കാക്കി ഡ്രെസ്സ് ഞാൻ മാധവനോടു വായ്പ വാങ്ങിച്ചതാണു്.

ഞാൻ ആദ്യമായി ഞങ്ങളുടെ മേസ്തിരി മൈക്കൽ അഗസ്റ്റിനെ അഭിവാദ്യം ചെയ്തു. പുതുതായിച്ചെന്നിട്ടുള്ള എനിക്കു് എന്തു ജോലിയാണു് കല്പിക്കുവാൻ പോകുന്നതെന്നു് ആലോചിച്ചുകൊണ്ടു നില്ക്കുമ്പോൾ ഞങ്ങളുടെ ഉപമേസ്തിരി വാമനൻ അടുത്തുവന്നു. അയാൾ കൊഴുത്ത ഒരു മാംസപിണ്ഡമാണു്. മസൂരികലയുള്ള വെളുത്ത മുഖം, വെററിലക്കറപിടിച്ച പല്ലുകൾ, വരിഞ്ഞുകീറി മലന്നിരിക്കുന്ന തടിച്ച ചുണ്ടുകൾ. അയാൾ എന്നേയും 'പ്പു' യിനേയും കൂടി—'പ്പു' അവിടത്തെ പഴക്കമുള്ള ഒരു ജോലിക്കാരനാണു്—മണ്ണരിക്കുവാൻ വിട്ടു. മൂശ പിടിക്കുവാൻ ഉപയോഗിക്കുന്ന ഒരു വലിയ കുന്നുമണ്ണു്. ഞങ്ങൾ രണ്ടാളുംകൂടി അതു മുഴുവനും അരിച്ചു കരടു കളയണം. എന്റെ കൈപ്പടം ചുവന്നു. ഒരത്തിൽനിന്നു കൈകൾ വേർപെടുവാൻ പോകുന്ന വേദന.

അതു കഴിഞ്ഞപ്പോൾ മണ്ണിൽ വെള്ളമൊഴിച്ചു ചാലിക്കുന്ന ജോലിയാണു് എനിക്കു കിട്ടിയതു്. പുസ്തകവും പേനയും പിടിച്ചു മാത്രം ശീലിച്ചിട്ടുള്ള എനിക്കു ഷവൽ പിടിക്കുവാൻപോലുമറിഞ്ഞുകൂടാ. വാമനൻ എന്റെ സമീപത്തുവന്നു പല്ലിളിച്ചുകൊണ്ടു ചോദിച്ചു: "നീ എവിടന്നു വന്നെടാ? ഒരു ഷവൽ പിടിക്കാനറിഞ്ഞുകൂടാ." ആയാൾ എന്റെ കൈയിൽനിന്നു ഷവൽ വാങ്ങി

എങ്ങിനെയാണു് അതു പിടിച്ചു ജോലി ചെയ്യേണ്ടതെന്നു കാണിച്ചു തന്നു.

പത്തുമണിയായി. തലയോട്ടിൽ ആരോ ചുററിക്കൊണ്ടിരിക്കുന്നതുപോലെ തലവേദന! "ഒരു ചെറിയ ചായ!" എന്നു് എൻെറ നാവു പറഞ്ഞുപോയി. പതിനാറു കൊല്ലമായി, ആശ്ശൂ! അതു ശീലിച്ചുപോന്നിരിക്കുന്നു.

എനിക്കു് അല്പം വിശ്രമിക്കുവാൻ തോന്നി. ജോലിസ്ഥലത്തിരിക്കുവാൻ അവർ സമ്മതിക്കില്ല. പുറത്താണെങ്കിൽ കക്കൂസയിൽമാത്രം. അതാണു ഞങ്ങളുടെയൊക്കെ വിശ്രമസ്ഥലം, ലീലാനികേതനം! തൊഴിലാളിയൂണിയൻവക പണം പിരിക്കുന്നതും, പ്രചരണം നടത്തുന്നതും, 'ഇസ'ങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തുന്നതും—ഒക്കെ അവിടെവെച്ചാണു്.

ഞാൻ ആ തിണ്ണയിൽ ഇരുന്നു് ഒരു ബീഡി കത്തിച്ചു. അവിടെ നിന്നിരുന്ന തൊഴിലാളികൾ ആരും എന്നോടു സംസാരിച്ചില്ല. ഞാൻ ആ തൊഴിൽശാലയിൽ ചെന്നിട്ടു ഹൃദയം തുറന്നു സംസാരിച്ചിട്ടുള്ളതു് ആ അനാഗതശ്മശ്രുവായ കാഥികനോടു്, മി. പോഞ്ഞിക്കര റാഫിയോടുമാത്രം. ആയാൾ ഇന്നു വന്നിട്ടുമില്ല. ലോകമറിയാത്ത രണ്ടു സാഹിത്യകാരന്മാർ! കുഞ്ഞുങ്ങൾ! അവർക്കുമുണ്ടു് ചില വ്യാമോഹങ്ങൾ. അവ വെറും വ്യാമോഹങ്ങൾ മാത്രമായിത്തീരുമോ?

ഞാൻ എൻെറ ഭൂതകാലത്തിലേയ്ക്കു കണ്ണോടിച്ചു.

പതിനേഴു വയസ്സുവരെ ഞാനാരായിരുന്നു! ഒരു രാജകുമാരൻ! അന്നു്, എനിക്കാവശ്യമുള്ളതെല്ലാം, എനിക്കാഗ്രഹമുള്ളതെല്ലാം ഞാൻ സാധിച്ചിരുന്നു. എനിക്കാവശ്യമുള്ള എത്ര പണവും എൻെറ മാതാപിതാക്കൾ തന്നു. എൻെറ മാതാവിൻെറ വയറു് പത്തു സന്താനത്തിൻെറ ഭാരം വഹിച്ചിട്ടുണ്ടു്. എല്ലാം മരിച്ചുപോയി. സന്താന ദൌർലഭ്യം എന്നെ കണക്കിലേറെ ലാളിക്കുവാൻ അവരെ പ്രേരിപ്പിച്ചു.

"ഞാൻ പഠിച്ചു. മിക്ക ക്ലാസുകളിലും രണ്ടു കൊല്ലംവീതം പഠിച്ചു. ഉദ്യോഗസ്ഥനാകുവാൻ അന്നെനിക്കശേഷം മോഹമില്ലാ

യിരുന്നു, എന്നാലും ചെറുപ്പത്തിൽത്തന്നെ ചില ഉദ്ദേശ്യങ്ങൾ എന്നെ പിടികൂടി. ഒരു വലിയ വാഗ്മിയാകുക, ഒരു മഹാസാഹിത്യകാരനാകുക, സംസ്കാരവതിയായ ഒരു യുവതിയെ കല്യാണം കഴിക്കുക—എന്നൊക്കെ. ആദ്യത്തെ രണ്ടുദ്ദേശ്യങ്ങളുടെ സാദ്ധ്യതയ്ക്കുവേണ്ടി ഞാൻ ധാരാളം വായിച്ചു; ഏകാന്തതയിൽനിന്നും ജനതാമദ്ധ്യത്തിൽനിന്നും ധാരാളം പ്രസംഗിച്ചു; കുന്നുകുന്നായി കഥകളും കവിതകളുമെഴുതി. അവയിലേറെയും കുപ്പയായി എൻെറ മുറിയിൽ കിടക്കുന്നു. എന്നിട്ടും ഞാൻ ആരായി? എനിക്കു നിശ്ചയമില്ല.''

മണി പതിനൊന്നു കഴിഞ്ഞു. ഞാൻ കക്കൂസയിൽനിന്നു തിരിച്ചുവന്നു. വയറു പൊരിയാൻ തുടങ്ങി, തലവേദനയും. വാമനൻ എൻെറ സമീപത്തു വന്നു പറഞ്ഞു: ''ഇവിടെ വന്നാൽ ചില മുറകളൊക്കെയുണ്ട്. കൂലികിട്ടുമ്പ കൊറച്ചു കള്ളു വാങ്ങിത്തരണം''. അയാളുടെ ചെകിട്ടത്തു രണ്ടു 'പോട്ടീസു' കൊടുക്കുവാൻ എനിക്കു തോന്നി. 'പുത്തരിയിൽത്തന്നെ കല്ലു കടിച്ചാ'ലോ എന്നു കരുതി, ഞാൻ ഒരു കള്ളപ്പുഞ്ചിരി തൂകിക്കൊണ്ടു ചോദിച്ചു:—
''ആട്ടെ, കൈയിൽ കാശുണ്ടോ, രണ്ടണ തരാൻ. ഞാൻ ഇന്നു ചോറു കൊണ്ടുവന്നില്ല.''

''ഒരൊററക്കാശില്ല. ഇന്നു കാലത്തു മുറുക്കാൻ വാങ്ങിച്ചതു കടമാണ്.''

കുറച്ചുനേരം കഴിഞ്ഞപ്പോൾ കൂലിമേസ്ത്രി പേറു വന്നു. പേറുവിനു ചുരുണ്ട നാടകത്തലമുടിയും, കുളംകോരി മീശയുമുണ്ട്. മുഷിഞ്ഞ മുണ്ടും ഖാക്കി ഷർട്ടും ധരിച്ചിട്ടുള്ള ആ അബിസീനിയൻ കാപ്പിരിയോടു ഞാൻ ചോദിച്ചു:

''മേസ്ത്രി, ആ സൈക്കിളൊന്നു തരാമോ? എനിക്കു ഹോട്ടലിൽ പോയി ഊണു കഴിക്കുവാനാണ്.'' ആയാൾ കുറേനേരം എൻെറ മുഖത്തേയ്ക്കു തുറിച്ചുനോക്കി. പുസ്തകങ്ങളിൽ വായിച്ചിട്ടുള്ള പിശാചിനെ ഞാൻ മുമ്പിൽ കണ്ടു. ഹിമവാൻെറ ഗാംഭീര്യത്തോടുകൂടി ചോദിച്ചു: ''എന്തെടാ നീ ചോദിച്ചതു്? സൈക്കിളോ?

കുറച്ചു കഴിയുമ്പോൾ എന്റെ മക്കളെ ആവശ്യപ്പെട്ടുമോ?" ഞാൻ നിർവ്വികാരനായി നിന്നുപോയി.

മണി പന്ത്രണ്ട്. എല്ലാവരും പണി നിറുത്തി. പലരും അവരവർക്കുള്ള ചോററുപാത്രവുമായി സൗകര്യസ്ഥലങ്ങളിലേയ്ക്കുപോയി. ചിലർക്കെല്ലാം ഹോട്ടലിൽനിന്നു പകർച്ച വന്നു. എനിയ്ക്കുമാത്രം ഒന്നും ചെയ്യുവാനില്ലായിരുന്നു. വെയിലത്ത് എന്തിനെന്നില്ലാതെ ഞാൻ അങ്ങിങ്ങുഴറി നടന്നു. എന്റെ കൂടെ ജോലി ചെയ്യുന്നവരിലാരുംതന്നെ എന്റെ വിശപ്പിനെക്കുറിച്ച് അന്വേഷിച്ചില്ല.

ഞാൻ ഒരിടത്തു നില്ക്കുമ്പോൾ അടുത്തുകൂടി മി. ചന്ദ്രശേഖരൻപിള്ള നടന്നുപോയി. ഞാൻ അയാളുടെ പിന്നാലെ ചെന്നു് വളരെ വിനീതനായിച്ചോദിച്ചു: "മി. പിള്ളേ! നിങ്ങളുടെ സൈക്കിൾ അല്പസമയത്തേയ്ക്കു തരണം. എനിയ്ക്കു ചോറുണ്ണുവാൻ പോകാനാണ്."

"വണ്ടിക്കു ടോളില്ല. എനിക്കു 'ടോൾ' 'ഫ്റീ'യായതുകൊണ്ടാണ് പാസ്സെടുക്കാത്തത്."

"നിങ്ങളുടേതാണെന്നു പറഞ്ഞാൽ സമ്മതിക്കില്ലേ?"

"പറഞ്ഞുനോക്കൂ!" പാറ പിളക്കുന്ന വെയിലത്തു ഞാൻ സൈക്കിൾ വേഗത്തിൽ ചവുട്ടിവിട്ടു. കുറച്ചുദൂരം പോയാൽ പരിചയമുള്ള ഹോട്ടൽക്കാരുണ്ട്! ഊണുകഴിച്ചു കടം പറയാം.

അടുത്തുള്ള ടോൾഗേററിലെത്തി. ഒരണ കൊടുക്കണം. 'നാളെ തരാം, തീർച്ചയായും തരാം, 'മറന്നുപോകാതെ തരാം, ഒരണയ്ക്കു രണ്ടണ" എന്നൊക്കെ ആയിരം പ്രാവശ്യം പറഞ്ഞു. "നിയമവിരുദ്ധമായി ഞങ്ങൾക്കൊന്നും ചെയ്തുകൂടാ" എന്നല്ലാതെ ആ സ്വരം അല്പം മാർദ്ദവപ്പെടുകപോലുമുണ്ടായില്ല. ഞാൻ നൈരാശ്യത്തിന്റെ അഗാധതലത്തിലേയ്ക്കിടിഞ്ഞുവീണു. അവരുടെ നയത്തിനു മാററമില്ലെന്നു തികച്ചും ബോധ്യപ്പെട്ടപ്പോൾ ഞാൻ തിരിച്ചു ഫാക്ടറിയിലേയ്ക്കുതന്നെ പോന്നു.

വണ്ടി ഉടമസ്ഥനെ ഏല്പിച്ചു. പൈപ്പിൽനിന്നു് ഒരിടങ്ങഴി വെള്ളം കുടിച്ചു. തണുപ്പുള്ള ഒരിടത്തു് ഒരു ചാക്കുകഷ്ണം വിരിച്ചു്

ഒരു കരിങ്കല്ലിന്മേൽ തലവെച്ചു മലൎന്നുകിടന്നു. തലയോട്ടിനുള്ളിൽ മൃദംഗം വിളിച്ചുകൊണ്ട് ഒരായിരം തീവണ്ടി അങ്ങിങ്ങു പാഞ്ഞു പോകുന്നതുപോലെ തോന്നി.

ഞാൻ വിചാരിച്ചു:

"ഞാൻ എന്തിനാണ് ജനിച്ചതു? ആവോ! എനിക്കു നിശ്ചയമില്ല. എന്നെയും ജനിപ്പിക്കേണമെന്ന് എൻെറ മാതാപിതാക്കന്മാൎക്കുദ്ദേശ്യവുമുണ്ടായിരുന്നോ? ഒരിക്കലുമില്ല. അവർ എനിക്കു ആഹാരങ്ങൾ തന്നതും വിദ്യാഭ്യാസം ചെയ്യിച്ചതും ലോകത്തിൻെറ നന്മയെ ലാക്കാക്കിയല്ല. ഞാൻ നല്ല ഒരുദ്യോഗസ്ഥനായി അവരെ വാൎദ്ധക്യത്തിൽ തീററിപ്പോററുവാൻ, അവരുടെ പട്ടടസ്ഥാനത്ത് ഒരു തിരി നനച്ചുവെയ്ക്കുവാൻ. ഇതിൽക്കഴിഞ്ഞു എന്നെക്കുറിച്ച് അവരൊന്നും ചിന്തിച്ചില്ല. ജീവിതാവശ്യങ്ങൾ വൎദ്ധിക്കുകയും ജീവിതസൗകൎയ്യങ്ങൾ ചുരുങ്ങുകയും ചെയ്തിരിക്കുമ്പോൾ, ലോകത്തെ അരിഷ്ടപ്പെടുത്തുന്ന ഒരു പുഴുവിനെക്കൂടി സൃഷ്ടിച്ചുവിട്ട ആ മാതാപിതാക്കൾ ധൎമ്മത്തിൻെറ മുന്നിൽ എന്നെന്നും കുററക്കാരാണ്.

"അവരെന്നെ പഠിപ്പിച്ചു. പതിനേഴു കൊല്ലം! ഞാൻ എന്തു പഠിച്ചു? അയ്യോ എൻെറ മസ്തിഷ്ക്കത്തിൽ—തിച്ചൂളയിൽ, എന്തുണ്ട്? കഴിഞ്ഞുപോയ വസന്തത്തിൻെറ നിഴലാട്ടങ്ങൾ പിടിപെട്ടിരിക്കുന്ന ഗ്രീഷ്മത്തിൻെറ കനൽക്കട്ടകൾ, അനന്തരമായിരിക്കുന്ന വൎഷത്തിൽ മുളക്കാനുള്ള ആശാപാശവിത്തുകൾ.

"എനിക്ക് അനേകം സ്നേഹിതന്മാരും സ്നേഹിതകളുമുണ്ട്. പക്ഷെ, അവരാരും എന്നെ അറികയില്ല. അനേകം തെരുവീഥികളിൽ ഞാൻ അലഞ്ഞുതിരിഞ്ഞു. വളരെ ആളുകളെ കണ്ടും കേട്ടുമറിഞ്ഞു. എന്നിട്ടു ഞാനെന്തു സമ്പാദിച്ചു? വളരെയധികം കടക്കാരെ. ഇപ്പോൾ പല വഴിയിൽക്കൂടിയും പകൽ നടന്നുകൂടാ. ഞാൻ എന്നെ പലൎക്കും വിററു; അനേകം പ്രാവശ്യം എന്നോടു തന്നെ ഭിക്ഷ യാചിച്ചു. സ്വതന്ത്രനായ ഒരടിമ! ദാരിദ്ര്യം മുഴുത്തപ്പോൾ യാചകഭാവത്തിന്, ആത്മാഭിമാനം വഴി മാറിക്കൊടുത്തു.

ഞാൻ എന്നു പറയുവാൻ എന്നിൽ അങ്ങനെ ഒന്നില്ലാതായി. എന്നിട്ടും ഞാൻ ജീവിക്കുന്നു! ജീവിതം!

"അല്ലെങ്കിൽ ഇതെൻെറ മരണാനന്തരജീവിതമായിരിക്കും. ജീവിക്കുവാനുള്ള മോഹം ആത്മഹത്യചെയ്യുവാനുള്ള ആശ! ജീവിതം!! ഹാ! ഹാ! ജീവിതം!!...."

വിശപ്പ് അതിൻെറ ആഗ്നേയജിഹ്വയാൽ എൻെറ ആത്മാവിനെ നക്കി. തലവേദന, ശിരസ്സിൽ കത്തിക്കാളുന്ന ഒരു പട്ടട കൂട്ടി.

ഒരു മണി. ഹാജർ കൊടുത്തു. ഇന്നു ഞങ്ങൾക്കു ചില സാമാനങ്ങൾ വാൎക്കുവാനുണ്ട്. അടുപ്പിലിരുന്ന മൂശയിൽക്കിടന്ന ചെമ്പുരുകി വെള്ളമായി. എന്തു പ്രകാശം! സായാഹ്നസൂൎയ്യൻ അരികത്തെത്തിയപോലെ ഇന്നത്തെ സാമൂഹ്യഘടനയെ ഉടച്ചു വാൎക്കുവാനുള്ള ചില വിപ്ലവചിന്തകൾ എൻെറ ഹൃദയത്തിൽക്കിടന്നുരുകി. പക്ഷേ, ആ ചെമ്പുദ്രാവകം അടുത്ത നിമിഷത്തിൽ പല ജഡവസ്തുക്കളായി മാറും. എൻെറ ചിന്തകൾ ഭൌതികരൂപം സിദ്ധിക്കാതെ ആത്മാവിൽത്തന്നെ ലയിക്കും.

മേസ്ത്രിയുടെ ആജ്ഞയനുസരിച്ചു ഞാനും 'സീ'യുംകൂടി ആ മൂശ കുടിൽകൊണ്ടു ഇറുക്കിപ്പിടിച്ചു താഴെ ഇറക്കിവെച്ചു. ഏതാണ്ടു പത്തു നിമിഷംകൊണ്ടു ഞാൻ കരിഞ്ഞുപോയെന്നു് എനിക്കു തോന്നി. ലോകം മഞ്ഞളിച്ചു. എനിക്കു തല്ചുററി. ഒരിററു വെള്ളത്തിനു നാവു നീണ്ടു. പിന്നീടു കണ്ണുകളിലേയ്ക്കു് ആന്ധ്യം അടിഞ്ഞുകയറി. ശേഷം ഞാൻ ചെയ്ത ജോലികൾ എന്തൊക്കെയാണെന്നു് എനിക്കു നിശ്ചയമില്ല.

മണി മൂന്നു്. ജോലിത്തിരക്കു് ഒട്ടവസാനിച്ചു. ഞാൻ അരക്കെട്ടിൽ കൈപ്പടം ചേർത്തുകൊണ്ടു പൂർവചക്രവാളത്തിലേയ്ക്കു നോക്കിനിൽക്കുകയായിരുന്നു. പെട്ടെന്നു വടക്കുവശത്തുനിന്നു് ഇടിനാദംപോലെ "ബ്ളഡി" എന്ന ശബ്ദം എൻെറ ചെവിയിലേയ്ക്കു പുണ്ടുകയറി. ഞാൻ തിരിഞ്ഞുനോക്കിയപ്പോൾക്കണ്ടതു്, വെളുത്ത ഉടുപ്പിൽപ്പൊതിഞ്ഞ ആ കറുത്ത ധാരയെ. ഞങ്ങളുടെ

ഇഞ്ചിനീയരെ. ആയാാം ഇംഗ്ലീഷുഭാഷയിലെ ചില കപ്പിച്ചില്ലകരംകൊണ്ടു് എൻെറ ആത്മാഭിമാനത്തെ കീറിമുറിച്ചു. എനിക്കെന്തെങ്കിലും ജോലി തരുവാൻ വാമനനെ വിളിച്ചുപറഞ്ഞിട്ട് ആയാരം പാപ്പാസിൽനിന്നു ശബ്ദം പുറപ്പെടരുതെന്ന കരുതലോടുകൂടി നടന്നുപോയി.

ഇഞ്ചിനീയർ എനിക്ക നിത്യം പത്തണ കൂലി തരുന്നുണ്ടു്. ആയാാംക്കെന്നെ എന്തും പറയാം, എന്തും ചെയ്യാം. ആയാാം പോയപ്പോരം വാമനൻ എൻെറ നേക്ക വക്കാണത്തിനൊരുങ്ങി. "ഞങ്ങളേയുംകൂടി ചീത്തയാക്കാൻ ശവം എവിടന്നോ വലിഞ്ഞു കേറി വന്നിരിക്കുന്നു!" എന്നൊക്കെ ആയാാം പുലമ്പാൻ തുടങ്ങി. "ജോലി ഒന്നും ചെയ്യയില്ല. വെറുതേ, ആളെ മിനക്കെടുത്താൻ...." ഒരു മരക്കഷ്ണത്തിൽ ഇരുന്നു് ആറേഴ ദിവസമെത്തിയ മാതൃഭൂമി വായിച്ചു് ആളുകളെ യുദ്ധവാർത്ത ഗ്രഹിപ്പിക്കുന്നതിന്നിടയിലാണ് എന്നെ ഈ ശകാരം. ആയാളെ തിരുമ്മിപ്പൊടിച്ചുകളയാനുള്ള ദേഷ്യം എനിക്കുണ്ടായി. പക്ഷെ, ഫാക്ടറിക്കുള്ളിൽവെച്ചു ഞാൻ അച്ചടക്കം പാലിക്കണ്ടേ!

ഞാൻ കക്കൂസയിലേയ്ക്കു പോയി. പലരും ബീഡി വലിച്ചു പുക വിട്ടുകൊണ്ടു് അവിടവിടെ നിന്നിരുന്നു. അവരാരും എൻെറ മുഖം കാണല്ലേ എന്നു വിചാരിച്ചു തല കുനിച്ചുകൊണ്ടു് ഒരു മൂലയിൽച്ചെന്നു് ഒതുങ്ങിയിരുന്നു.

ഞാൻ വിചാരിച്ചു:

"കഷ്ടം! ഞാൻ മരിച്ചെങ്കിൽ! ഇന്നുതന്നെ വൈകുന്നേരം ഒരു കോളടിച്ചു ഞങ്ങളുടെ വഞ്ചി മുങ്ങിയാൽ വെള്ളം കുടിച്ചു വയറു വീക്കും; ശ്വാസംമുട്ടി ഹൃദയം പൊട്ടും. ഞാൻ....മരിക്കും. ഞാൻ വെള്ളത്തിൽ ചീഞ്ഞൊഴുകി നടക്കും. മത്സ്യങ്ങരം എന്നെ ഭക്ഷിക്കുമെങ്കിൽ ലോകമേ! ഞാനുമൊരു സേവനം ചെയ്തു."

എനിക്കവിടെയിരുന്നിട്ടു ശ്വാസം മുട്ടി. ജോലിസ്ഥലത്തേയ്ക്കു മടങ്ങി. ഒരു മരക്കഷ്ണത്തിലിരുന്നു്, ഒരു 'ക്ലീനർ' കൈയി

ലെടുത്തു് ആത്മസ്മൃതിയോടെ നിലത്തു പല പ്രാവശ്യം കുത്തി. ഇതു കണ്ടിട്ടു ജോസഫിനു് ദേഷ്യം വന്നു. ആയാൾ എന്നോടു ചോദിച്ചു:

"എടോ, താനെന്തു മൂഢനാണു്? തനിയ്ക്കാവശ്യമില്ലെങ്കിലും ഇതു ഞങ്ങളുടെ ചോറാണ്," എന്നു പറഞ്ഞു് അതു് എന്റെ കൈയിൽനിന്നു വാങ്ങിവെച്ചു.

ചോറിന്റേയും കറിയുടെയും മണം പിടിച്ചുകൊണ്ടിരിക്കുന്ന എന്റെ നാസയെക്കുറിച്ചും, നിമിഷത്തെ യുഗസഹസ്രമായെണ്ണുന്ന ഹൃദയത്തെക്കുറിച്ചും ഫാക്ടറിയിലെ ക്ലോക്കിനെന്തറിയാം? നരകയാതന ആത്മാവിനനുഭവമായി....

മണി നാലരയടിച്ചു—സ്വാതന്ത്ര്യത്തിന്റെ ശംഖനാദം. കാലും മുഖവും കഴുകി. ഉടുപ്പു മാറി വേഗത്തിൽ നടന്നു. എന്റെ മുന്നിലും സമീപത്തും ആരുമില്ലെന്നായി. ഞാൻ ആ മുരിങ്ങച്ചെടികളുടെ ഇടയിലേയ്ക്കുഴിഞ്ഞുകയറി ചുറ്റുപാടും സൂക്ഷിച്ചു കണ്ണോടിച്ചു. ആരുമില്ല. ആർത്തിയോടുകൂടി ആ പഴങ്ങൾ പറിച്ചു് ഓരോന്നായി തൊണ്ടയിലേയ്ക്കെറിഞ്ഞു. റഷ്യൻവിപ്ലവത്തിന്റെ ജനയിതാക്കളിലൊരാൾ മഹാനായ മാർക്സിംഗോർക്കി—ആ വിശ്വാസ സാഹിത്യകാരൻ—റഷ്യയിലെ സെന്റ്പീറേഴ്സ്പള്ളിയുടെ ശ്മശാനത്തിൽനിന്നു് അന്ധകാരം നിറഞ്ഞ ഒരു രാത്രിയിൽ, ഒരു ശവപ്പെട്ടി കുഴിച്ചെടുത്തു, ചീഞ്ഞളിഞ്ഞ ശവത്തിന്റെകൂടെയുണ്ടായിരുന്ന റൊട്ടിയും വീഞ്ഞും ആർത്തിയോടെ ഭക്ഷിക്കുന്ന രംഗം ഞാൻ മുന്നിൽ കണ്ടു.

# വഴുതിയ ജീവിതം

നേരം വെളുത്തു. ജഗന്നാഥൻ ഉറക്കമുണർന്നിട്ടില്ല. ഉടുമുണ്ടു പുതച്ചുകൊണ്ടു കിടക്കുന്നു. തലയണയില്ല, നാലുവശവും അലിഞ്ഞു കീറിയ ഒരു പായ്—അതാണയാളുടെ ഹംസതൂലികാശയ്യ. ഒമ്പതു മണിയായി. അയാൾ കണ്ണു തുറന്നു. ഒന്നു കോട്ടുവായിട്ടു. വീണ്ടും കുളിരു നടിച്ച് അടമൂടപ്പുതച്ചു കിടന്നു.

ജഗന്നാഥന് എഴുന്നേററിട്ടു പ്രത്യേകകാര്യമൊന്നുമില്ല. മഴപ്പാററകളെപ്പോലെ, കറൻസിനോട്ടുകൾ പറന്നുനടക്കുമ്പോൾ അയാളുടെ കയ്യിൽ ഒരു ചെറിയ ചായയ്ക്കു കാശില്ല. യുഗാന്തരങ്ങൾതന്നെ ഉറങ്ങിക്കിടക്കുവാൻ സാധിക്കുമെങ്കിൽ അയാൾ അങ്ങനെ ചെയ്യും. അയാളുടെ ശരീരത്തിൽനിന്നു പനി വിട്ടുമാറുന്നില്ല. കൂടക്കൂടെയുള്ള പട്ടിണി ആരോഗ്യത്തെ അനാശാസ്യമാം വിധം അധഃപതിപ്പിച്ചു.

പന്ത്രണ്ടു മണി കഴിഞ്ഞു. ജഗന്നാഥൻ പതുക്കെയെഴുന്നേററു; മുഖം കഴുകി; കുപ്പായമെടുത്തിട്ടു; ഒരു പഴയ ഹരിക്കെയിൻ വിളക്കു കയ്യിലെടുത്തു; വാതിലടച്ചുപൂട്ടി, പുറത്തിറങ്ങി നടന്നു. പാട്ടക്കച്ചവടക്കാരൻ മമ്മതിൻെറ കടയിൽച്ചെന്നു. ജഗന്നാഥൻ കൂടുതൽ പിശകിയില്ല. ഒമ്പതണയ്ക്കു് അതു വിററു; രണ്ടര അണയ്ക്കു ചായ കുടിച്ചു. മൂന്നു കാശിനു ബീഡി വാങ്ങി. ഒരെണ്ണം കത്തിച്ചു വലിച്ചുകൊണ്ടു് ആയാൾ താമസസ്ഥലത്തേയ്ക്കു മടങ്ങി.

മുറി തുറന്നതും അയാൾ കണ്ടതു് ഒരഞ്ചൽക്കവറാണു്. സന്തോഷത്തോടുകൂടി അതെടുത്തു പൊട്ടിച്ചു ചാരുകസാലയിൽക്കിടന്നു വായിക്കാൻ തുടങ്ങി:—

"പ്രിയപ്പെട്ട ചേട്ടാ,

വളരെ ദിവസമായി ഞങ്ങാം ചേട്ടന്റെ എഴുത്തു പ്രതീക്ഷിക്കുന്നു. ഇതുവരെ ഒന്നും കിട്ടിയില്ല. അമ്മയ്ക്കും നമ്മുടെ സഹോദരിമാക്കും കൂടുതൽ വിഷമമുണ്ട്. ചേട്ടൻ വല്ല ജോലിയിലും പ്രവേശിച്ചോ? ഇപ്പോഴും ഹോട്ടലിലാണോ ഊണു കഴിക്കുന്നതു്? ശരീരത്തിനു നല്ല സൗഖ്യമുണ്ടോ? ചേട്ടൻ ഞങ്ങളെയൊക്കെ മറന്നെന്നു തോന്നുന്നു. അവിടെ കൂടുതൽ ബുദ്ധിമുട്ടു തോന്നുന്നുണ്ടെങ്കിൽ ഇങ്ങോട്ടു പോരൂ!

കുറച്ചു ദിവസമായി എനിക്കൊരു ജോലി കിട്ടിയിട്ടു്; പതിനൊന്നണ കൂലി; നമ്മുടെ സേവ്യർ മേസ്ത്രിയുടെ കീഴിൽ; മണ്ണു കട്ട പൊക്കിക്കൊടുക്കണം. അമ്മയ്ക്കു പടിഞ്ഞാറവീട്ടിലെ മുററമടിയും കിഴക്കേപ്പീടികയിലെ അരിയിടിയും ഇപ്പോഴുമുണ്ടു്. ഓല തികഞ്ഞിട്ടില്ല. അടുത്തുതന്നെ പുര കെട്ടുവാൻ ശ്രമിക്കുന്നു.

നമ്മുടെ 'സാവിത്രി'ക്കു് ഒരു വിവാഹാലോചന വന്നു. ചെറുക്കനു ബീഡി തെറുപ്പാണു്; ജോലി. ആളെ ഞാൻ കണ്ടു; ഒരുവിധം കാണാൻകൊള്ളുന്ന ചെറുപ്പക്കാരൻ. മൂന്നു പവന്റെ ആഭരണവും നൂറു രൂപായും സ്ത്രീധനം ആവശ്യപ്പെടുന്നു. ഞങ്ങാം ആലോചിച്ചു പറയാമെന്നു പറഞ്ഞു. ആ കാര്യം അമ്മയ്ക്കിഷ്ടമാണു്. അവാം പറയുന്നു ചേട്ടനോടു് എന്തൊക്കെയോ പറയാനുണ്ടെന്നു്. അതുകൊണ്ടു ഞാൻ മനസ്സിലാക്കുന്നതു് അക്കാര്യത്തിൽ അവക്കിഷ്ടമില്ലെന്നാണു്. ഇഷ്ടമുണ്ടായാലും പൊന്നും പണവും കൊടുക്കാനെന്തുചെയ്യും! ഇവിടത്തെ വിശേഷം ഇതൊക്കെയാണു്. പ്രത്യേകിച്ചു ചേട്ടനോടു് ഇവിടെ വന്നിട്ടുപോകുവാൻ അമ്മ പറയുന്നു എന്നെഴുതാൻ എന്നോടു പറഞ്ഞു. മറുപടി ഉടനെ അയക്കുമെന്നു വിശ്വസിച്ചുകൊണ്ടു്,

സ്വന്തം അനുജൻ,

രാമദാസൻ (ഒപ്പ്.)"

ജഗന്നാഥൻ എഴുത്തുമടക്കി കയ്യിൽ പിടിച്ചുകൊണ്ടു് ആലോചനാ നിമഗ്നനായിരുന്നു. അയാറം വീണ്ടും എന്തോ സംശയം പോക്കുവാനെന്നപോലെ എഴുത്തു തുറന്നു് ഇടയ്ക്കുള്ള ഒരു വാചകം

വായിച്ചു. എന്നിട്ട് അയാഠം ആലോചിച്ചു: "ഞാൻ അവിടെ ഉണ്ടായിരുന്നപ്പോഠം അമ്മ പടിഞ്ഞാറെ വീട്ടിലെ മുററമടിക്കാനും, ചായക്കടയിൽ അരിയിടിക്കാനും പോയിരുന്നില്ലല്ലോ." ജഗന്നാഥൻെറ കണ്ണുകഠം നിറഞ്ഞു. അയാഠം സമാധാനിച്ചു: "ലോകത്തിൽ എത്ര മനുഷ്യരാണു് അതിനേക്കാഠം നികൃഷ്ടമായ തൊഴിൽകൊണ്ടു ജീവിക്കുന്നതു്! ഒരു തൊഴിലുമില്ലാഞ്ഞിട്ടു് ഭിക്ഷയെടുക്കുന്നതു്! ഉം........"

എന്നാലും എന്തോ ഒരു മാനക്ഷയം അയാളുടെ ഹൃദയത്തെ ബാധിച്ചു. മററുള്ളവരോടു താരതമ്യപ്പെടുത്തുമ്പോഠം അതു സാരമില്ല. തൻെറ ഹൃദയം കുറച്ചുകൂടി വിശാലമാകുവാനുണ്ടെന്നു് അയാഠംക്കു തോന്നി. അല്ലെങ്കിൽ അമ്മയുടെ ജോലി കുറച്ചു താഴ്ന്നതാണെന്ന കാൎയ്യത്തിൽ എന്തിനാണു സങ്കടപ്പെടുന്നതു്!

അയാഠം വിചാരിച്ചു: "അമ്മയ്ക്കെന്നെ കാണണമെന്നു്. അവക്കൊരുപകാരവുമില്ലാത്ത എന്നെക്കാണുവാൻ അവരെ പ്രേരിപ്പിച്ചതെന്താണു്? ഞാനും അവരും തമ്മിലുള്ള ബന്ധമെന്താണു്? ഓ, ഹോ! അവരെൻെറ അമ്മയാണു്. ഞങ്ങളൊക്കെ ഇന്നത്തെ സാമൂഹ്യഘടനയിൽ ജീവിക്കുന്നവരല്ലേ? ബന്ധമുണ്ടു്; ഇങ്ങനെയൊരു ബന്ധമുണ്ടെന്നു മനുഷ്യൻ വിചാരിക്കാത്ത ഒരു കാലമുണ്ടാകുമ്പോഠം അവൻെറ ജീവിതം സമുദായത്തിന്നു കൂടുതൽ പ്രയോജനപ്പെടും........ആകട്ടെ, ബന്ധമുണ്ടു്.

"സാവിത്രിയെ കല്യാണംചെയ്യാൻവന്ന വങ്കനു പൊന്നും പണവും വേണം! കുറേ പണവും പൊന്നും. ഒരു സ്ത്രീയോടു ചേൎന്നുകഴിഞ്ഞാലേ അവഠം പുരുഷനോടൊപ്പം വരികയുള്ളു എന്നായിരിക്കും ആളുകളുടെ വിചാരം. മനുഷ്യസമുദായം ഇങ്ങനെ അധഃപതിക്കുന്നു. പണമില്ലാത്ത സ്ത്രീക്കു വിവാഹമില്ല. വിവാഹം ലഭിക്കാത്തവർ അഭിസാരികകളായി മാറുന്നു. ഭാൎയ്യയേയും കുട്ടികളേയും പുലർത്തുവാൻ തന്േറടമില്ലാത്ത പുരുഷന്മാർ വിവാഹംചെയ്യാൻ മടിക്കുന്നു. അങ്ങനെ ലോകം ഒരു വലിയ വ്യഭിചാരശാലയായി മാറുന്നു. ജനനം ചുരുങ്ങി മനുഷ്യസമുദായം അധഃപതിക്കും.

"ഞാൻ അവിടെ ചെന്നാൽ അമ്മയ്ക്കു സന്തോഷമാകുമെങ്കിൽ കൊള്ളാം. ഞാൻ അമ്മയെ കാണാം. പൊന്നും പണവും ആവശ്യപ്പെടാത്ത ഒരു ഭർത്താവിനെ അവൾക്ക കണ്ടുപിടിക്കുവാൻ സാധിക്കാതെ വരുമോ? തീർച്ചയായും സാധിക്കും. അവളെൻെറ സഹോദരിയാണ്. അവൾക്കെന്തോ എന്നോടു പറയുവാനുണ്ടെന്നു പറയുന്നതിലും അർത്ഥമുണ്ട്."

ജഗന്നാഥൻ എഴുന്നേററു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുവാൻ തുടങ്ങി. അയാളുടെ തലയിൽ തീപ്പൊരി ചിതറി. എന്തു ചെയ്യണം, എങ്ങോട്ടു പോകണം എന്നൊന്നും അയാൾക്ക നിശ്ചയമില്ലായിരുന്നു. ഗവേഷണത്തിലേർപ്പെട്ട ഒരു ശാസ്ത്രജ്ഞൻേറതുപോലെയാണ് അയാളുടെ മുഖം. അവ്യക്തങ്ങളും അവാച്യങ്ങളുമായ എന്തൊക്കെയോ അയാളുടെ തലയിൽ കെട്ടിമറിഞ്ഞു.

വാതുക്കൽവന്ന് ഒരു പയ്യൻ 'സാർ' എന്നു വിളിച്ചു. വിളികേട്ടിടത്തേയ്ക്കു തിരിഞ്ഞപ്പോൾ അവൻ ഒരു തുണ്ടുകടലാസു നീട്ടിക്കൊണ്ടു പറഞ്ഞു: "ഇതു സാറിനു തരാൻ മാനേജരു പറഞ്ഞു." ജഗന്നാഥൻ അതു വാങ്ങിച്ചു. അയാൾക്കറിയാമായിരുന്നു, ആ പയ്യനേതാണെന്നും ആ തുണ്ടുകടലാസിലെന്തായിരിക്കുമെന്നും: അയാൾ അവനോടു പറഞ്ഞു: "നീ പൊയ്ക്കോള്ളു! ഞാൻ അവിടെ വന്നു മാനേജരെ കാണാമെന്നു പറയൂ."

മുപ്പത്തഞ്ചു രൂപയ്ക്കു ഹോട്ടൽ മാനേജരുടെ ബിൽ! ജഗന്നാഥൻ വീണ്ടും ഉലാത്തുവാൻ തുടങ്ങി. അയാളുടെ ആലോചന ഇരട്ടിച്ചു. അയാൾ പിറുപിറുത്തു: "അതു മോശമാണ്." തൻെറ നടപ്പിനു വേഗതകൂട്ടി. ഒരു ഭ്രാന്തനെപ്പോലെ തലമുടി തന്നത്താൻ വലിച്ചുപറിച്ചിരുന്നു. വീണ്ടും അയാൾ മന്ത്രിച്ചു: "പിന്നെന്തുചെയ്യും?" അയാൾ കസാലയിൽ കിടന്നു. കണ്ണടച്ച് ആലോചനയായി. പത്തു മിനിട്ടു കഴിഞ്ഞു ചാടിയെഴുന്നേററു വാതിലടച്ചുപൂട്ടി, പുറത്തിറങ്ങി നടന്നു. സാധാരണ തൊഴിലാളികൾ ഊണുകഴിക്കാറുള്ള ഹോട്ടലിൽചെന്നു, നാലണ കൊടുത്ത് ഊണുകഴിച്ചു. ആരോടും ഒന്നും സംസാരിക്കാതെ ജഗന്നാഥൻ, കടൽപ്പുറത്തേയ്ക്കു നടന്നു.

എങ്ങും ഇരിപ്പുറപ്പിക്കാതെ രാത്രി പത്തു മണിവരെ അയാൾ അങ്ങിങ്ങുലാത്തി; ഒടുവിൽ താമസസ്ഥലത്തേയ്ക്കു മടങ്ങി. മുറി തുറന്നു തീപ്പെട്ടി തപ്പിയെടുത്തു് ഒരു മെഴുകുതിരിക്കഷണം കത്തിച്ചുവെച്ചു. അടുത്തുള്ള മുറിയിലെ ആളുകൾ ഉറങ്ങാൻ കിടന്നു. ജഗന്നാഥൻ തന്റെ മുറിയിൽ എല്ലായിടത്തും ഒരു പരിശോധന നടത്തി. ഒരിരുമ്പു വടിയെടുത്തു മറിച്ചും തിരിച്ചും നോക്കി. അതു മേശപ്പുറത്തു വെച്ചിട്ടു കസാലയിൽ വന്നുകിടന്നു് അയാൾ ആലോചിച്ചു:

“എന്താണിതിൽ മോശമുള്ളതു്? വല്ലവരും കണ്ടാലോ? ജീവിതം അവസാനിച്ചു. ആരും കാണുകയില്ല. കണ്ടാൽ പിടികൊടുക്കാതിരുന്നാൽ മതിയല്ലോ. ഇവിടന്നു കടന്നുകളയണം. നാട്ടുകാരും സ്നേഹിതന്മാരും അറിഞ്ഞാൽ!....ഓ, ആരറിഞ്ഞാലെന്താ?” ജഗന്നാഥൻ എഴുന്നേററു മെഴുകുതിരി കെടുത്തി. അയാളുടെ ശരീരം വിറച്ചു. ഹൃദയം വേഗത്തിൽ തുടിച്ചു. വീണ്ടും ജഗന്നാഥൻ കസാലയിൽ വന്നു കിടന്നു. “അവരൊക്കെ ഉറങ്ങിയിട്ടുണ്ടാകുമോ?”—അയാൾ ചിന്തിക്കാൻ തുടങ്ങി. “എന്തായാലും പാതിരാത്രി കഴിയട്ടെ. അല്ലെങ്കിൽ ഇന്നു വേണ്ട. ഹേ, നാളെയ്ക്കു വയ്ക്കുന്നതു ശരിയല്ല. ഞാൻ ആദ്യമെന്താണു ചെയ്യേണ്ടതു്. അവിടെ ചെല്ലുമ്പോൾ തോന്നുന്നതു ചെയ്യാം. ഇപ്പോൾ തീരുമാനിച്ചുറപ്പിക്കുന്നതു നന്നല്ല. അതെത്ര നിന്ദ്യമാണു്? വേണ്ട, എന്തായാലും വേണ്ട. അല്ലെങ്കിലെന്തും വരട്ടെ. പോവുകതന്നെ...കൂടുതൽ ചിന്തിക്കുന്നവർ കുറച്ചേ പ്രവർത്തിക്കയുള്ളു. കൂടുതൽ സംസാരിക്കുന്നവർ കുറച്ചേ ആലോചിക്കയുള്ളു. എന്തായാലും ഈ ചിന്ത ദൂരെ കളയണം.”

ജഗന്നാഥൻ മുണ്ടു നല്ലവണ്ണം മുറുക്കിയുടുത്തു; ഇരുമ്പുവടി അരയിൽ തിരുകി; വാതിൽ പതുക്കെച്ചാരി. അയാൾ പുറത്തേയ്ക്കിറങ്ങി. ചെടികളുടെ ഇടയിൽ ഒരനക്കം കേട്ടു. ഒന്നു ഞെട്ടി, പിന്നാക്കം തിരിഞ്ഞു രണ്ടടിവെച്ചു. വീണ്ടും അയാൾ തിരിഞ്ഞു നിന്നു, മുന്നോട്ടു നടന്നു, പാതയിലെത്തി, സ്വല്പനേരം അവിടെ സ്തംഭിച്ചുനിന്നു. ഇടത്തോട്ടു തിരിഞ്ഞു നടന്നു. അയാൾ വേഗത്തിൽ നടന്നു. ജഗന്നാഥന്റെ തുട വിറച്ചിരുന്നു, അയാൾ ശ്വാസോച്ഛ്വാ

സം ചെയ്തിരുന്നതു് വളരെ പ്രയാസപ്പെട്ടാണ്. കുറച്ചുദൂരം നടന്നിട്ടു് ഒരിടവഴിയിലേയ്ക്കു തിരിഞ്ഞു. എതിരെ ആരോ നടന്നുവരുന്നതു കണ്ടിട്ടു് അയാൾ അല്പം പരുങ്ങി, എങ്കിലും ധൈര്യമവലംബിച്ചു മുന്നോട്ടു നടന്നു. എതിരെ വന്നയാൾ കടന്നുപോയി. ജഗന്നാഥൻ ഒരു പീടികയുടെ ഉമ്മറത്തെത്തി. നക്ഷത്രപ്രകാശം വീശിയിരുന്ന ഇരുട്ടിലേയ്ക്കു് അയാൾ പകച്ചുനോക്കി. മുൻവശം എടുപ്പുപലകയുള്ള ആ പീടിക ഇരുമ്പഴിയിട്ടു പൂട്ടിയിരുന്നു. മൂന്നുഭാഗവും ഭിത്തിയായിരുന്നു. അതൊരു പലചരക്കു കടയാണ്. ഉള്ളിൽ ആളുണ്ടാകുവാൻ വഴിയില്ല. പുറത്താണു താഴിട്ടു പൂട്ടിയിരിക്കുന്നതു്. ജഗന്നാഥൻ പീടികയുടെ പിന്നിൽ ചെന്നുനിന്നു. ഭിത്തിയോടു ചേൎന്നു നിന്നുകൊണ്ടു ചുററുപാടും ഒന്നുകൂടി നോക്കി. അരയിൽ തിരുകി വെച്ചിരുന്ന ഇരുമ്പുവടി പുറത്തെടുത്തു.

അര മണിക്കൂർ കഴിഞ്ഞു. ഒരാളിനു കഷ്ടിച്ചു കടക്കുവാനുള്ള വലുപ്പത്തിൽ ഭിത്തിക്കൊരു ദ്വാരമുണ്ടായി. അയാൾ അകത്തുകടന്നു. അൽമേര തപ്പിപ്പിടിച്ചു. അതു വലിച്ചുനോക്കി. തുറക്കുന്നില്ല, പതുക്കെ ഒരു ചില്ലു പൊട്ടിച്ചു് ഉള്ളിലേയ്ക്കു കൈ കടത്തി. കുറെ തടിച്ച പുസ്തകങ്ങളിൽ കൈമുട്ടി. വേറൊരു ചില്ലുകൂടി പൊട്ടിച്ചു. അതിൽ കൂടി കൈയിട്ടപ്പോൾ മരത്തിൻെറ എന്തോ സാധനത്തിൽ കൈമുട്ടി. അതു മുഴുവനും തടഞ്ഞുനോക്കി. ഒരു ചെറിയ പെട്ടിയാണെന്നു മനസ്സിലായി. വലിച്ചു പുറത്തെടുത്തു. ഒച്ച കേൾക്കാതെ ഒന്നു കുലുക്കി. പണം കിലുങ്ങി ഒട്ടും താമസിച്ചില്ല. ജഗന്നാഥൻ പെട്ടിയും ഇരുമ്പുവടിയുമായി പുറത്തിറങ്ങി, ഓടിയും നടന്നും താമസസ്ഥലത്തു വന്നു്, തീപ്പെട്ടി തപ്പിയെടുത്തു മെഴുകുതിരി കൊളുത്തി. ഉടനെ പെട്ടിയുടെ പൂട്ടു കഴുത്തി അതു തുറന്നു. ആകെ അതിലുണ്ടായ ചില്ലറയും നോട്ടും എണ്ണിനോക്കി: പതിനൊന്നു രൂപാ ഏഴണ. ജഗന്നാഥൻ അമ്പരന്നു. കഷ്ടം! താൻ ഇത്ര ചെറിയൊരു തുകയ്ക്കുവേണ്ടി വലിയ ബുദ്ധിമുട്ടുകൾ സഹിച്ചതോൎത്തിട്ടു് ഇതു വേണ്ടില്ലായിരുന്നുവെന്നു തോന്നി, ഇനി അതു പൂൎവ്വസ്ഥാനത്തിലെത്തിക്കുവാൻ അതിലും

വിഷമം. അതവിടെ കൊണ്ടുചെന്നാലും ഇല്ലെങ്കിലും കാൎയ്യം വെളിക്കാകും. ഉടനെതന്നെ പണം മേശപ്പുറത്തു വെച്ചിട്ടു പെട്ടിയും ഇരുമ്പുവടിയുമായി പുറത്തിറങ്ങി; കുളിമുറിയുടെ സമീപം ഒരു കുഴി തിരിഞ്ഞു പെട്ടി അവിടെ നിക്ഷേപിച്ചു; കൈകാലുകളും വടിയും നല്ലവണ്ണം തേച്ചുകഴുകി മുറിയിലേയ്ക്കു വന്നു. അപ്പോഴുണ്ടു് അടുത്ത മുറിയിലെ താമസക്കാരൻ ജഗന്നാഥന്റെ മെഴുകുതിരിയിൽനിന്നു ബീഡി കത്തിക്കുന്നു. ജഗന്നാഥനെ കണ്ടയുടനെ അയാൾ ചോദിച്ചു:

"എന്താ മിസ്റ്റർ! വടിയുമായി എവിടെപ്പോയിരുന്നു?"

ജഗന്നാഥനു് എന്താണു പറയേണ്ടതെന്നു നിശ്ചയമില്ലായിരുന്നു. ഭയചകിതഭാവത്തോടെ അയാളെ ജഗന്നാഥൻ തുറിച്ചുനോക്കി. മറേറയാൾ എന്തെല്ലാമോ സംശയത്തോടുകൂടി അയാളുടെ മുറിയിലേയ്ക്കു പോയി. ജഗന്നാഥൻ വാതിലടച്ചുകിടന്നു. അയാൾക്കുറക്കം വന്നില്ല. അടുത്ത മുറിയിലെ മനുഷ്യന്റെ കാൎയ്യംമുഴുവനും മനസ്സിലായിട്ടുണ്ടെന്നുതന്നെ ജഗന്നാഥൻ വിചാരിച്ചു. അല്ലെങ്കിൽ അയാൾ വീണ്ടും സംസാരിക്കാഞ്ഞതെന്തുകൊണ്ടാണു്?—എന്നൊക്കെ വിചാരിച്ചുകിടന്നു വെളുപ്പാൻ കാലമായപ്പോൾ ഉറങ്ങിപ്പോയി.

പത്തുമണി കഴിഞ്ഞിട്ടും ജഗന്നാഥൻ ഉണൎന്നിട്ടില്ല. പീടികയിൽ കള്ളൻ കയറിയ വിശേഷം നാടുനീളെപ്പരന്നു. മോഷണംപോയ പെട്ടിയിലുണ്ടായിരുന്ന ഉറുപ്പിക നൂറുമുതൽ ആയിരംവരെയാക്കി ആളുകളുടെ ഇഷ്ടംപോലെ സംസാരിച്ചു. പോലീസന്വേഷണം തുടങ്ങി. സംശയമുള്ള പലരേയും പിടിച്ചുതല്ലുവാൻതുടങ്ങി. ജഗന്നാഥന്റെ അടുത്ത മുറിയിൽ താമസിച്ചിരുന്ന ആളും പീടിക കാണാൻചെന്നു. ഭിത്തിയുടെ ദ്വാരം കണ്ടവരെല്ലാം അതു് ഇരുമ്പുകമ്പികൊണ്ടു കുത്തിപ്പൊളിച്ചതാണെന്നഭിപ്രായപ്പെട്ടു. ഈ അഭിപ്രായങ്ങളും താൻ തലേന്നാൾരാത്രി ജഗന്നാഥന്റെ കയ്യിൽകണ്ട ഇരുമ്പുകമ്പിയും ഒക്കെക്കൂടി അയാളെ ചിന്താകുലനാക്കി. വളരെ ആളുകൾ ഒന്നിച്ചു ശ്രമിക്കുന്ന ഒരു കാൎയ്യത്തിനു് ആദ്യം വിജയിക്കുവാൻ പലരാലും പ്രശംസിക്കപ്പെടുന്നതു സാധാരണമല്ലേ? തന്റെ ഊഹം ഫലിച്ചെങ്കിലോ എന്നു കരുതി ജഗന്നാഥനെ ഇന്നലെ രാത്രി

മൂന്നു മണിയോടുകൂടി വെളിയിൽ എവിടന്നോ ഒരിരുമ്പു വടിയോടുകൂടി വരുന്നതു താൻ കണ്ടുവെന്നു് അയാൾ പീടികക്കാരനോടു പറഞ്ഞു. പീടികക്കാരൻ അതു കേട്ടമാത്രയിൽ വിവരം പോലിസിനെ അറിയിച്ചു. ഉത്തരക്ഷണം മൂന്നുനാലു പോലിസുകാർ ജഗന്നാഥൻെറ മുറിവാതുക്കൽ മുട്ടി. അയാൾ വാതിൽ തുറന്നു. ഒരു കോൺസ്റ്റബിൾ പറഞ്ഞു: "തന്നെ അറസ്റ്റു ചെയ്തിരിക്കുന്നു."

ജഗ്ന്നാഥൻ നിശ്ചലനായി നിന്നു.

---

# ആശ്വാസ നിശ്വാസം

സുകുമാരൻെറ കൈയിൽ ഒരുറുപ്പികയുണ്ടായിരുന്നു. ഒരു മഹാലോകം വെട്ടിപ്പിടിക്കുവാൻവേണ്ടി അയാൾ സൂക്ഷിച്ചുപോന്ന തൻെറ ആയുധം---തൂലിക---മൂന്നു രൂപായ്ക്കു വിററു, രണ്ടുരൂപ ഒരു കടക്കാരനു കൊടുത്തതിൻെറ ബാക്കി. ആ ഒരുറുപ്പികയ്ക്കു മൂവായിരം ആവശ്യങ്ങളും അയാൾ കണ്ടു. ഒടുവിൽ ഒരു മുണ്ടു വാങ്ങിക്കുവാൻ തീരുമാനിച്ച്, രാജൻ ആ പത്രമാപ്പീസിൽനിന്നു പുറത്തേക്കിറങ്ങി.

രാജൻെറ മുണ്ടും ഷർട്ടും കീറിയതും മുഷിഞ്ഞതുമായിരുന്നു. അയാൾ അങ്ങാടിയിലുള്ള തുണിച്ചരക്കുകടകളെ ലക്ഷ്യമാക്കി നടന്നു: എനിക്കു ധാരാളം സംസാരിക്കുവാൻ തോന്നി. എങ്കിലും, വഴിയിൽകണ്ട പരിചയക്കാരിലാരോടും ഞാൻ സംസാരിച്ചില്ല. എൻെറ സംസാരം കേൾക്കുവാൻ ക്ഷമയുള്ളൊരു ഹൃദയമില്ലെന്നെനിക്കറിയാം. എൻെറ സാന്നിദ്ധ്യം, പല സുഹൃത്തുക്കളുടേയും മാന്യതയെ ക്ഷതപ്പെടുത്തീട്ടുണ്ട്. അപ്പോഴെല്ലാം അവർ എന്നോടു കാണിച്ചിട്ടുള്ള ദയനീയമായ ദയയും, അസഹനീയമായ അനുകമ്പയും എന്നെന്നും സ്മരണീയമാണ്. അവരൊക്കെ നിലയും വിലയുമുള്ളവരാണ്. അതുകൊണ്ട് എനിക്കു തോന്നുന്നു, അവർ എന്നോടു വല്ലതും മിണ്ടുന്നുണ്ടെങ്കിൽ അതൊരു മഹാ ത്യാഗമാണെന്ന്.

എനിക്കു സംസാരിക്കുവാൻ തോന്നിയതിൽ പലതും എന്നോടുതന്നെ സംസാരിച്ചു. ഞാൻ ഒരു തുണിച്ചരക്കു കടയുടെ മുന്നിലെത്തി. നിസ്സങ്കോചം, ആയിരം രൂപാ കൈയിലുള്ളവൻെറ അന്തസ്സോടുകൂടി, പീടികയിലേയ്ക്കു കയറി. പലതരത്തിലുള്ള മുണ്ടുകൾക്കു വില ചോദിച്ചു. അവിടെ രണ്ടു രൂപായിൽകുറഞ്ഞ മുണ്ടില്ല. അവിടന്നിറങ്ങി. വേറെ ചില കടകളിൽ ചെന്നു. അവിടങ്ങളിലേയും അനുഭവം തഥൈവ. ഒരു രൂപാ വിലയുള്ള മുണ്ടന്വേഷിച്ചുചെന്ന

എന്നെ നോക്കി പലരും അത്ഭുതപ്പെട്ടു. എന്റെ ശ്മശ്രുനിബിഡമായ മുഖവും, അലങ്കോലപ്പെട്ട തലയും കണ്ടിട്ട് എനിക്കു 'പിരിയിളക്ക'മുണ്ടെന്നു ചിലർ പറഞ്ഞു. ഞാൻ മൂണ്ടു വാങ്ങാതെ മടങ്ങി.

അന്നു വെള്ളിയാഴ്ചയായിരുന്നതുകൊണ്ടു ചന്തയിൽ തുണിച്ചരക്കു ലേലം വിളിക്കുന്നുണ്ടാകുമെന്നു കരുതി ഞാൻ അങ്ങോട്ടു തിരിച്ചു. ജനപ്രവാഹമുള്ള പാത. ഞാൻ ആരുടേയും മുഖത്തുനോക്കാതെ വേഗത്തിൽ നടക്കുകയായിരുന്നു. ചന്തസ്ഥലമടുത്തു. 'എടോ!' എന്റെ വളരെ അടുത്തു പിന്നിൽനിന്ന് ആരോ വിളിച്ചു. ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ,സ്വാഭാവികമായ കൃത്രിമമന്ദഹാസമുള്ള സീ. യുടെ മുഖം. അയാൾ ചോദിച്ചു:—

'എന്താ, ഇത്ര തിടുക്കത്തിൽ?'

'വെറുതെ; ഒന്നു ചന്തയിലേയ്ക്കു്'

'ജോലി ഒന്നുമായില്ലേ?'

'ഇല്ല; ശ്രമിച്ചുവരുന്നു.'

'എന്തു ശ്രമമാണെടോ ഇതു്? തനിക്കെന്തെങ്കിലും ജോലിയിൽ ഏർപ്പെടാൻ പാടില്ലേ? ആ തന്തയും തള്ളയും തന്റെ കൈകൊണ്ടു ഒരു ദിവസത്തെ ആഹാരം കഴിച്ചിട്ട് അവരുടെ പ്രാണൻ പോയികൊള്ളട്ടെ!'

'അതിനുതന്നെയാണു ശ്രമിക്കുന്നു എന്നു പറഞ്ഞതു്.'

'താൻ വാസ്തവത്തിൽ സമുദായത്തിനു് ഒരു 'ന്യൂസെൻസാണ്'. എത്രനാൾ ഇങ്ങനെ അന്യരെ ചൂഷണംചെയ്തു ജീവിക്കും? മനുഷ്യരായാൽ ഇതിനൊക്കെ ഒരതിരുവേണ്ടെ? ചിലരെല്ലാം തന്നെപ്പററി പറയുന്നകേട്ടിട്ട് എനിക്കു സങ്കടവും നാണവും വരുന്നു.'

എന്റെ ശക്തിഹീനങ്ങളായ സിരകളിൽക്കൂടി രക്തം വേഗത്തിലോടി. ഞാൻ ശാന്തത അഭിനയിച്ചുകൊണ്ടു ചോദിച്ചു.

'ഉം—എന്തൊക്കെയാണഭിപ്രായം? പറയാവുന്നതാണെങ്കിൽ കേൾക്കട്ടെ!'

'അഭിപ്രായമെന്തൊക്കെയാണെന്നു പറയാം. അതു പറഞ്ഞതാരാണെന്നും മററും ചോദിക്കരുത്. ഒന്നു തീർച്ചയാണ്. അവയുടെ പിന്നിൽ നില്ക്കുന്നതു മാന്യരായ ചില വ്യക്തികളാണ്.'

'ഇല്ല; ആളുകളെ അറിയണമെന്നില്ല.'

'താൻ കേവലം ഒരു തെണ്ടിയായി അധഃപതിച്ചുപോയെന്നു ചിലർ; തനിക്കു ഭ്രാന്താണെന്നു മററു ചിലർ; വേറെ ചിലർ അഭിപ്രായപ്പെടുന്നതു ഞാൻ പറയുന്നില്ല.'

'അതുംകൂടിപ്പറയൂ! ഏതാണു വാസ്തവമെന്നറിയാമല്ലോ.'

'തനിക്കു കല്യാണം കഴിക്കാഞ്ഞിട്ടാണെന്നു—'

ഞാൻ പൊട്ടിച്ചിരിച്ചുപോയി. കല്യാണം!

കുറച്ചുനേരത്തെ മൌനത്തിനുശേഷം ഞാൻ പറഞ്ഞു:—

'അവരു പറയുന്നതൊക്കെ പരമാർത്ഥമാണ്. പക്ഷെ, അതിലൊരു വാക്കിനെങ്കിലും എന്നിൽ ഒരു കടുകിടമാററം വരുത്തുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. വേണമെങ്കിൽ അവരുടെ അഭിപ്രായം നിങ്ങളുടേതാക്കിക്കൊള്ളു! എനിക്കതിൽ സങ്കടമില്ല. ഞാൻ പോകുന്നു, നമസ്ക്കാരം!'

ഞാൻ ചന്തയിലേക്കു പോയി. മീശയും തൊപ്പിയുമുള്ള ഒരു മനുഷ്യൻ ഒരു പെട്ടിപ്പുറത്തു കയറിനിന്നുകൊണ്ട് ഒരു മുണ്ടു നിവർത്തിപ്പിടിച്ചിരിക്കുന്നു. അയാളുടെ നാവ് ഉച്ചത്തിൽ ഇടവിടാതെ ശബ്ദിക്കുന്നു. വളരെ ആളുകൾ ആ മുഖത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ടു ചുററും കൂടിനില്ക്കുന്നു....മുണ്ടുകൾ പലതും വിളിച്ചുറപ്പിച്ചു. അയാൾ രണ്ടിടത്തു ചെറിയകീറലുള്ള ഒരു മുണ്ടെടുത്തു നിവർത്തി എട്ടണമുതൽ വിളിക്കാൻ തുടങ്ങി. ആളുകൾ പതിമൂന്നണവരെ വിളിച്ചു. ഞാൻ പിന്നിൽനിന്നു പതിമ്മൂന്നര അണ പറഞ്ഞു. ഒരു നിമിഷം കഴിയുന്നതിനുമുമ്പ് അയാൾ മുണ്ടു ചുരുട്ടിക്കൂട്ടി എൻെറ നേക്കെറിഞ്ഞു. വേറൊരാൾ ആൾത്തിരക്കിനിടയിൽക്കൂടി പുറത്തേക്കുവന്നു പണം ചോദിച്ചു. ഞാൻ കീശയിൽനിന്ന് ഒററനോട്ടെടുത്തു കൊടുത്തു. രണ്ടരയണ ബാക്കി വാങ്ങിച്ചുകൊണ്ടു ചന്തസ്ഥലം വിട്ടു.

അടുത്തുള്ള ഒരു ചായക്കടയിൽ ക്കയറി ഒന്നരണയ്ക്കു ചായയും പലഹാരവുംകൂടിക്കഴിച്ചു; അവിടന്നുതന്നെ അല്പം കടലാസു വാങ്ങി

മുണ്ടു ഭദ്രമായിപ്പൊതിഞ്ഞു; പുറത്തിറങ്ങി അരയണകൊടുത്തു് ഒരു സിഗററവാങ്ങി കത്തിച്ചു പുക വിട്ടുകൊണ്ടു തെക്കോട്ടു നടന്നു. തലയ്ക്കു് ഘനം കുറഞ്ഞതുപോലെ എനിക്കു തോന്നി. ഒരു ഏക്കർ ഭൂമി വാങ്ങിച്ച തീറാധാരവുംകൊണ്ടു റജിസ്ത്രാപ്പീസിൽ നിന്നിറങ്ങിയ ഒരുവന്റെ സന്തോഷത്തോടുകൂടി ഞാൻ നടന്നു. പ്രസന്നമായ ആകാശം. ഇളംകാററു വീശിക്കൊണ്ടിരുന്നു. വെയിലിന്റെ ചൂടറിഞ്ഞില്ല. 'വൈൻ' കുടിച്ചപോലെ ഒരു മത്തു് എന്നെ ബാധിച്ചു. കുറച്ചടി നടന്നപ്പോൾ വായനശാല കണ്ടു.

പാതവക്കിൽ നിന്നുകൊണ്ടു സിഗററു മുഴുവനും വലിച്ചു. വായനശാലയിലേയ്ക്കു കയറി. പല യുവാക്കളും നിശ്ശബ്ദരായി വായിച്ചിരുന്നു. മുണ്ടുപൊതി കക്ഷത്തിൽ ഇറുക്കിപ്പിടിച്ചു ഞാൻ മേശപ്പുറത്തുനിന്നു് ഒരു 'വാരിക'യെടുത്തു ഒഴിഞ്ഞൊരു ബെഞ്ചിൽച്ചെന്നിരുന്നു പുറംപേജ് മലർത്തിയതും 'അജ്ഞാതഗായകൻ' എന്ന വലിയ അക്ഷരങ്ങളാണു ഞാൻ കണ്ടതു്. അതിനുതാഴെ—അംബുജാക്ഷൻ എന്നും. ആ മുഴുവൻ പേജുമുള്ള ഒരു കവിത—എന്റെ കണ്ണുകൾ മഞ്ഞളിച്ചു. ഞാൻ അതു മുഴുവനും കണ്ണെടുക്കാതെ വായിച്ചു. വീണ്ടും ഞാൻ പേജുകൾ മറിച്ചില്ല. എന്റെ നാവു ശബ്ദിച്ചുപോയി:—"അംബുജാക്ഷൻ." ഞാൻ ഒരു നെടുവീർപ്പോടുകൂടി വാരിക മേശപ്പുറത്തിട്ടിട്ടു പുറത്തേയ്ക്കിറങ്ങി.

ഞാൻ അംബുജാക്ഷനെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടു തെക്കോട്ടുനടന്നു. പാവം! അംബുജാക്ഷൻ! കീർത്തിയുടെ മകുടം ചൂടി മാളികപ്പുറത്തു കയറിയിരിക്കുന്ന അംബുജാക്ഷൻ! ധനികനായ ആ വിദ്യാർത്ഥി! കവിതയുടെ ഗന്ധമെന്തെന്നറിയാത്ത ആ പരിഷ്ക്കാരപ്പുള്ളപ്പൻ. മൂന്നണ ചിലവഴിച്ചു് ഒരു കവിയായ കഥ ലോകമറിയുമോ! ആരാണു ഉറക്കമിളച്ചു, തലച്ചോറു പുകഞ്ഞു് ആ കവിതയെഴുതിയതു്? അവനെന്താണു പ്രതിഫലം? മൂന്നണ. എന്റെ തല കറങ്ങി. രണ്ടാഴ്ചയ്ക്കുമുമ്പാണു ഞാൻ അംബുജാക്ഷനു് ആ കവിത വിററതു്. രണ്ടു മുഴുപ്പട്ടിണി കിടന്നതിനുശേഷം ഞാൻ ആ മൂന്നണയ്ക്കും ഒന്നിച്ചു ചായകുടിച്ചു. അങ്ങിനെ ഞാൻ എത്ര കവികളെയാണു സൃഷ്ടിച്ചിരിക്കുന്നതു്!

എൻെറ ചിന്തയിൽ തീപ്പൊരികഠം ചിതറി. സി. യുടെ വാക്കുകളെക്കുറിച്ചു ഞാൻ ആലോചന തുടങ്ങി. 'സമുദായത്തിനു നിങ്ങഠം ഒരു ന്യൂസെൻസാണ്. ഇങ്ങനെ എത്രനാഠം അന്യരെ ചൂഷണംചെ ജീവിക്കും?' ഇങ്ങനെ തന്നേയല്ലേ അയാഠം പറഞ്ഞതു്? വളരെ അത്ഥമുള്ള വാക്കുകഠം! ആ അഭിപ്രായങ്ങഠം അയാളുടെ സ്വന്തമായിരിക്കുമോ? അല്ലെങ്കിൽ ആരാണു് എന്നെക്കുറിച്ചു് ഇങ്ങനെയൊക്കെപ്പറയാനുള്ളതു്? അറിയാത്തതിനെക്കുറിച്ചു് അബദ്ധങ്ങഠം പുലമ്പിയും വ്യക്തിത്വം സ്ഥാപിക്കുവാൻ ശ്രമിക്കാത്തൊരു വിഡ്ഢിയെക്കാണുമോ? അല്ലെങ്കിൽ ഞാനെന്തു കുററമാണു ചെയ്തിട്ടുള്ളതു്? ഞാൻ 'ശമ്പളത്തിനിരക്കുവാൻ' പോകുന്നില്ലെന്നാണു് അവർ പറയുന്നതു്. കഴുതയെപ്പോലെ വേലയെടുക്കുകയും പോത്തിനെപ്പോലെ തിന്നുകയും ചെയ്യുന്നവരെയാണു ലോകത്തിനിഷ്ടം. ഹൃദയത്തെ മരവിപ്പിക്കാൻ കഴിയാത്തവരും ചിലരുണ്ടെന്നു് അവക്കു വിശ്വാസമില്ല. ഹൃദയംകൊണ്ടു ജീവിക്കുന്നവരുടെ ജീവിതപരാജയം കണ്ടിട്ടാണു മററുള്ളവർ അവരുടെ ബുദ്ധിക്കു മൂർച്ച കൂട്ടുന്നതു്. ഞാൻ തെണ്ടിയാണെന്നയാഠം പറഞ്ഞല്ലൊ. തെണ്ടികഠം ചൂഷണക്കാരാണോ? ആ പ്രാസംഗികനു ചൂഷണത്തിൻെറ അത്ഥമറിഞ്ഞുകൂട—ഇങ്ങനെ ഞാൻ നിരവധി ചിന്തകഠംക്കധീനനായി മന്ദംമന്ദം നടന്നിരുന്നു.

പാതവക്കിൽ, ഒരു വീട്ടിൻെറ പടിക്കൽ ഒരു യുവതി നിന്നിരുന്നു. അവഠം എൻെറ ശ്രദ്ധയെ ആകർഷിച്ചു. ചുരുണ്ട തലമുടി, തുടുത്ത കപോലങ്ങഠം, മാംസളമായ മാറിടം, ഒതുങ്ങിയ അരക്കെട്ടു്, പൊക്കം കുറഞ്ഞു് ഇരുനിറം. അവളെ എനിക്കു നല്ല പരിചയമുണ്ടു്. അവളെക്കണ്ടമാത്രയിൽ ഞാൻ നിന്നു. ഞങ്ങഠം പരസ്പരം പുഞ്ചിരിച്ചു: അവഠം പറഞ്ഞു:

'വളരെ നാളായല്ലൊ കണ്ടിട്ടു്. എവിടെയായിരുന്നു?'

'ഇവിടെത്തന്നെയുണ്ടായിരുന്നു.'

'ഇങ്ങോട്ടെങ്ങും വരാതിരുന്നതെന്താണു്?

'സൗകര്യപ്പെടാഞ്ഞിട്ടു്.'

'വഴിയിൽ നിൽക്കണ്ട, കയറൂ.'

അവളുടെ പിന്നാലെ ഞാൻ വീട്ടിലേയ്ക്കു കയറി. അവിടെ ആദ്യമായിക്കണ്ട ചാരുകസാലയിൽ ഞാൻ ഇരുന്നു.

ഞാൻ ചോദിച്ചു:—

'മറേറ സ്ത്രീയെവിടെ?'

'അവരു് വീട്ടിൽപ്പോയി.'

'അപ്പോഠം തങ്കമ്മ തനിച്ചാണല്ലോ?'

'അതെ, തനിച്ചാണു്. എന്താണു പൊതിയിൽ?'

'ഒരു മുണ്ടു്.'

'ഭാര്യയ്ക്കാണോ?'

'ഭാര്യയുള്ളവക്കേ മുണ്ടു വാങ്ങിക്കൂടുന്നുണ്ടോ?'

'കല്യാണം കഴിച്ചോ എന്നറിയാൻ വേണ്ടിയാണു ഞാൻ അങ്ങനെ ചോദിച്ചതു്.'

'കല്യാണം കഴിച്ചിട്ടില്ല. മുണ്ടെനിക്കുടുക്കുവാനാണു്. ഞാൻ പോകട്ടെ'.

'ഇന്നിവിടെ താമസിക്കാം.'

'ഇല്ല.......എൻെറ കൈയിൽ അരയണ മാത്രമേ ഉള്ളു.'

'അണയോ രൂപയോ ഉള്ളതെന്നെനിക്കറിയേണ്ട ! ഇന്നിവിടെ താമസിക്കാമെന്നാണു ഞാൻ പറഞ്ഞതു്.'

'ഇതിനുമുമ്പു ഞാൻ പണമില്ലാതെ ഇവിടെ വന്നിട്ടില്ലല്ലോ. തങ്കമ്മ ഇപ്പോഠം പറഞ്ഞ വാക്കു നിങ്ങളുടെ "ജാതി"ക്കാരാരും പറയുകയില്ലല്ലൊ!'

അവഠം കരയാൻ തുടങ്ങി. ഞാൻ അത്ഭുതപ്പെട്ടു. ഒരു വേശ്യയ്ക്കു കണ്ണുനീരുള്ളതായി ഞാൻ കേട്ടിട്ടുമില്ല. തങ്കമ്മ വാസ്തവത്തിൽ ഹൃദയം നൊന്തുകരഞ്ഞു. അവളുടെ കരച്ചിലിൽ എനിക്കും ഒരു വല്ലായ്മ തോന്നി. അവഠം ആരാണെങ്കിലും ഒരു സ്ത്രീയല്ലേ! ഞാൻ ചോദിച്ചു:

'എന്തിനാ തങ്കമ്മ കരയുന്നതു്?'

നിശ്ശബ്ദം!

 81937

ഞാൻ എൻെറ ചോദ്യം പലതവണ ആവൎത്തിച്ചു. അവരം മിണ്ടിയില്ല. എൻെറ നേരെ നോക്കിയില്ല. തല കനിച്ചുനിന്നു കരഞ്ഞു. ഞാൻ എഴുന്നേററുചെന്നു് അവളുടെ കയ്യിൽപിടിച്ചു ചോദിച്ചു:—

'പറയൂ തങ്കമ്മേ! എന്തിനാ കരയുന്നതു്?'

'വെറുതെ.'

'വെറുതെയാണെങ്കിൽ ഒന്നു ചിരിക്കരുതോ? വരൂ.'

ഞാൻ അവളുടെ കൈകളപിടിച്ചു വലിച്ചു. ഒരു പൈതലിനെ പ്പോലെ അവരം എന്നെ അനുഗമിച്ചു. ഞങ്ങരം രണ്ടുപേരും തെക്കെ മുറിയിലുള്ള മെത്തവിരിച്ച കട്ടിലിലിരുന്നു. ഞാൻ അവളുടെ വലതു കൈ എൻെറ ഇടത്തുകയ്യിൽ വച്ചുകൊണ്ടു ചോദിച്ചു:—

'ഇനിപ്പറയൂ! എന്തു വിചാരിച്ചാണു കരഞ്ഞതു്?'

'ഞാൻ ......ഒരു........നിങ്ങളുടെ....പണം....എനിക്കുവേണ്ട. അവരല്ലേ എൻെറ....മേൽനോട്ടം? ഞാനെന്തു....ചെയ്യാം. ഇന്നു പോകരുതു്.'

'അവരോ, തങ്കമ്മയൊ എന്നോടു പണം വാങ്ങിയിട്ടുള്ളതിനു ഞാൻ കുററം പറഞ്ഞോ? പിന്നെ പണം വാങ്ങാതെ നിങ്ങളെങ്ങനെ ജീവിക്കും?'

അവരം കണ്ണുനീർ തുടച്ചു. എൻെറ മുഖത്തേക്കു് ആൎദ്രതയോടെ ഒന്നു നോക്കി. അതിൽ ഒരു സ്ത്രീയുടെ യഥാൎത്ഥഹൃദയം ഞാൻ തെളിഞ്ഞു കണ്ടു. ഒരു അഭിസാരികക്കു് വഞ്ചനയിൽപ്പൊതിഞ്ഞ പുഞ്ചിരിയും കുടിലമായ കടാക്ഷവും മാത്രമേ ഉള്ളുവെന്നാണു ഞാൻ വിശ്വസിച്ചിരുന്നതു്. അവരം എന്നോടു കുറച്ചുകൂടി അടുത്തിരുന്നു. എന്നോടു ചോദിച്ചു:—

'എന്താണു ഷർട്ടും മുണ്ടും ഇത്ര മോശമായിരിക്കുന്നതു്? വേറെ യില്ലേ?'

ആ ചോദ്യം എനിക്കല്പം ആശ്വാസം നൽകി. എന്നോടു എൻെറ സുഹൃത്തുക്കളിലാരും ചോദിച്ചിട്ടില്ലാത്ത ചോദ്യം. ഞാൻ പറഞ്ഞു:

'വേറെയില്ല.'

'ഇന്നു ചോറുണ്ടോ ?'

'ചായ കുടിച്ചു.'

'ചോറിരിപ്പുണ്ട്. അല്പം ഉണ്ണാം.'

'വിരോധമില്ല.'

ഞാൻ ഊണുകഴിച്ചു. ചാരുകസാലയിൽ വന്നുകിടന്നു. തങ്കമ്മ ഒരു സിഗററു പാക്കററും തീപ്പെട്ടിയും കൊണ്ടുവന്നിട്ടു പറഞ്ഞു: 'ഇതു് അവരു് വാങ്ങിച്ചു വെച്ചിരുന്നതാണ്.' ഞാൻ പാക്കററു തുറന്നു. രണ്ടു സിഗററും രണ്ടുമൂന്നു നോട്ടും. ഞാൻ നോട്ടു പുറത്തെ യ്യെടുത്തു നിവർത്തി നോക്കി. രണ്ടു പത്തിൻേറയും ഒരു അഞ്ചിൻേറയും. ഞാൻ പറഞ്ഞു: 'ഇതും അവരു വെച്ചിരിക്കുന്നതായിരിക്കും. കൊണ്ടു പോയി സൂക്ഷിച്ചു വെയ്ക്കുക!'

'ഇല്ല. അതു ഞാൻ വെച്ചിരുന്നതാണ്. പോക്കററിലിട്ടുകൊള്ളൂ!'

'വേണ്ട: എനിക്കു പണത്തിനാവശ്യമില്ല.'

ആ പണം അവരു സമ്പാദിച്ച മാർഗ്ഗത്തെപ്പററി ഞാൻ വിചാരിച്ചപ്പോരു എനിക്കൊരവജ്ഞ തോന്നി. അവരു പറഞ്ഞു:—'ഇതെൻേറ സ്വന്തം സമ്പാദ്യമാണ്. ഇതു നിങ്ങരു സ്വീകരിക്കണം. ഇതു സ്വീകരിക്കാതിരുന്നാൽ—'

'തങ്കമ്മ എന്തിനാണ് ഇത്ര ദയവെന്നോടുകാണിക്കുന്നതു്?'

ഞാൻ 'ദയ'വെന്നുപയോഗിച്ചതു് അവരുക്കു രസിച്ചില്ല. അവരു എൻേറ മുൻപിൽ വന്നുനിന്നു പറഞ്ഞു:—

'ഞാൻ ഒരു വേശ്യയാണ്. ലോകത്തിൽവെച്ചു് ഏററവും കൊള്ളരുതാത്ത തൊഴിലിലേർപ്പെട്ടിരിക്കുന്നവരു. ഞാൻ അവരുടെകൂടെ വന്നുപെട്ടിട്ടു മൂന്നു കൊല്ലമായി. അതിനുമുമ്പു ഞാൻ ആരോടുകൂടിയും വ്യഭിചരിച്ചിട്ടില്ല. ആരെയെങ്കിലും സ്നേഹിക്കണമെന്നെനിക്കു തോന്നിയിട്ടുണ്ടു്. പക്ഷെ, എന്നെ സ്നേഹിക്കുവാൻ ആരേയും ഞാൻ കണ്ടില്ല. നിങ്ങരു ഇവിടെ സാധാരണന്മാരുടെ കൂട്ടത്തിലാണു വന്നിരുന്നെങ്കിലും എനിക്കു നിങ്ങളുടെ വരവിൽ പ്രത്യേക ആഹ്ലാദമുണ്ടായിരുന്നു. നിങ്ങളുടെ വാക്കുകരു എന്നെ വളരെ സന്തോഷിപ്പിച്ചിട്ടുണ്ടു്. എൻേറ ഹൃദയത്തിൻേറ ഒരു

കോണിൽ നിങ്ങളെക്കുറിച്ചുള്ള ഓർമ്മ എപ്പോഴും നിലനിന്നുപോന്നു. പക്ഷെ, നിങ്ങൾ വന്ന ദിവസങ്ങളിലെല്ലാം അവരും ഇവിടെ ഉണ്ടായിരുന്നു. അവരുടെ മുമ്പിൽവെച്ച് എനിക്കാരോടും ഒരു പ്രത്യേകത കാണിക്കാൻ പാടില്ല. അവക്കു സംശയം തോന്നും. അവരെൻെറ യജമാനത്തിയാണ്. എൻെറ ജീവിതത്തിൽ ഞാൻ ഒരു നല്ലതു ചെയ്യുന്നതായി കണക്കാക്കട്ടെ! ഈ രൂപാ നിങ്ങൾ സ്വീകരിക്കണം. കൂടാതെ നിങ്ങളെ ഞാൻ സ്നേഹിക്കുവാൻ എനിക്കനുമതി തരണം. എന്നെ നിങ്ങൾ വിവാഹം കഴിക്കുവാനോ മറേറാ ഉദ്ദേശിച്ചല്ലാ ഞാൻ ഇതു പറയുന്നത്. എന്നാലും, വല്ലപ്പോഴും സമയം കിട്ടുമ്പോൾ, ഇവിടെ വന്നുകൊണ്ടിരിക്കണം. എനിക്കു കാണുകയെങ്കിലും ചെയ്യാമല്ലൊ. ഞാൻ അധഃപതിച്ചുപോയി.'

തങ്കമ്മ കരയാൻ തുടങ്ങി. ഞാൻ വൈദ്യുതപ്രവാഹമേററ പോലെ ഇരിക്കുകയായിരുന്നു. 'ലോകത്തിൽ എന്നെ ഒരു വേശ്യയെങ്കിലും സ്നേഹിക്കുന്നുണ്ടല്ലൊ' എന്നോർത്തു ഞാൻ ഒന്നു നിശ്വസിച്ചു.

# നിഴലുകൾ

വിവാഹങ്ങൾ നടക്കുന്നു. സ്ത്രീകൾ പ്രസവിക്കുന്നു. ലോകത്തിലെ നിത്യ സംഭവങ്ങൾ............

പാതിരാത്രി കഴിഞ്ഞു. ആ കുടിലിൽനിന്നു് ഒരു കരച്ചിൽ കേട്ടു. മൃദുലമായ ഒരു കരച്ചിൽ. മുററത്തു നിന്നിരുന്ന കോരൻെറ ഹൃദയം സന്തോഷംകൊണ്ടു നിറഞ്ഞു. അതു ഫുട്ബോൾപോലെ വീർത്തു. അഞ്ചു കൊല്ലമായി ആ കരച്ചിൽ കേൾക്കുവാൻ അവൻ കൊതിക്കുന്നു. അവൻ പല ദൈവങ്ങൾക്കും നേർച്ചയും വഴിപാടുകളും കൊടുത്തു: ഹിന്ദു ദൈവങ്ങൾക്കും ക്രൈസ്തവ ദൈവങ്ങൾക്കും. ഒടുവിൽ ഗർഭാശയസംബന്ധമായ ഒരു ശസ്ത്രക്രിയക്കുശേഷം 'ചീരു' പ്രസവിച്ചു. അവൻ ഇരുട്ടിൽനിന്നു മന്ദഹസിച്ചു. അകത്തുള്ള ഒരു സ്ത്രീയെ വിളിച്ചു ചോദിച്ചു: "കുട്ടിയെന്താ?" "ആണു്."

കോരനു മോഹമുണ്ടായി, ആ കുട്ടിയുടെ മുഖമൊന്നു കാണാൻ. പക്ഷെ, അയലത്തെ സ്ത്രീകൾ—അവരൊക്കെ എന്തു വിചാരിക്കും! അവൻ ഒരു നെടുവീർപ്പു വിട്ടു. അകത്തുനിന്നു് ആ നേരിയ കരച്ചിൽ വീണ്ടും പുറപ്പെട്ടു.

കുട്ടിയെ എന്തു പേരാണു വിളിക്കേണ്ടതെന്നു കോരൻ ചിന്തിച്ചു. പഴയതും പുതിയതുമായ അനേകം നാമങ്ങളുടെ പിന്നാലെ അവൻെറ ഭാവന സഞ്ചരിച്ചു. ഒടുവിൽ, അതു് അവളോടുംകൂടി ചോദിച്ചിട്ടാവാമെന്നു് അവൻ നിശ്ചയിച്ചു. പിന്നിൽ കൈ കെട്ടിക്കൊണ്ടു് അവൻ മുററത്തു ലാത്തി. ആ ചോരക്കുഞ്ഞു് അതിൻെറ പല്ലവി ആവർത്തിച്ചു. കോരൻെറ ഹൃദയം വേഗത്തിൽ മിടിച്ചു. അവൻെറ സിരകളിലെ രക്തം ശീഘ്രത്തിൽ സഞ്ചരിച്ചു. നക്ഷത്രങ്ങൾ അവനെ നോക്കിച്ചിരിച്ചു.

ദിവസങ്ങൾ കഴിഞ്ഞുകൊണ്ടിരുന്നു. രഘുവരൻ വളൎന്നുവന്നു. അവനെ കോരൻ ലാളിച്ചു. ചീരു ശുശ്രൂഷിച്ചു. പ്രകൃതി അവനെ അനുകൂലിച്ചു. അവൻ വ്യക്തമായി കരയുകയും ചിരിക്കുകയും ചെയ്തു. കിട്ടിയതെല്ലാം അവൻ ഭക്ഷിച്ചു.

അവൻ കുറേശ്ശെ സംസാരിച്ചുതുടങ്ങി. ഭക്ഷണസാധനങ്ങളുടെ രുചി അവന്നറിയാമെന്നായി. വിശപ്പെന്താണെന്നു് അവനു മനസ്സിലാകും. രഘുവരൻ ഒരു ബാലനായി.

കോരനു ജ്വരപ്പനി ബാധിച്ചു. ആ കുടിലിനു നിത്യവും കിട്ടിയിരുന്ന 10 നാ. നഷ്ടപ്പെട്ടു. ചീരു പലരോടും കടപ്പെട്ടു. രാപ്പകലില്ലാതെ ശുശ്രൂഷിച്ചു. രോഗം നാൾക്കുനാൾ ഉഗ്രതരമായി. അവിടെയുണ്ടായിരുന്ന വെങ്കലപാത്രങ്ങൾ ഓരോന്നായി പുറത്തേക്കുപോയി. പട്ടിണി അകത്തേക്കുവന്നു. രഘുവരൻ കുറേശ്ശെ ക്ഷീണിച്ചുതുടങ്ങി. പരിതഃസ്ഥിതി, അവനെ സഹനശക്തി പഠിപ്പിച്ചു. അച്ഛന്റെ രോഗം അവനേയും സ്പൎശിക്കുന്നതായി അവനു തോന്നി. കോരൻ മകനെക്കുറിച്ചുതന്നെ ചീരുവിനോടു സദാ പറഞ്ഞുകൊണ്ടിരുന്നു. അപ്പോഴെല്ലാം അവൾ കരഞ്ഞു. രഘുവരൻ അവരുടെ അടുത്തു നിശ്ശബ്ദനായി നില്ക്കും. ഇരുട്ടിനെ കാണുന്ന സന്ധ്യയുടെ ഭീതി കോരന്റെ ഹൃദയത്തെ മിക്കപ്പോഴും വലയം ചെയ്യും. തനിക്കജ്ഞാതനായ ഒരു ശത്രുവിനോടു് അവൻ മല്ലടിക്കുന്നതായി അവനു തോന്നി. അവൻ ക്ഷമയില്ലാതെ ചീരുവിനെ വിളിച്ചുകൊണ്ടിരുന്നു. പുത്തനായൊരു സന്ദൎശകനെയെന്നപോലെ രഘുവരനെ കണ്ണുമിഴിച്ചുനോക്കും. പലപ്പോഴും ആ മിഴികളിൽ വെള്ളം നിറയും. അവൻ നെടുവീൎപ്പു വിടും.

ഒരുദിവസം പാതിരാത്രി കഴിഞ്ഞു. കോരൻ രഘുവരനെ വിളിച്ചു. അവന്റെ ശബ്ദം പൊന്തിയില്ല. അവൻ പറഞ്ഞു: "മകനേ! അച്ഛൻ....പോണു. ചീരു! ഞാൻ....രഘു...."

ആ ശ്വാസോച്ഛ്വാസം നിലച്ചു.

ചീരുവിനു കേറിക്കിടക്കുവാൻ ഒരു കുടിലുണ്ട്; തീററിപ്പോററുവാൻ ഒരു കുട്ടിയും—അവളുടെ സമ്പാദ്യങ്ങൾ. അവനു് അഞ്ചു വയസ്സു കഴിഞ്ഞു. അയലത്തുള്ള കുട്ടികളൊക്കെ പഠിക്കാൻ പോകുന്നു: നല്ല ഉടുപ്പുടുത്ത്, സ്ലേററും പുസ്തകവുമായി. രഘുവരൻ വട്ടപ്പുഴന്തുണിയും ചുററി കുത്തുപാളയുമായി അമ്മയുടെ പിന്നാലെ പിച്ചയ്ക്കു നടക്കുന്നു. അവളുടെ ചങ്കു പൊടിഞ്ഞു. അവൻെറ അച്ഛനുണ്ടായിരുന്നെങ്കിൽ!

ഒരു പിച്ചക്കാരി ചീരുവിൻെറ വീട്ടിൽ താമസത്തിനുവന്നു. ആഗത ചില്ലറ സമ്പാദ്യക്കാരിയാണ്. ചീരുവിന് ഒന്നും കിട്ടാത്ത ദിവസം അവൾ കൂട്ടുകാരിയോടു കടം വാങ്ങിക്കും. ആ കടം വാങ്ങൽ മൂത്തുവന്നു. അഞ്ചു രപ്പികയായി. ചീരു അവളുടെ ചെറുപ്പര ആഗതയ്ക്കു നാവിനാൽ തീറെഴുതി. എങ്കിലും അവരൊന്നിച്ചുതന്നെ താമസിച്ചു.

ഇങ്ങനെയിരിക്കെ, വേറെ ചില പിച്ചക്കാർ വീട്ടുടമസ്ഥയ്ക്കു നേമോപദേശം നൽകി: രഘുവരൻ വലുതായാൽ അവൻ പുരയ്ക്കുവകാശിയാവുമെന്നും മററും. ഇതു കാര്യമാണെന്നു കരുതി അവൾ ചീരുവിനേയും മകനേയും പുറത്താക്കി. അവർ അങ്ങാടിയിലുള്ള പീടികവരാന്തകളെ അഭയം പ്രാപിച്ചു.

തെണ്ടിത്തീററിയിൽ അവൾക്കു വെറുപ്പുതോന്നി. തെണ്ടാതെ ജീവിക്കാൻ അവൾ ചില വഴികൾ കണ്ടുപിടിച്ചു. അവളുടെ യൗവ്വനം നശിച്ചിട്ടില്ല.

രഘുവരൻ ജോലിയെടുക്കാൻ പ്രായമായിട്ടില്ല. അവൻ ഒരു വേലക്കാരനാകണമെങ്കിൽ ഇനി എത്രകൊല്ലം കഴിയണം! ഓ! ആ ദീർഘ സംവത്സരങ്ങൾ! അവൾ അലയണം, തെണ്ടിക്കിട്ടുന്നതും തിന്നുവാൻ വയ്യ. പ്രസവിക്കേണ്ടിയില്ലായിരുന്നു.

ചീരുവിനു ധാരാളം പരിചയക്കാരുണ്ടായി. ചുരുക്കം സ്നേഹിതന്മാരും. അവളുടെ ലോകപരിചയം വർദ്ധിച്ചു. അവളുടെ സംസാരത്തിനു ചൊടചൊടക്കുണ്ട്; നടത്തയ്ക്കു ഭംഗിയുണ്ട്: നോട്ടത്തിനു നല്ലോ ആകർഷത്വം; പുഞ്ചിരിക്കു ചില ഉദ്ദേശങ്ങൾ. അവ

ളുടെ സാന്നിദ്ധ്യത്താൽ സന്തോഷിക്കുന്നവർ ലോകത്തിലുണ്ടെന്നു് അവൾക്കു തോന്നിത്തുടങ്ങി. 'ചിമ്മിണി' വിളക്കിൻെറ കാന്തി ഇസ്ലാമ്പാററയിലെന്നപോലെ ഭോഗലാലസമായ ലോകത്തിൻെറ ശ്രദ്ധ ചീരുവിലും പതിഞ്ഞു. നക്ഷത്രങ്ങൾ വിളറി.

ചില ഹോട്ടൽക്കാരും ചായക്കടക്കാരും അവളെ താൽക്കാലിക ജോലിയിൽ നിയമിച്ചിരുന്നു. അവൾക്കു് വയറുനിറയെ ഭക്ഷണം കൊടുക്കും. ചിലപ്പോഴൊക്കെ കാശും. പലരും അവളെ ജോലിക്കു ക്ഷണിച്ചു. അവൾ ശുചിത്വത്തിലേയ്ക്കു കടന്നു. അവിടന്നു അന്തസ്സിലേയ്ക്കു ഓരോ അടി വച്ചുതുടങ്ങി.

അവളെ സ്നേഹിക്കുന്നവരെല്ലാം രഘുവരനെ വെറുക്കുന്നു. ആളുകളൊക്കെ ചോദിക്കും: "ചീരുവിന്നു് ഇവനെ വല്ലേടത്തും വേലയ്ക്കു നിർത്താൻ പാടില്ലേ? ഇങ്ങനെ എത്ര നാൾ കെട്ടിവലിച്ചു കൊണ്ടു നടക്കും?" അതു കാര്യമാണു്. അമ്മയോടു സംസാരിക്കുന്ന ആളുടെ മുഖത്തേയ്ക്കു അവൻ ഉററുനോക്കിക്കൊണ്ടു വായും പൊളിച്ചു നിൽക്കും. അവൻെറ നോട്ടത്തിന്നു് ഒരർത്ഥവുമില്ലെങ്കിലും, അതൊരു വിഷമമാണു്. കൂടാതെ....എല്ലാം വിഷമം. അവൾ രഘുവരനെന്തെങ്കിലും കൊടുക്കുന്നതു് ആരെങ്കിലും കണ്ടാൽ, "നീ തിന്നെടി പെണ്ണേ! പിന്നെ അവനാണു നിൻെറ അണ്ണാക്കിലൊഴിച്ചുതരാനിരിക്കുന്നതു്." എന്നു പറയും. പാവപ്പെട്ട രഘുവരൻ അവളുടെ കരിങ്കാലനായി. നിർഭാഗ്യവാനായ ജീവി!

അവൾ അന്നൊരു തമിഴനെ കണ്ടുമുട്ടി. അയാൾക്കൊരു വേലക്കാരനെ വേണം. മദിരാശിയിലേയ്ക്കു കൊണ്ടുപോവാനാണു്. ചീരുവിന്നു് ഒതുങ്ങാത്ത സന്തോഷമുണ്ടായി. അവളുടെ 'ശനി' അവസാനിക്കാറായി. അവൻെറ വ്യാഴത്തിൻെറ എടുപ്പുകാലം.

രഘുവരനേയുംകൊണ്ടു തമിഴൻ പോയി. അവൾ കരഞ്ഞില്ല. അവൾക്കു 10 ഉറുപ്പിക കിട്ടി. കേരളത്തിലെ ഒരു മനുഷ്യക്കുട്ടിക്കു പത്തു റുപ്പിക വിലമാത്രമേയുള്ളുവെന്നു് ആ തമിഴൻ ധരിച്ചു. അവൾ അന്നാദ്യമായി ഒരു സാരി വാങ്ങി. രഘുവരൻെറ അമ്മ സാരിയുടുത്ത ദിവസം അങ്ങാടിയിലെ പലക്കും ഉത്സവമായി

രുന്നു. അവളെ ഒരു റിക്ഷാക്കാരൻ ഒരു മുറി വാടകക്കെടുത്തു കൊടുത്തു താമസിപ്പിച്ചു............

കൊല്ലങ്ങൾ പത്തു കഴിഞ്ഞു. ചരിത്രത്തിൻെറ ഏട്ടകളിൽ എന്തൊക്കെയോ ചിലതു വരച്ചുകൊണ്ടു കാലം പാഞ്ഞുപോയി. അനേകം കോരകങ്ങൾ വിരിഞ്ഞു. അനേകം കുസുമങ്ങൾ കരിഞ്ഞു.

തൻെറ ജന്മദേശമൊന്നു കണ്ടുവരുവാൻ രഘുവരൻ അവൻെറ യജമാനനോട്ട് അനുമതി വാങ്ങിച്ചു. അവനറിയാം അവനെ സ്വീകരിപ്പു ഹാരമണിയിക്കുവാൻ കേരളത്തിലാരുമില്ലെന്നു. എന്നാലും, വെറുതെ തൻെറ ബാല്യകാലവിഹാരരംഗമൊന്നു ദർശിക്കുവാൻ. അതിനുംമീതെ, അവൻ ഇപ്പോൾ ഒരു പിച്ചക്കാരനല്ലെന്നു് ആ പഴയ അങ്ങാടി സുഹൃത്തുക്കളെ കാണിക്കുവാൻ.

പകൽ രണ്ടര മണിയായപ്പോൾ അവനിറങ്ങേണ്ട സ്റ്റേഷനിൽ വണ്ടി നിന്നു. കിടക്കയും പെട്ടിയും അവൻെറ കൈയിൽനിന്നു് ആരോ പിടിച്ചുപറിച്ചു വാങ്ങി. അവൻ സ്റ്റേഷൻ പടിക്കുന്മറത്തു വന്നു. പാതിരുപതു വണ്ടിക്കാർ ആ കറുത്തധ്വരായുടെ അടുക്കലേക്കു "സാർ, വണ്ടി; സാർ, വണ്ടി" എന്നു വിളിച്ചുകൊണ്ടടുത്തു. രഘുവരൻ പറയാതെതന്നെ ഒരു വണ്ടിക്കാരൻ കിടക്കയും പെട്ടിയും തൻെറ റിക്ഷയിൽ വച്ചു. എങ്ങോട്ടാണു പോകേണ്ടതെന്നു് അവനു നിശ്ചയമില്ല. ചുമട്ടുകാരക്കു കാശുകൊടുത്തു. അവൻ വണ്ടിയിൽ കയറിയിരുന്നിട്ടു പറഞ്ഞു: "താമസിക്കാൻ സൗകര്യമുള്ള ഒരു നല്ല ഹോട്ടലിലേക്കു്."

അഞ്ചു മണിയായി. കുളിയും കാപ്പിയും കഴിഞ്ഞു രഘുവരൻ നടക്കാനിറങ്ങി. ആദ്യമായി അവനും അമ്മയുംകൂടി അലഞ്ഞുനടന്നിരുന്ന അങ്ങാടിയിലേക്കു നടന്നു. അവന്നു് ആരേയും പരിചയമില്ല. പിന്നെ ആരോടു ചോദിക്കുവാനാണു് അമ്മയുടെ വിശേഷം! ഒരു പക്ഷെ, അമ്മ മരിച്ചുപോയിട്ടുണ്ടായിരിക്കാം. അല്ലെങ്കിൽ ഏതെങ്കിലും ഒരാളെ വിവാഹം ചെ സുഖമായി താമസിക്കുന്നുണ്ടാവും. ഹേ, അതില്ല. അല്ലെങ്കിൽ ഈ തെരുവിൽ എവിടെയെങ്കിലും

തെണ്ടിത്തിരിയുന്നുണ്ടാകും. അവൻെറ ഹൃദയം സംഭ്രാന്തമായി. അനേകനാളായി അവൻ അനുഭവിക്കാത്ത ഒരു വ്യഥ. വിചാരങ്ങൾക്ക് ഒരു ശിഥിലത.

രഘുവരൻ പാതയുടെ ഇരുവശത്തേയ്ക്കും കണ്ണോടിച്ചുകൊണ്ടു സാവധാനത്തിൽ നടന്നു. വഴിയിൽകണ്ട എല്ലാ ഭിക്ഷക്കാരികളേയും അവൻ സൂക്ഷിച്ചുനോക്കി. അവൻ ഒരിടത്തെത്തിയപ്പോൾ ഒരു പാഴിയാരം കേട്ടു. അവൻ ശ്രദ്ധിച്ചു: "ദാനധമ്മമുള്ള ജനങ്ങളെ! അകതിക്കൊരു കാശുതന്നേച്ചു പോണെ." അവൻ സംശയിച്ചു. തൻെറ കണ്ണുങ്ങളോടു വിദൂരബന്ധമുള്ള സ്വരം. രഘുവരൻ ആ ശബ്ദം പുറപ്പെട്ട ദിക്കിലേയ്ക്കു ചെന്നു. ഒരു സ്ത്രീ. ചടകെട്ടിയ തലമുടി. കുഴിഞ്ഞു. പീളയടിഞ്ഞ കണ്ണുകൾ. മുഖത്തു ധാരാളം കുരുക്കൾ. വായയുടെ രണ്ടററവും പഴുത്തു ചീഞ്ഞിരിക്കുന്നു. ശരീരത്തിലാകെ ഒററച്ചില്ലി വട്ടത്തിൽ കലകൾ. അസഹനീയമായ വേദന അനുഭവിക്കുന്നപോലെ നെടുവീർപ്പുകൾ. രഘുവരൻ കുനിഞ്ഞുനിന്നു. ആ പിച്ചക്കാരി കണ്ണുമിഴിച്ചു നോക്കി, രഘുവരൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. അവൻ ഗദ്ഗദത്തോടു കൂടി വിളിച്ചു: "അമ്മേ!" "മകനെ!"

# ബോറിസ് ഗ്ലോവ് *

എൻെറ ഒരു സ്നേഹിതൻ പറഞ്ഞതാണ്.

മോസ്കോവിൽ പഠിക്കുന്നകാലത്തു ഞാൻ താമസിച്ചിരുന്ന വീടിൻെറ തൊട്ടടുത്തുതന്നെ ആശ്ചര്യകരമായ ഒരു പെൺകുട്ടിയും താമസിച്ചിരുന്നു. പോളണ്ടായിരുന്നു അവളുടെ ജന്മദേശം. പേര് തെരീസ. തവിട്ടുനിറത്തിൽ ബലിഷ്ഠവും ദീർഘവുമായ ശരീരം, കനത്ത പുരികക്കൊടികൾ, പ്രകാശരഹിതമായ കണ്ണുകൾ, താഴ്ന്ന ശബ്ദം, ഏതോ സമ്മാനലബ്ധിക്കു പ്രയത്നം ചെയ്യുന്ന ഒരു പുരുഷൻെറ സ്വഭാവം. ആ കൊഴുത്ത മാംസപിണ്ഡം കാണുമ്പോൾ ആരിലും ഭീതി അങ്കുരിക്കും. അത്രയ്ക്കു വികൃതമായിരുന്നു അത്. ഞങ്ങളുടെ മാളികമുറികൾ അഭിമുഖമായിരുന്നു. അവൾ മുറിയിലുണ്ടെന്നു മനസ്സിലായാൽ ഞാൻ വാതിൽ തുറക്കാറില്ല. ഞാൻ അവളെ കോണിപ്പടിയിലോ മുററത്തോ വച്ചു കാണും. അപ്പോഴെല്ലാം അവൾ എന്നെ നോക്കി പുഞ്ചിരി തൂകും. ഒരു വികൃതമായ ചിരി! ചുവന്ന കണ്ണുകളോടും ചിന്നിച്ചിതറിയ തലമുടിയോടുംകൂടി അവൾ മുറിയിലേയ്ക്കു വരുന്നതും കാണാം. പലപ്പോഴും ലജ്ജയില്ലാതെ അവൾ എന്നെ തുറിച്ചു നോക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അപ്പോഴൊക്കെ അവൾ എന്നെ വിളിക്കും: "എടോ വിദ്യാർത്ഥി!"

അവളുടെ "വെറും ചിരി" എന്നെ വെറുപ്പിക്കുന്നുണ്ടായിരുന്നു. ഞാൻ താമസസ്ഥലം മാററിയേനെ, അവളെ കാണാതെ കഴിച്ചുകൂട്ടുവാൻവേണ്ടി. പക്ഷെ ആ സ്ഥലം എനിക്കത്ര പിടിച്ചിരുന്നു. പ്രശാന്തമായ തെരുവ്. എൻെറ മുറിയിലിരുന്നു നോക്കിയാൽ ആ നഗരത്തിലെ സകല കാഴ്ചകളും എനിക്കു വ്യക്തമായിക്കാണാം. തന്മൂലമാണു ഞാൻ അവിടെത്തന്നെ താമസിച്ചതു്.

ഒരു ദിവസം കാലത്തു ഞാൻ ഉടുപ്പുമാററി കിടക്കയിൽ കിടക്കുമ്പോൾ മുറിവാതൽ തുറന്നു, തെരീസ ഉമ്മറപ്പടിയിൽ പ്രത്യക്ഷയായി.

---

പരിഭാഷ.

"അല്ലയോ വിദ്യാർത്ഥി," അവൾ താഴ്ന്ന സ്വരത്തിൽ വിളിച്ചു.

"നിനക്കെന്തുവേണം?" ഞാൻ ചോദിച്ചു.

"വിദ്യാർത്ഥി," അവൾ പറഞ്ഞു: "ഞാൻ നിങ്ങളിൽനിന്ന് ഒരു സഹായം അർത്ഥിക്കുവാൻ ആഗ്രഹിക്കുന്നു. ദയവുചെയ്ത് അതു നിരസിക്കരുതേ!" കിടക്കയിൽക്കിടന്നു ഞാൻ ആലോചിച്ചു: "ഇതൊരു തന്ത്രമാണ്." എന്നാൽ ഞാൻ ഒന്നും പറഞ്ഞില്ല.

"വീട്ടിലേയ്ക്കു് ഒരു കത്തെഴുതിച്ചയക്കുവാൻ എനിക്കാഗ്രഹമുണ്ട്," അവൾ തുടർന്നു.

"ഇവൾ എന്തു കുതന്ത്രവുംകൊണ്ടാണാടുക്കുന്നത്" എന്നു വിചാരിച്ച്, ഞാൻ കിടക്കയിൽനിന്നു ചാടി എഴുന്നേററു മേശയുടെ അരികിൽ പോയിരുന്നു. കടലാസ്സും പേനയുമെടുത്ത് "അകത്തേക്കുവരിക, ഇവിടെയിരുന്നു പറഞ്ഞുതരൂ," ഞാൻ പറഞ്ഞു.

അവൾ അകത്തുകടന്ന് ഒരിടത്തൊതുങ്ങിയിരുന്നു. എൻെറ കണ്ണുകളിലേയ്ക്കു് അതിസൂക്ഷ്മമായി ഒന്നു നോക്കി.

"ഞാൻ ആർക്കാണെഴുതേണ്ടത്?" ഞാൻ ചോദിച്ചു.

"ബോൾസ്ലോവ് കാച്ചപുട്ട,
സെൻസീനിയൻവീടു,
വാർസോ റെയിൽവെറോഡ്."

"ഞാൻ എന്താണെഴുതേണ്ടത്? തുടരൂ."

"എൻെറ പ്രിയപ്പെട്ട ബോൾസ്—മധുരഹൃദയമേ!—എൻെറ പ്രാണനാഥാ! അങ്ങയെ പരിശുദ്ധ കന്യകാമറിയം കാത്തുരക്ഷിക്കട്ടെ! ഇത്ര കാലമായിട്ടും അങ്ങ് എന്തുകൊണ്ടാണ് ഈ മാടപ്രാവിനു—ദുഃഖമഗ്നയായ തെരീസയ്ക്കു കത്തയക്കാഞ്ഞത്?"

"ദുഃഖമഗ്നയായ മാടപ്രാവ്!" ഞാൻ ചിരി ഒതുക്കുവാൻ വളരെ ശ്രമിച്ചു. ആറടി പൊക്കം. ദൃഢഗാത്രം. ഒരു കായികാഭ്യാസിയുടെ മുഷ്ടികൾ. പുകക്കുഴൽ തുടച്ചു ജീവിക്കുന്ന ഒരാളുടെ കറുത്തമുഖം.

ഞാൻ അവളെ നോക്കിക്കൊണ്ടു ചോദിച്ചു: "ആരാണീ ബോൾസ്ലോവ്?"

"സർ, ബോറംസ്ലോവ്!" വിശ്വവിഖ്യാതനായ ബോറംസ്ലോവിനെ പാവപ്പെട്ട ഞാൻമാത്രം അറികയില്ല! എന്ന മാതിരി.

"ബോറംസ് എൻെറ ഭാവിവരനാണ്."

"ഭാവിവരൻ?"

"വിദ്യാർത്ഥി! നിങ്ങൾ ഇത്ര ആശ്ചര്യപ്പെടുന്നതെന്താണ്? എന്നേപ്പോലുള്ള ഒരു യുവതിക്ക് ഒരു കാമുകൻ ഉണ്ടാകാൻ പാടില്ലെന്നുണ്ടോ?" അവൾ ചോദിച്ചു.

"ഒരു യുവതി!" എന്തൊരു തമാശ! "ആകാം," ഞാൻ പറഞ്ഞു: "എല്ലാം സാദ്ധ്യമാണ്. നീ എത്രകാലമായി പ്രേമബദ്ധയായിട്ട്?"

"പത്തുകൊല്ലം."

നല്ലൊരു കത്തു ഞാൻ അവൾക്കെഴുതിക്കൊടുത്തു. അതു പ്രേമപരിപൂർണ്ണവും ദയാമസൃണവുമായിരുന്നു. അപ്രകാരം ഒരു പ്രേമസന്ദേശം തെറീസയിൽനിന്നല്ലാ വരുന്നതെങ്കിൽ ഞാൻ ഒരു ബോറംസ്ലേവ് ആകുവാൻ ഇഷ്ടപ്പെടുമായിരുന്നു.

"വിദ്യാർത്ഥി! നിങ്ങൾക്കു ഹൃദയംഗമമായ നന്ദി" അവൾ പറഞ്ഞു. അവൾ ആനന്ദഭരിതയായി. "നിങ്ങൾക്കു ഞാൻ എന്തെങ്കിലും ചെയ്തുതരട്ടെ!"

"ഒന്നും ചെയ്യണ്ട!"

"ഞാൻ നിങ്ങളുടെ ഉടുപ്പലക്കിത്തരാം." ആ വാക്കുകൾ എൻെറ ഹൃദയത്തെ അസ്വാസ്ഥമാക്കി. ചുരുക്കത്തിൽ, എനിയ്ക്ക് അവളുടെ യാതൊരു സേവനവും ആവശ്യമില്ലെന്നു പറഞ്ഞു. അവൾ സ്ഥലംവിട്ടു.

രണ്ടാഴ്ച കഴിഞ്ഞു. ഒരു വൈകുന്നേരം. ഒരു എന്തെന്നില്ലായ്മയോടുകൂടി ഞാൻ ജനലിന്നരികിൽ ചൂളം വിളിച്ചുകൊണ്ടിരുന്നു. പുറത്തിറങ്ങിയാൽ ക്ലേശം വർദ്ധിക്കുമോ കുറയുമോ എന്നെനിക്കറിഞ്ഞുകൂട. എങ്ങനെയാണെങ്കിലും പുറത്തു പോകുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. പെട്ടെന്ന് എൻെറ കതകു തുറക്കപ്പെട്ടു. "ഈശ്വരാനുഗ്രഹം," ഞാൻ വിചാരിച്ചു: "ആരോ വരുന്നുണ്ട്."

"വിദ്യാർത്ഥി! ഇപ്പോൾ നിങ്ങൾക്ക വലിയ തിരക്കുണ്ടോ?" അതു തെറീസയായിരുന്നു. കൊള്ളാം. എനിയ്ക്കു വേറെ ആരേയും കാണാൻ സാധിച്ചില്ലല്ലോ.

"എന്തിനാണു്?"

"നിങ്ങളെക്കൊണ്ടു് എനിയ്ക്കു വേറൊരെഴുത്തുകൂടി എഴുതിക്കണം."

"ശരി. ബോൾസിനോ?"

"അല്ല. ഞാൻ അദ്ദേഹത്തിൻെറ മറുപടി ആവശ്യപ്പെടുന്ന—"

"എന്തു്!"

"ക്ഷമിക്കണം വിദ്യാർത്ഥി! ഞാൻ ഒരു മണ്ടിയാണു്. ഞാൻ എൻെറ ആശയം വ്യക്തമാക്കിയില്ല. അതു് എനിയ്ക്കുവേണ്ടിയല്ല. എൻെറ സ്നേഹിതന്മാരിൽ ഒരാൾക്കു്. അതു സ്നേഹിതനല്ല.... എന്നാൽ....ഒരു........പരിചയക്കാരൻ. അയാൾക്കെഴുതാനറിഞ്ഞുകൂടാ. എന്നെപ്പോലെതന്നെ വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന ഒരു വധു അയാൾക്കുമുണ്ടു്—"

ഞാൻ പെട്ടെന്നു് അവളുടെ മുഖത്തേയ്ക്കൊന്നു നോക്കി. അവൾ ലജ്ജിച്ചുവശായി. അവളുടെ കൈകൾ വിറച്ചു. അവൾ കുഴങ്ങി. എനിക്കു സംഗതി മനസ്സിലായെന്നു ഞാൻ വിചാരിച്ചു.

"പെൺകുട്ടീ! ശ്രദ്ധിക്കു!" ഞാൻ പറഞ്ഞു: "നിന്നെക്കുറിച്ചും ബോൾസ്ലോവിനെക്കുറിച്ചും നീ എന്നോടു പറഞ്ഞതെല്ലാം ഭാവനയാണു്. നീ പറഞ്ഞതു കളവാണു്. അവ, ഇവിടെ വരുവാനു പയോഗിച്ച തന്ത്രങ്ങൾ. ഇനിമേലാൽ നിനക്കു യാതൊന്നും ചെയ്തു തരുവാൻ ഞാൻ വിചാരിക്കുന്നില്ല. മനസ്സിലായോ?"

അവൾ ഭയപ്പെട്ടു. എന്തോ സംസാരിക്കുവാൻ തീവ്രയത്നം ചെയ്തു. അവളെ ഞാൻ തെററിദ്ധരിച്ചുവെന്നു് എനിക്കു ബോധമുണ്ടാകുവാൻ തുടങ്ങി. എന്നെ സദാചാരത്തിൽനിന്നു വ്യതിചലിപ്പിക്കുവാനുള്ള മലീമസോദ്ദേശ്യത്തോടുകൂടിയല്ല അവൾ ഇവിടെ വരുന്നതു്. ഇതിൻെറ പിന്നിലെന്തോ ഉണ്ടു്. എന്നാൽ അതെന്താണു്?

"വിദ്യാൎത്ഥി" അവഠം തുടങ്ങി. എന്നാൽ പെട്ടെന്നു് ഒരു അഭിനായത്തോടുക്കൂടി കുന്നുകാലിൽനിന്നു തിരിഞ്ഞു, മുറിയിൽനിന്നു പോയി.

അസ്വാസ്ഥ്യതയോടുക്കൂടി ഞാൻ ഇരുന്നു. അവഠം ഉച്ചത്തിൽ കതകടയ്ക്കുന്നതു കേട്ടു. കോപം. ഞാൻ അല്പം ആലോചിച്ച ശേഷം അവളെ തിരിച്ചുവിളിക്കാനുറച്ചു.

ഞാൻ അവളുടെ മുറിയിലേക്കു ചെന്നു. മേശയുടെ അരികിൽ മുഖം കൈപ്പടങ്ങളിലമത്തിക്കൊണ്ടു് അവഠം ഇരിക്കുകയായിരുന്നു! നീറുന്ന; ആത്മാവു്!

"പെൺകുട്ടി!" ഞാൻ വിളിച്ചു: "നീ—" ഞാൻ ഈ കഥയിൽ ഇത്രത്തോളമാകുമ്പോഠം എന്റെ ഹൃദയം നീറുന്നു. അവഠം ചാടി എഴുന്നേററു് എന്റെ നേക്കു വന്നു. ആ കൈകഠം എന്റെ തോളുകളിൽ തടവി. ഹൃദയം പൊട്ടാതിരിക്കുവാൻ അവഠം കണ്ണീർ പൊഴിച്ചു.

"ഈ ചുരുങ്ങിയ വരികളെഴുതിയാൽ നിങ്ങളിൽ എന്തു മാററമാണുണ്ടാകാൻ പോകുന്നതു്? നിങ്ങഠം ഒരു നല്ല മനുഷ്യനാണെന്നു ഞാൻ കരുതി. അതേ. ബോഠംസ്ലോവെന്നൊരാളില്ല; തെരിസയുമില്ല—ഒരാളുണ്ടു്—ഞാൻ—ഞാൻ മാത്രം." അവളുടെ വാക്കുകളാൽ മൂകനാക്കപ്പെട്ട ഞാൻ ചോദിച്ചു: "അപ്പോഠം, ബോഠംസ് എന്നൊരാളില്ലാ ാ ാ?"

"ഇല്ല."

"തെറീസയുമില്ലേ?"

"ഇല്ല—അതു—തെറീസ—ഞാനാണു്."

എന്റെ തല കറങ്ങി. ഞാൻ ആശ്ചര്യപ്പെട്ടു. അവളെ സൂക്ഷിച്ചുനോക്കി. ഞങ്ങളിൽ ആൎക്കെങ്കിലും ഒരാഠംക്കു വികല്പം ബാധിച്ചിരുന്നു. അവഠം മേശയുടെ അരികിലേയ്ക്കു തിരിച്ചുപോയി മേശവലിപ്പിൽ കൈയിട്ടു്, ഒരെഴുത്തു തപ്പിയെടുത്തു.

"ഇതാ," അവഠം അടുത്തുവന്നു, "നിങ്ങഠം എനിക്കെഴുതിത്തന്ന കത്തു്. തിരിച്ചെടുത്തോളു! രണ്ടാമതൊന്നു് എഴുതുകയും വേണ്ട. നിങ്ങളെക്കാഠംദയാലുവായ മററാരെങ്കിലുംഎനിക്കതു ചെയ്തുതരും."

ബോറംസ്ലോവിനയക്കുവാൻവേണ്ടി ഞാൻ അവറംക്കെഴുതി ൊടുത്ത ആ എഴുത്തു കൈയിൽ പിടിച്ചുകൊണ്ടു് അവറം നിന്നു. ലോകത്തിൽ ഇതിനൊക്കെ അത്ഥമുണ്ടോ? "തെറീസേ! ശ്രദ്ധിക്കൂ!" ഞാൻ പറഞ്ഞു: "ഇതെല്ലാമെന്താണു്? ഇതുതന്നെ നീ അയക്കാത്ത പ്പോറം മററുള്ളവരെക്കൊണ്ടുകൂടി കത്തെഴുതിക്കുന്നതെന്തിനാണു്?"

"ഇതു ഞാൻ ആക്കയക്കണം?"

"എന്തുകൊണ്ടു ബോറംസ്ലോവിനയച്ചുകൂടാ? നിൻെറ ഭാവി വരനു്?"

"എന്നാൽ അങ്ങനെ ഒരാളില്ല." എനിക്കു വല്ലതും ചെയ്യു വാൻ കഴിയുമായിരുന്നെങ്കിൽ അതു് അവിടുന്നു പോകുകമാത്രം. പക്ഷെ അവറം വീണ്ടും തുടങ്ങി:

"ഇല്ല; അദ്ദേഹം ജീവിച്ചിരിക്കുന്നില്ല. ബോറംസ്ലോവു് ഇല്ല." ഇതു വിചാരിക്കുവാൻ അസാദ്ധ്യമാണെന്നു് അവളുടെ ചേഷ്ടകറം തെളിയിച്ചു. "എന്നാൽ അദ്ദേഹം ജീവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. എനിക്കറിയാം ഞാൻ മററുള്ളവരെ പ്പോലെ അല്ലാ എന്നു്—ഞാൻ എന്താണെന്നു്—എങ്കിലും, ഞാൻ അദ്ദേഹത്തിനു കത്തയക്കുന്നതു് ആക്കും ഉപദ്രവകരമല്ല."

"നിൻെറ വിവക്ഷയെന്താണു്? ആരോടാണു്?"

"എന്തുകൊണ്ടു ബോറംസ്ലോവിനോടല്ലാ?"

"എന്നാൽ നീ ഇപ്പോറംതന്നെ എന്നോടു പറഞ്ഞു," ഞാൻ അക്ഷമനായി ഇടയ്ക്കു പറഞ്ഞു; "അങ്ങനെ ഒരു മനുഷ്യ നില്ലെന്നു്."

"അല്ലയോ പരിശുദ്ധമറിയമേ! ഇല്ലെങ്കിൽ ഞാൻ എന്തിനു ശ്രദ്ധിക്കണം! ഒരാളുമില്ല. എന്നാൽ, ഒരു ബോറംസ്ലോവിനെ ഞാൻ ഭാവിയിൽ കാണുന്നു. അദ്ദേഹം യഥാത്ഥത്തിലുള്ളപോലെ ഞാൻ അദ്ദേഹത്തിനെഴുതുന്നു. അദ്ദേഹം മറുപടി അയയ്ക്കുന്നു. വീണ്ടും ഞാൻ എഴുതുന്നു. വീണ്ടും അദ്ദേഹം മറുപടി അയയ്ക്കുന്നു—!" അവസാനം, ഞാൻ ഗ്രഹിച്ചു; ഞാൻ കുററംചെ വെന്നെനിക്കു തോന്നി; ലജ്ജിച്ചു. ശരീരത്തിൽ വൈദ്യുതപ്രവാഹമേററപോലെ ല

ഒരു വേദന എനിക്കനുഭവമായി. എൻെറ അരികിൽ, മിക്ക വാറും എൻെറ കൈപ്പിടിയിൽ, ലോകത്തിൽ ആത്മാവില്ലാതിരുന്ന ഒരു സാധു മനുഷ്യജീവി അവളുടെ വിനീതമായ സ്നേഹം കാണിക്കു വാൻ ശ്വാസോച്ഛ്വാസം ചെയ്തിരുന്നു. അവൾക്കു രക്ഷകർത്താക്കൾ, സുഹൃത്തുക്കൾ—ആരുമില്ലായിരുന്നു; ഒന്നുമില്ലായിരുന്നു. ഈ സാധുജീവി ഒരു കാമുകനെ, ഒരു വരനെ അവൾക്കുവേണ്ടി തന്നത്താൻ കണ്ടുപിടിച്ചു.

അവൾ തൻെറ താഴ്ന്ന സ്വരത്തിൽ തടവില്ലാതെ പറഞ്ഞു: "ബോൾസ്ലോവിനയക്കുവാൻ നിങ്ങളെഴുതിത്തന്ന കത്തു ഞാൻ ചിലരെക്കൊണ്ടു് ഉച്ചത്തിൽ വായിപ്പിച്ചു. ഞാൻ അതു നല്ലവണ്ണം ശ്രദ്ധിച്ചു. ബോൾസ്ലോവ് ജീവിച്ചിരിപ്പുണ്ടെന്നു ഭാവിച്ചു. അപ്പോൾ ബോൾസിൽനിന്നു തെറീസയ്ക്കു —ഇവൾക്കു്—ഒരു മറുപടി ആവശ്യപ്പെടുകയും ചെ . എൻെറ നിശ്ചിതമായ വിചാരം ബോൾസ്ലോവ് എവിടയോ ജീവിച്ചിരിപ്പുണ്ടെന്നാണു്—എവിടെയാണെന്നെനിക്കറിഞ്ഞുകൂടാ—അതുകൊണ്ടു് എനിക്കും ജീവിതസൌകര്യങ്ങൾ ഉണ്ടാക്കുവാൻ കഴിയും. അതു കൂടുതൽ വിഷമമല്ല; ഭയങ്കരമല്ല; ഏകാന്തമല്ല."

അന്നു മുതൽ മുറയ്ക്കു് ആഴ്ചയിൽ രണ്ടുപ്രാവശ്യം തെറീസയിൽനിന്നു ബോൾസിനും, ബോൾസിൽനിന്നു തെറീസയ്ക്കും ഞാൻ എഴുത്തുകളെഴുതി. ഞാൻ സത്യം പറയുന്നു, അവയിൽ വികാരം വേണ്ടുവോളമുണ്ടായിരുന്നു; പ്രത്യേകിച്ചു്, മറുപടികളിൽ. അവൾ അതൊക്കെ വായിച്ചു കേൾക്കുമ്പോൾ, രോമാഞ്ചംകൊള്ളും; ആനന്ദോന്മത്തയാകും; കണ്ണുനീർ പൊഴിക്കും. പ്രത്യുപകാരമായി, അവൾ എൻെറ വസ്ത്രങ്ങളുലക്കുകയും, ചെരിപ്പു മിനുക്കുകയും, തൊപ്പി തുടയ്ക്കുകയും, ഭക്ഷണസാധനങ്ങൾ വാങ്ങിക്കൊണ്ടുവന്നു തരികയും ചെയ്തിരുന്നു.

മൂന്നു മാസത്തിനുശേഷം ചില സംശയത്തിന്മേൽ അവൾ അറസ്റ്റു് ചെയ്യപ്പെട്ടു. പിന്നീടു ഞാൻ ഒരിക്കലും അവളെക്കണ്ടിട്ടില്ല. അവൾ മരിച്ചുപോയിരിക്കാം.

# വേലക്കാരി

ഉച്ചതിരിഞ്ഞു ഹോട്ടലിൻെറ മേൽത്തട്ടിലെ ഒരു മുറിയിൽ, ചാരുകസാലയിൽ കിടന്നു ഞാൻ പുസ്തകം വായിക്കുകയായിരുന്നു. അടുത്ത മുറികളിലെങ്ങും ശബ്ദം കേട്ടില്ല. എൻെറ ശ്രദ്ധ മുഴുവനും ആ തടിച്ച പുസ്തകത്തിൻെറ ഏടുകളിൽക്കൂടി വേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നു. ആ തടിച്ച പുസ്തകം: കുററവും ശിക്ഷയും മഹാനായ ടോസ്റ്റോവ്സ്കിയുടെ ആത്മാവിൽനിന്നു നിർഗ്ഗളിച്ച അപ്രമേയവുമത്ഭുതകരവുമായ ജ്യോതിപ്രവാഹം! അതിലെ ഓരോ വാക്കും എൻെറ ആത്മാവിൽ അലിഞ്ഞുചേർന്നു. സർവകലാശാലാവിദ്യാർത്ഥിയും, കൊലപാതകിയുമായ റിക്കാറംസിക്കാഫ് പരമ വേശ്യയായ സോണിയയുടെ മുന്നിൽ മുട്ടുകുത്തി നില്ക്കുന്ന രംഗത്തിൽ ഞാനെത്തി. കണ്ണുനീർ അനിയന്ത്രിതമായി. ഞാൻ പുസ്തകം മടക്കി മടിയിൽ തന്നെ വച്ചു. 'ടവ്വ്'ലെടുത്തു മുഖം തുടച്ചുകൊണ്ടിരിക്കെ കോണിപ്പടിയിൽ ആരുടേയോ പാദവിന്യാസം കേട്ടു. ആ കാൽ പെരുമാററം എൻെറ മുറിയോടടുത്തു. ആരായിരിക്കുമെങ്കിലും ഞാൻ സന്തോഷിച്ചു. എനിക്കു റിക്കാറംസിക്കാഫിനേയും, സോണിയയേയും കുറിച്ചു സംസാരിക്കാമല്ലൊ?

ഞാൻ ഉൽക്കണ്ഠയോടെ വാതുക്കലേയ്ക്കു നോക്കി. മുഷിഞ്ഞ മുണ്ടും ബ്ളൌസും ധരിച്ച ഒരു കറുത്ത യുവതി വലതു കൈയിൽ ചൂലുംപിടിച്ചുകൊണ്ടു് നില്ക്കുന്നു. അവളുടെ മാംസളമായ മാറ്റിടവും തുടുത്ത കപോലങ്ങളും ആ തടിച്ച ശരീരത്തെ ആകർഷകമാക്കിയിരുന്നു. ഒരു നിമിഷനേരത്തെ അഭിമുഖദർശനത്തിനുശേഷം അവളൊരു വല്ലായ്മയോടുകൂടി വാതലിന്നരികിലേയ്ക്കു മാറിനിന്നു. ഞാൻ ചോദിച്ചു:—

"എന്താ വേണ്ടതു്?"

"മുറിയടിച്ചുവാരണം."

"ഞാൻ വെളിക്കിറങ്ങണോ?"

"വേണ്ട, സാറവിടിരുന്നോളൂ."

ഓ, വളരെയനുഗ്രഹം. അവരം വളരെയൊതുക്കത്തോടു കൂടി ഉള്ളിലേയ്ക്കു കടന്നു. എവിടന്നാണടിച്ചുതുടങ്ങേണ്ടതെന്നാലോചിക്കാനായിരിക്കണം ക്ഷണനേരം നിശ്ചലയായിനിന്നതു.......... എൻെറ മുറിയിൽ ചപ്പും ചവറുമെന്നു പറയാൻ അഞ്ചാറു ബീഡിക്കുററിയും കുറേ തീപ്പെട്ടിക്കൊള്ളിയുംമാത്രമേയുണ്ടായിരുന്നുള്ളു.

അവരം ഒരു മൂലയിൽനിന്നടിയാരംഭിച്ചു. ഒടുവിലെൻെറ മുമ്പിലെത്തി. ഞാൻ കസാല പിന്നിലേയ്ക്കു മാററിയിട്ടിരുന്നു. എനിക്കഭിമുഖമായ അവരം കുനിഞ്ഞുനിന്നടിച്ചുതുടങ്ങി. അടിച്ചസ്ഥലംതന്നെ അവരം വീണ്ടുംവീണ്ടുമടിച്ചു. അവളുടെ ബോഡീസിൻെറ ഉള്ളിൽനിന്നു രണ്ടു പീനസ്തനികരം എന്നെ ഒളിഞ്ഞുനോക്കുന്നതു ഞാൻ കണ്ടു. ആ കൈത്തണ്ടുകളുടെ ഉരുരംമ!...... .......എൻെറ ഹൃദയത്തിൽ എന്തൊക്കെയോ കെട്ടഴിഞ്ഞു. അനവധി ചോദ്യങ്ങരം നാവിലേയ്ക്കിരച്ചുവന്നു. ഞാനുമിനീരിറക്കി.

അവരം പോകുന്നതു ഞാൻ കണ്ടെങ്കിലുമെനിക്കറിയാൻ കഴിഞ്ഞില്ല.

അടുത്ത ദിവസം വൈകുന്നേരം. പടിഞ്ഞാറെ ജനാലയിൽക്കൂടി ഞാൻ മുററത്തേയ്ക്കലസമായി നോക്കിക്കൊണ്ടുനിന്നു. അടുക്കളപ്പുരയും കുളിമുറിയും അലക്കുകല്ലുമല്ലാതെ ഒന്നും ഞാൻ കണ്ടില്ല. അസ്തമിക്കാൻ പോകുന്ന സൂര്യൻെറ കനകരശ്മികളും സമുദ്രത്തിൻെറ അപ്പുറത്തുനിന്നുവന്ന തണുത്ത കാററും എന്നെ പുല്കിക്കൊണ്ടിരുന്നു. ഞാനങ്ങനെ നിന്നു.

ഒരു കുട്ടിയേയുമെടുത്തുകൊണ്ടു് അവരം മുററത്തു ലാത്തുവാൻ തുടങ്ങി. അവളുടെ ഈറൻ തലമുടി പിന്നിൽ നീട്ടിക്കെട്ടിയിരിക്കുന്നു. ഇടത്തേ എളിയിലിരിക്കുന്ന കുട്ടി, അവരം വലത്തു കയ്യിലുയർത്തിപ്പിടിച്ചിരുന്ന പാവയെ നോക്കി രസിക്കുകയും ഇടയ്ക്കിടെ അതിൻെറ ഭാഷയിലെന്തൊക്കെയോ സംസാരിക്കുകയും ചെ കൊണ്ടിരുന്നു. അവളുടെ ചുററിക്കറക്കത്തിൽ ഒരു പ്രാവശ്യം ഞങ്ങളുടെ

കണ്ണുകഠം തമ്മിലിടഞ്ഞു. ഞാനെൻെറ ദൃഷ്ടികളെ ചക്രവാളത്തിലേയ്ക്കു നീട്ടിവിട്ടു. ഞാൻ സന്ധ്യാമേഘത്തിൻെറ വർണ്ണവൈചിത്ര്യം കണ്ടു രസിക്കയാണെന്നഭിനയിച്ചു. എന്നിട്ടുമെങ്ങിനേയോ ഞങ്ങളുടെ കണ്ണുകഠം പലപ്രാവശ്യവും തമ്മിലിടഞ്ഞു. ഒരു തവണയവഠം കുട്ടിയോടു ചോദിച്ചു:

"ബേബിക്കു കൊച്ചു വാവ'നെ വേണോ?"

ചോദ്യം കുട്ടിയിലും നോട്ടം എന്നിലുമാണു പതിച്ചതു്. കൊച്ചുവാവയെ എനിക്കു വേണമെന്നു പറയാൻ തോന്നി. പക്ഷേ, ഞാൻ അവിടെ മര്യാദക്കാരനായ ഒരു നാറല്ലേ!

അടുത്തദിവസം ഉച്ചതിരിഞ്ഞു ഞാൻ കസാലയിൽ ചുമ്മാകിടക്കയായിരുന്നു. എൻെറ ഹൃദയത്തിൽ ഒരു നേരിയ പ്രതീക്ഷ അങ്കുരിച്ചു. ഞാൻ മുറിയിലാകമാനം കണ്ണോടിച്ചു. ധാരാളം ബീഡിക്കുററികളും തീപ്പെട്ടിക്കൊള്ളികളും. ആരുടേയോ പാദവിന്യാസം കോണിപ്പടികളിൽനിന്നു കേഠംക്കുവാനെൻെറ കാതുകഠം കൊതിച്ചു. ഹൃദയത്തിനൊരു വല്ലാത്ത ഉൽക്കണ്ഠയുമുൻമേഷവും. എന്തൊക്കയോ താങ്ങുവാനുള്ള സന്നദ്ധത. എങ്കിലും ഇടയ്ക്കിടെ അതിനെ ഒരു നേരിയ തളർച്ച ബാധിച്ചിരുന്നു. ഞാനൊരു മാന്യനാണെന്നു് എന്നിലിരുന്നാരോ മന്ത്രിച്ചു.

അവഠം വന്നു. അവളുടെ വസ്ത്രങ്ങഠം ശുഭ്രമായിരുന്നു. തലയിൽ തെളിഞ്ഞ സീമന്തരേഖ. നെററിയിൽ കാശ്മീരതിലകം. വേഗത്തിൽ ചലിക്കുന്ന കണ്ണിണ. പുഞ്ചിരി വിരിഞ്ഞ ചുണ്ടുകഠം ഒരു കവിതയവളെ പുല്കുന്നപോലെയെനിക്കുതോന്നി. അവഠം കാണാതെ ഞാനൊന്നു പുഞ്ചിരിച്ചു.

കുറച്ചുനേരമായി. മുറിയിൽ ശബ്ദമൊന്നും കേട്ടില്ല. ഞാൻ തിരിഞ്ഞുനോക്കി. അവഠം ചുമരിലുള്ള കണ്ണാടിയിൽ നോക്കി നില്ക്കുന്നു. പതുക്കെ ഞാൻ കസാലയിൽനിന്നെഴുന്നേററു. അവളുടെ പിന്നിൽച്ചെന്നു്, കണ്ണാടിയിലേയ്ക്കൊളിഞ്ഞുനോക്കി. അവഠം ഒന്നു ഞെട്ടി. അമ്പരപ്പോടുകൂടി എൻെറ മുഖത്തേയ്ക്കു നോക്കി. ആ മുഖത്തിലെ രക്തം എവിടന്നോ ഓടി ഒളിച്ചിരുന്നു. ഞാൻ ഒന്നും

പറയാതെ തിരിച്ചുവന്നു കസാലയിലിരുന്നു. വീണ്ടും മുറിയിൽ നിശ്ശബ്ദത. ഞാൻ ചോദിച്ചു:

"നിൻെറ പേരെന്താണ്?"

"മാധവി."

"നിനക്കെന്തുശമ്പളമുണ്ട്?"

"ഉടുപ്പും കഴിച്ചു 3 ക."

"നിനക്കാരൊക്കെയുണ്ട്."

"അമ്മയുമൊരാങ്ങളയും."

"ആങ്ങളയ്ക്കെന്താ ജോലി?"

"പട്ടാളത്തിൽ പോയി."

"അമ്മയെന്തു ചെയ്യുന്നു?"

"അമ്മ ഒരിടത്തു വേലക്ക് നീക്കേണ്."

അവരം എൻെറ സമീപത്തേയ്ക്കു നീങ്ങിനിന്നു. സങ്കോചത്തോടുകൂടി ചോദിച്ചു:

"രാജ്യമെവടേണ്?"

"—യിൽ"

"ഇവടേന്തിന് വന്നു?"

"ഒരു ജോലിടാവശ്യത്തിന്നു്."

"ജോലി കിട്ടിയാപ്പിന്നെ ഇവടേണാ താമസിക്കാമ്പോണതു്"

"ഒന്നും തീരുമാനിച്ചിട്ടില്ല."

അവളുടെ മുഖത്തു തെല്ലു നിരാശ നിഴലിച്ചു. ഞാൻ ചോദിച്ചു:

"ഇവിടെ എപ്പോഴാണ് അലക്കുകാരൻ വരുന്നതു്?"

"ആഴ്ച്ചേ രണ്ടു തവണ. ചൊവ്വായും വെള്ളിയും, എന്തിനാണ്"

"ഒന്നുരണ്ടു ഷർട്ടും മുണ്ടും ഉണ്ട്."

"ഇങ്ങോട്ടു തന്നാ ഞാനലക്കിത്തരാം."

"അപ്പോ ഹോട്ടലിലെ ജോലിയാരു നോക്കും?"

"ഇവട ജോലിയൊക്കെയൊതുങ്ങുമ്പ അലക്കാം. ഇനി വേറെയുമൊക്കേണ്ടലക്കാൻ,"

"അലക്കാൻ സമയമാകുമ്പ ഇങ്ങോട്ടു വന്നാൽ മതി, നിനക്കെന്തുതരണം?"

"ഒന്നും തരണ്ട."

"ഒന്നും തരേണ്ടേ? വേലയെടുക്കുന്നതിനു നീ ആരോടും കൂലി വാങ്ങാറില്ലേ?"

"എനിക്കൊന്നും തരണ്ട."

അവൾ പുറത്തിറങ്ങി നടന്നു. നാലഞ്ചടി നടന്നിട്ട് അവൾ തിരിച്ചുവന്നു. വാതുക്കൽനിന്നു ചോദിച്ചു:

"എന്തിന്നാ പേര്?"

"ഗോപാലൻ."

അവൾ സംതൃപ്തിയോടെ നടന്നു. ഞാൻ വിളിച്ചു: "മാധവി!"

"എന്തോ," അവൾ തിരിച്ചു വന്നു.

"മുറി അടിച്ചില്ലല്ലോ?"

അവൾ മുറിക്കകത്തേയ്ക്കു കടക്കാൻ ഭാവിച്ചു. ഞാൻ പറഞ്ഞു:

"വേണ്ട; ഇനി നാളെ അടിച്ചാൽ മതി."

അവൾ കുതിച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോൾ അവൾ വീണ്ടും വന്നു.

"മുണ്ടും ഷർട്ടും എവിടെ?"

ഞാൻ മുഷിഞ്ഞു കിടന്നിരുന്ന രണ്ടു ഷർട്ടും രണ്ടു മുണ്ടുമെടുത്തു നീട്ടി. അവൾ അതു വാങ്ങിക്കുന്നതിനിടയിൽ എന്റെ കൈയ്യിൽ പതുക്കെ സ്പർശിച്ചു. എന്നിട്ട്, ഞൊടിയിട നില്ക്കാതെ, അതും കൊണ്ടു മറഞ്ഞുകളഞ്ഞു.

ദിവസവും അവൾ എന്റെ മുറിയിൽ വന്നുകൊണ്ടിരുന്നു. ഞങ്ങൾ തമ്മിൽ സംസാരിക്കും. എനിക്കവൾ വസ്ത്രങ്ങൾ അലക്കിത്തരും. ഞാൻ അവൾക്കു പലതും കൊടുക്കും. അവൾ ഒന്നും വാങ്ങിച്ചിട്ടില്ല. "ഞാൻ ആവശ്യമുള്ളപ്പോൾ ചോദിച്ചുകൊള്ളാം." ഇങ്ങനെയാണു ഞാൻ കൊടുക്കുന്ന എന്തും അവൾ നിരസിച്ചിരുന്നതു്. എന്നാലും എനിക്കൊരു വാശിയുണ്ടായിരുന്നു: എന്തെങ്കിലും അവളെക്കൊണ്ടു സ്വീകരിപ്പിക്കണമെന്നു്.—അല്ലാ, അവളെ പററിക്കണമെന്നു്. ഒരു ദിവസം ഞാൻ തലയിൽ കുന്തളതൈലം പുരട്ടുമ്പോഴാണു് അവൾ കടന്നുവന്നതു്. ഓ, ഇതൊന്നു മണത്തുനോക്കു, എന്നു പറഞ്ഞു് അവളെ അടുത്തു വിളിച്ചിട്ടു് ആ കുപ്പി അവളുടെ

തലയിലേയ്ക്കു കമഴ്ത്തി. ഒരു പക്ഷെ, അവളുടെ മുടിയിൽ ആദ്യ മായിരിക്കാം 'ഹെയർ ഓയിൽ' പുരണ്ടതു്. എങ്കിലും, അവരം ഇഷ്ടപ്പെട്ടില്ല. പോരാ, അവരം പേടിച്ചു. അവരം പറഞ്ഞു:

"മാനേജരുടെ ഭാര്യ്യങ്ങാനും ഈ മണം കേട്ടാലന്നെന്നെ കൊന്നു കളേം."

"നീ പറയൂ: നീ താഴത്തു നിന്നപ്പോരം മോളിൽ നിന്നാരോ കുപ്പി ഊററിയപ്പോരം നിൻെറ തലയിൽ ഒരു തുള്ളി വീണതാണെന്നു്."

"ഉം. അവരു് നല്ല ബുദ്ധിയുള്ള മനുഷ്യേത്യാ."

"ങ്ഹാ, എന്നാൽ നീ പറയൂ ഞാൻ നിൻെറ തലയിൽ ഒഴിച്ചതാണെന്നു്."

"എന്നാലനുതന്നെ ഞാൻ പൊറത്താണു്."

"പിന്നെ നീ എന്തു പറയും?"

"ആ തൈലം കുറച്ചു ഒരു ചെറിയ കുപ്പിയിലെടുത്തു താ. ഇന്നലെ ആറാം നമ്പരിൽ താമസിച്ചിരുന്ന ആ 'നേസ്' തന്നതാണെന്നും പറഞ്ഞു് ഇതു ഞാൻ മാനേജരുടെ ഭാര്യ്യയ്ക്കുകൊടുക്കാം."

"അമ്പടി മിടുക്കി! നിനക്കു ബുദ്ധിയുണ്ടല്ലോ!"

ഒരു കഴുത്തില്ലാത്ത മഷിക്കുപ്പിയിൽ ഞാൻ അവരംക്കു കുറെ ഹെയർ ഓയിൽ ഒഴിച്ചുകൊടുത്തു. വിജയഭാവത്തോടുകൂടി അവരം പുറത്തേയ്ക്കു പോയി.

അവരം മുറിയിൽ വന്നാൽ എൻെറ കട്ടിലിൽ ഇരിക്കും. പണ്ടത്തെ 'സാറെ'ല്ലാം പോയി. സംബോധന 'ചേട്ട'നെന്നായി. പെരുമാററത്തിലെല്ലാം അവരംക്കു് എന്നിൽ ഒരധികാരമുള്ളതുപോലെ ദിവസവും വന്നയുടനെ അവരം ചോദിക്കും: "ജോലിയുടെ കാര്യ്യമെന്തായി? ഇന്നു് ഊണു കഴിച്ചോ? കാപ്പി കുടിച്ചോ?" അങ്ങനെ എൻെറ ജീവിതത്തിൽ ഒരു ഭാഗഭാഗിത്വം. 'ഇതൊക്കെലോകമറിഞ്ഞാൽ' എന്നു ഞാൻ പലപ്പോഴും വിചാരിക്കും. എന്നാൽ ഒരു വിധത്തിലും അവളെ നിയന്ത്രിക്കുവാൻ ഞാൻ ശക്തനായില്ല. അതവളെ വേദനിപ്പിച്ചാലോ.

എൻെറ മടിശ്ശീല ഒഴിയാറായി. ജോലിക്കിനിയും 'വേക്കൻസി'യുണ്ടായിട്ടില്ല. വീട്ടിലേക്കെഴുതിയിട്ടെന്തിനാണ്. അവിടത്തെ കുട്ടികളുംകൂടി ഏകാദശി നോക്കാറുണ്ട്. പിന്നെ, കള്ളി പുറത്തു കാണിക്കാതെ ഗമിക്കുകതന്നെ.

അന്നു വൈകുന്നേരം മാധവി വന്നപ്പോൾ ഞാൻ അവളോടു പറഞ്ഞു.

"ഞാൻ നാളെ പോകുകയാണ്. ജോലി കിട്ടുവാൻ രണ്ടാഴ്ചത്തെ താമസംകൂടിയുണ്ട്. അപ്പോഴേയ്ക്കും വീട്ടിൽ പോയിട്ടു വരാം. അതുവരെ താമസിക്കുവാൻ പണം തികയുന്ന കാര്യം പ്രയാസം.

"പണത്തിൻെറ കാര്യംകൊണ്ടാണു പോണതെങ്കി കുറെ പണം ഞാൻ തരാം."

"അതുകൊണ്ടല്ല. വീട്ടിൽ പോകേണ്ട കാര്യവും കൂടിയുണ്ട്."

"പത്തു രൂപാ എൻെറ കിടപ്പുണ്ട്. എപ്പഴെങ്കിലും തന്നാ മതി".

"വേണ്ടാ, വീട്ടിൽ പോയിട്ടു വരട്ടെ. എന്തിനാ വെറുതെ പണം ചിലവാക്കുന്നത്?"

"എന്നാ എനിക്കു ചേട്ടൻെറ അഡ്രസൊന്നു് എഴുതി തന്നേരു്."

"നിനക്കെന്തിനാ അഡ്രസ്?"

"ചുമ്മാ കൈയ്യിലിരിക്കട്ടെ."

"അല്ലാ, നിനക്കെഴുത്തെഴുതാനറിയാമോ?"

"കുറേശ്ശെ."

ഞാൻ ഒരു തുണ്ടു കടലാസ്സിൽ എൻെറ മേൽവിലാസം എഴുതിക്കൊടുത്തു. പിന്നേയും എന്തോ അവൾക്കു കൊടുക്കണമെന്നു് എനിക്കു തോന്നി. ഞാൻ പെട്ടി തുറന്നു് ഒരു മുണ്ടെടുത്തു കടലാസിൽ ചുരുട്ടി അവളുടെ നേർക്കു നീട്ടി. അതു വാങ്ങുവാൻ അവൾ മടിച്ചു എങ്കിലും സന്തോഷത്തോടുകൂടി അതു് അവൾ വാങ്ങി. എനിക്കും ഒരു ചാരിതാർത്ഥ്യമുണ്ടായി.......ഞങ്ങൾ കുറച്ചുനേരം നിശബ്ദരായി. അവളുടെ മുഖത്തു വല്ലാത്തൊരു ഭാവപ്പകർച്ച. ആ കണ്ണുകളിൽ ചില മൂകമായ അഭ്യർത്ഥനകൾ. ഞാൻ അവളെ അടുത്തേയ്ക്കു വിളിച്ചു. അവൾ ഞാൻ ഇരുന്നിരുന്ന കട്ടിലിൻെറ സമീപത്തു വന്നു നിന്നു. എൻെറ അപേക്ഷയനുസരിച്ചു് അവൾ

എന്നോടൊപ്പം കട്ടിലിലിരുന്നു. ഞാൻ അവളുടെ കയ്യെടുത്തു ചുംബിച്ചു. അവരം പൊട്ടിക്കരഞ്ഞു. ആ മുഖം ഞാൻ മാറോടു ചേർത്തുപിടിച്ചു; തലയിൽ തടവി..........

ഞാൻ ഹോട്ടലിൽനിന്നു പോയിട്ടു പത്തു ദിവസമായി. സൌത്ത് ഇന്ത്യൻ റെയിൽവെ കമ്പനിക്കാർ എന്നെ തൃശ്ശിനാപ്പള്ളിയിൽ ഒരു ക്ലാക്കായി നിയമിച്ചു. ഞാൻ ഒട്ടും താമസിച്ചില്ല. പിറേറ ദിവസംതന്നെ തൃശ്ശിനാപ്പള്ളിക്കു വണ്ടികയറി.

ആദ്യത്തെ അഞ്ചുമാസം പരിശീലനകാലമാണ്. അവധിയെടുക്കുവാൻ അവർ അനുവദിച്ചില്ല. റെയിൽവേയിലുള്ള ഒരു മുറിയിൽത്തന്നെയായിരുന്നു എൻെറ താമസം.

രാത്രിയുടെ ഏകാന്തതയിൽ ഞാൻ മാധവിയുമായിരുന്നു സങ്കല്പ സംഭാഷണം ചെ . ഉറക്കത്തിലും അവരം എന്നെ വിട്ടു പിരിയാറില്ല അവരം വന്നുകൊണ്ടു ചോദിക്കും: "ജോലിയെന്നാണു കിട്ടുന്നതു്? ഊണുകഴിച്ചോ ഇന്നു്? കാപ്പികുടിച്ചോ?" ചിലപ്പോഴൊക്കെ അവരം കട്ടിലിലിരുന്നു ഞാൻ വായിക്കുന്ന പുസ്തകത്തിലേയ്ക്കു ഉൽക്കണ്ഠാപൂർവ്വം നോക്കും: കണ്ണുനീരോടുകൂടി, യാത്രചോദിക്കുന്ന ഭാവത്തിൽ അവരം എൻെറ മുമ്പിൽ നില്ക്കുന്നതുകണ്ടു ഞാൻ ഞെട്ടിയുണരും. ഏതോ ചില തെരുവുകളിൽ ഭ്രാന്തിയെപ്പോലെ അലഞ്ഞുനടക്കുന്നതായും ഞാൻ അവളെക്കണ്ടിട്ടുണ്ട്. അങ്ങനെ അനേകം രാത്രികരം എൻെറ കിടപ്പറയോടു യാത്രപറഞ്ഞു.

അഞ്ചു മാസം കഴിഞ്ഞു. ഞാൻ ഒരു മാസത്തെ അവധിയെടുത്തു. രാജ്യത്തേയ്ക്കു മടങ്ങി വരുന്ന വഴിക്കു തന്നെ ഞാൻ ഹോട്ടലിൽ കയറി.

മാധവിയെ അന്വേഷിച്ചു കുറേ നാളായി; അവരംക്കു തലയ്ക്കുനല്ല സുഖമില്ലാതിരുന്നെന്നും ഒരു ദിവസം ആരോടും മിണ്ടാതെ എവിടയോ പോയെന്നും മാനേജർ പറഞ്ഞു.

ഞാൻ വീട്ടിലേയ്ക്കു ചെന്നു. അമ്മ പലേ വിശേഷങ്ങളുടേയും കൂട്ടത്തിൽ പറഞ്ഞു: കുറേ നാരംമുമ്പു നിന്നെ അന്വേഷിച്ചു ഒരു പെണ്ണു് ഒന്നു രണ്ടു പ്രാവശ്യം ഇവിടെവന്നു. എന്തോ മാധവി എന്നോ മറോ ആണു പേരു്.

പിന്നീടൊരിക്കലും ഞാൻ അവളെക്കണ്ടിട്ടില്ല.

---

# ഇരുളിൽ

പ്രപഞ്ചം ഇരുളിൻെറ കവാടത്തിലെത്തി. പട്ടണം ജ്വരമ്പി മറിഞ്ഞു. ചില്ലിട്ട കണ്ണുകളും ചീകിമിനുക്കിയ തലകളുമുള്ള ജൌബികരായ കാമദേവന്മാർ, പട്ടുസാരികളിൽപൊതിഞ്ഞ കുട്ടിക്കരോരംഭകരം—അവധിയില്ലാതെ സിനിമാശാലകളിലേയ്ക്കും ഉദ്യാനങ്ങളിലേയ്ക്കും പ്രവഹിച്ചു. ആകാശവാണികളും സ്വനഗ്രാഹികളും കൂടി അന്തരീക്ഷത്തെ സംഗീതാത്മകമാക്കി. നിയമകോവിദന്മാർ, ന്യായാസനസ്ഥർ, തോട്ടികരം, തുപ്പുകാർ—എന്നുവേണ്ട എല്ലാജനവിഭാഗവും മാന്യരാണെന്ന ഗാംഭീര്യം പ്രദർശിപ്പിച്ചുകൊണ്ടും ആകർഷിക്കപ്പെടുവാനുള്ള ആവേശമടക്കിക്കൊണ്ടും ടാറിട്ട തെരുവിൽകൂടി ഉലാത്തുകയാണ്. പശ്ചിമചക്രവാളം എരിഞ്ഞടങ്ങുന്ന പട്ടടയെപ്പോലെ നിൽക്കുകയാണ്.

ഗോപിനാഥൻ ചിന്താമഗ്നനായി ചാരുകസാലയിൽ കിടക്കുന്നു. ഒട്ടി വിളർത്ത മുഖത്തു ശ്മശ്രുക്കരം നീണ്ടുനിൽക്കുന്നു. പാറിപ്പറക്കുന്ന തലമുടി. അർദ്ധനഗ്നമായ ശരീരം. ഇടനാഴികയിൽ പാദപാതശബ്ദം കേട്ട് അയാരം തിരിഞ്ഞുനോക്കി. വിജയൻ സായാഹ്നസവാരിക്ക് ഉടുത്തൊരുങ്ങി വരുന്നു. വരാന്തയിൽ കാലുവെച്ചയുടനെ അയാരം ചോദിക്കയാണ്:—

"ഗോപീ! താൻ നടക്കാൻ വരുന്നില്ലേ? എഴീക്ക്!"

"എനിക്കു നല്ലസുഖം തോന്നുന്നില്ല. താൻ തനിച്ചുനടന്നിട്ടു വരിക! ഞാൻ ഇവിടത്തന്നെ ഉണ്ടാകും."

"തനിക്കെന്താ സുഖക്കേട്? വാതപ്പനിയോ? പോയി ക്ഷൌരംചെയ്ത്, കുളിച്ചുവരു. ഞാൻ ഇവിടെയിരിക്കാം."

വിജയൻ സമീപത്തുള്ള ഒരു കസാലയിൽ ഇരിപ്പുറപ്പിച്ചു. വീണ്ടും ചോദിച്ചു:—

"താൻ എന്തിനേക്കുറിച്ചാണു ചിന്തിക്കുന്നതു്?"

"വിജയാ! ലോകത്തിൽ എല്ലായ്പോഴും ഇരുട്ടായിരുന്നെങ്കിൽ........"

"ഇരുട്ടായിരുന്നെങ്കിൽ?"

"കീറിയതും നാറിയതുമായ വസ്ത്രങ്ങൾ ധരിക്കുന്നതിൽ മനുഷ്യർക്കു ലജ്ജിക്കേണ്ടിവരില്ലായിരുന്നു."

വിജയൻ സ്തബ്ധനായി. അയാളുടെ ഹൃദയത്തിൽ ഒരു നേരിയ വേദന. ജീവിതത്തിൻെറ ഇരുട്ടറയിൽ സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഗോപിയുടെ കണ്ണുകളിലേയ്ക്കു വിജയൻ അറിയാതെ ഒന്നു നോക്കി. ആ കണ്ണുകളുടെ അന്തർഭാഗത്തു് ഈ മഹാപ്രപഞ്ചം ഒതുങ്ങിയിരുപ്പുണ്ടെന്നു് അയാൾക്കു തോന്നി. അയാൾ ചോദിച്ചു:—

"ഗോപീ! ഞാൻ വീട്ടിൽ പോയിട്ടുവരട്ടെ!"

"സ്നേഹിതാ! എനിക്കതിനു അഭിമാനക്ഷയമില്ല. നിങ്ങൾ അന്യരെ ആശ്രയിച്ചു ജീവിക്കുകയാണെന്നോക്കണം. ഒരു ഷർട്ടും മുണ്ടും എനിക്കു തന്നാൽ നിങ്ങൾ പലരോടും പച്ചക്കള്ളം പറയേണ്ടിവരും."

"ഗോപീ! ഉച്ചയ്ക്കു് ഊണുകഴിച്ചോ?"

"ഊണു കഴിച്ചില്ല. ഹോട്ടൽക്കാരനു സഹിക്കാവുന്നിടത്തോളം തന്നു. അയാളെന്തുചെയ്യും? പതിനേഴുരൂപാ ചിലവാനമുണ്ടു്. മുറിവാടകയ്ക്കു വീട്ടുടമസ്ഥൻ നിർബ്ബന്ധിച്ചിട്ടുപോയി. ഇനിയും ജോലികിട്ടുന്ന സമ്പ്രദായത്തിലല്ല."

വിജയനു സംസാരിക്കുവാൻ കഴിഞ്ഞില്ല. അയാൾ പോക്കററിൽനിന്നു നാലണ എടുത്തു ഗോപിക്കു കൊടുത്തിട്ടു രാത്രി കാണാമെന്നുപറഞ്ഞു പുറത്തിറങ്ങി.

രാത്രി ഒമ്പതുമണികഴിഞ്ഞു. ഗോപി തൻെറ മുറിപൂട്ടി പുറത്തിറങ്ങി. 'ഇമ്പിച്ചി'യുടെ കടയിൽച്ചെന്നു മൂന്നരയണയുടെ ഊണു കഴിച്ചു. കാലണയ്ക്കു ബീഡിവാങ്ങി, ഒരെണ്ണം കത്തിച്ചു പുകവിട്ടുകൊണ്ടു് അയാൾ പാർക്കിലേയ്ക്കു നടന്നു. പാതയിൽ ജനബാഹുല്യം കുറഞ്ഞു. ഉടുമുണ്ടു പുതച്ചുകൊണ്ടു കാണയ്ക്കരികിൽകിടക്കുന്ന

യാചകരെ ചവിട്ടരുതെന്നകരുതലോടെ ഇരുട്ടത്തു് അയാൾ നടന്നു. പെട്ടെന്നു് അയാളുടെ പാദത്തിലേയ്ക്കു് ആരോ ആലക്തികദീപം മിന്നിച്ചു. ആൾ അടുത്തുവന്നു. ആജാനുബാഹുവായ ഒരു ദൃഢഗാത്രൻ; മുപ്പത്തഞ്ചുവയസ്സു പ്രായം. തലയിൽ തലപ്പാവു്, രക്തവർണ്ണമുള്ള മുഖത്തു കറുത്ത കനത്ത താടിയും മീശയും. കണ്ഠംമുതൽ കണങ്കാൽവരെ ഖാക്കി ഉടുപ്പു്. പാദങ്ങളിൽ പാപ്പാസ്. അയാൾ പതറിയതും പതുങ്ങിയതുമായ സ്വരത്തിൽ ഹൂണഭാഷയിൽ ഗോപിയോടു ചോദിച്ചു:—

"സഹോദരാ! നിങ്ങൾക്കു് ഇംഗ്ലീഷ് അറിയാമോ?"

"ഒരുവിധമൊക്കെ"

"എന്റെകൂടെ അല്പം നടക്കുവാൻ ദയവുണ്ടാകണം."

"വിരോധമില്ല."

അവർ രണ്ടുപേരും കുറച്ചുദൂരം നിശ്ശബ്ദരായി നടന്നു. ആഗതൻ, കിതയ്ക്കുകയും പരിഭ്രമിക്കുകയും ചെയ്തിരുന്നു. അയാൾ തന്റെ പാരവശ്യം നിയന്ത്രിച്ചുകൊണ്ടു വിനീതസ്വരത്തിൽ പറഞ്ഞു:—

"ഞാൻ നിങ്ങളോടു പറയുവാൻപോകുന്നതു മര്യാദകേടാണെന്നെനിക്കറിയാം. പക്ഷെ, ക്ഷമിക്കണം. പോരാ, എന്നെ സഹായിക്കണം, അതിനു ദയവുണ്ടാകുമോ?"

"എന്താണെങ്കിലും കേൾക്കട്ടെ. ആകുന്നതാണെങ്കിൽ സഹായിക്കാം."

"ഞാൻ സ്ത്രീയുടെ മണംകേട്ടിട്ടു രണ്ടരക്കൊല്ലമായി. എന്റെ ശരീരത്തിൽ തീ കത്തുന്നു. എനിക്കു്.......സ്നേഹിതാ! ക്ഷമിക്കണം.......ഞാൻ എന്തുവേണമെങ്കിലും.......എനിക്കു്.......ഒരു വേശ്യാഗൃഹം കാണിച്ചുതരൂ!"

ഗോപി വിചാരിച്ചു: "ഇദ്ദേഹം ഒരു പൈതലിനെപ്പോലെ. കഷ്ടം! എത്ര നീചമായ ഒന്നിനാണു് ഞാൻ വശപ്പെടേണ്ടതു്! എന്റെ ജീവിതം! എന്റെ സംസ്കാരം! എന്റെ ആദർശം! ഇവയെ അടിതകർക്കുവാൻ.......വളരെ കഴിവുള്ള ഒരു മനുഷ്യൻ—പൊതുജനങ്ങളുടെ ദൃഷ്ടിയിൽ ഒരു മാന്യൻ—എന്റെ മുന്നിൽ അരവഷ

ളൻ. ആവൂ! പാവം! അദ്ദേഹത്തെ അങ്ങോട്ടേയ്ക്കെന്നുകൊണ്ടു വഴി കാണിച്ചുക്കൂടാ?" ഗോപി അയാളോടു ചോദിച്ചു:—"നാം നടക്കുന്ന വഴി.വല്ല പോലീസുകാരും എന്നെ തടയുന്നപക്ഷം?" "എൻെറ ക്കൂടെ നടക്കുന്നവരെ ആരും തടയുകയില്ല."

ഒരുയന്ന ഉദ്യോഗസ്ഥൻെറ സകല പ്രാഭവവും ആ സ്വരത്തിൽ സ്ഫുരിച്ചിരുന്നു. ഒടുവിൽ ഗോപി വിചാരിച്ചു:—"ഞാൻ നടക്കുന്ന വഴിയല്ലേ ആ വീട്ട്. ഒന്നു ചൂണ്ടിക്കാണിച്ചുകൊടുത്താൽ മതിയല്ലോ?" ഗോപി അദ്ദേഹത്തെ ആശ്വസിപ്പിച്ചു.

"എത്ര ദൂരത്താണതു്?"

"കുറച്ചുക്കൂടിപ്പോണം."

"വണ്ടി പിടിക്കണോ?"

"വേണ്ട, അടുത്താണ്."

അദ്ദേഹം ഒന്നു നെടുവീർപ്പിട്ടു. തിളച്ചുമറിയുന്ന ഭോഗതൃഷ്ണയുടെ നീരാവി.

അവർ ഒരു തകരവാതിലിൽ മുട്ടി. ഉടനെ ഒരു പയ്യൻ വന്നു കതകു തുറന്നു. അവർ നിസ്സങ്കോചം വീട്ടിനുള്ളിൽ കടന്നു. ഒരു പ്രായം ചെന്ന സ്ത്രീ അവക്കു രണ്ടു കസാല നീക്കിയിട്ടുകൊടുത്തു............

രാത്രിക്കു പകുതി വയസ്സായി. അവർ പടിക്കു പുറത്തിറങ്ങി. പിന്നീട്ട് അവർ കൂട്ടത്തൽ സംസാരിച്ചില്ല. അയാറം ഗോപിയുടെ കൈയിൽ രണ്ടു് ഒററനോട്ടെടുത്തുവച്ചു. ഒരു റിക്ഷാവണ്ടിയിൽ കയറി അയാറം പോയി. ഒരു വൈദ്യുതദീപത്തിൻെറ സമീപമെത്തി ഗോപി ആ നോട്ടുകറം നല്ലവണ്ണം പരിശോധിച്ചു.

അന്നുരാത്രി അയാറം വളരെ താമസിച്ചാണുറങ്ങിയതു്. രണ്ടു മൂന്നു മണിക്കൂർനേരംകൊണ്ടു് അയാറംക്കു രണ്ടുരൂപാ കിട്ടി. അതു് ഗോപിയുടെ ജീവിതത്തിലെ ഒരു അപൂവ് സൌഭാഗ്യമാണ്. അനവധി രാപ്പകൽ അയാറം പട്ടിണികിടന്നിട്ടുണ്ടു്. അനവധി പടിവാതുക്കൾ അയാറം ഉദ്യോഗമന്വേഷിച്ചു മുട്ടിയിട്ടുണ്ടു്. അയാറം വിചാരിച്ചു:—"നാളേയും ആ മനുഷ്യനെ കണ്ടെങ്കിൽ."

പിറേറദിവസവും രാത്രിയിൽ ഗോപി ആ വഴിയിൽ ചുററി നടന്നു. അയാളെ കണ്ടില്ല. ഗോപി അയാളെ പകൽ സ്വപ്നം കാണാൻ തുടങ്ങി. അയാളുടെ പതറിയസ്വരം ഗോപിയുടെ കണ്ണത്തിൽ വന്നലച്ചു. അങ്ങിനെ അയാരം മൂന്നുദിവസംകഴിച്ചു. നാലാം ദിവസം അയാളെ കണ്ടു. അന്നു് അവർ പൂർവ്വാധികം സന്തോഷത്തോടുകൂടിയാണു പെരുമാറിയതു്. അയാളുടെ സംസാരത്തിന്നു് ഇടർച്ചയില്ലായിരുന്നു. ഗോപിക്കു സങ്കോചവും തോന്നിയില്ല.

ഗോപി വിചാരിച്ചു:—"അഭിമാനം! ആദർശം! ശുദ്ധമരയത്തം. പരീക്ഷായോഗ്യതയുണ്ടായിരുന്നാൽക്കൂടി ജീവിതകല പഠിക്കാത്തവൎക്കു് ഇന്നത്തെ ലോകത്തിൽ പട്ടിണിതന്നെ ആധാരം. ജന്മികളുടേയും മുതലാളിമാരുടേയുമാണു ലോകം. അവരുടെ ഇഷ്ടത്തെ അനുവൎത്തിക്കുന്ന നീതി. എല്ലാ മനുഷ്യൎക്കും അവരുടെ വാസനയനുസരിച്ചു വികസിക്കുവാനും ബുദ്ധിക്കനുസരിച്ചുയരുവാനും ഇന്നത്തെ സാമൂഹ്യഘടന അനുവദിക്കുന്നില്ല. അപ്പോരം അതിനനുസരണമായ ഒരു ജീവിതം."

കുറച്ചു ദിവസം കഴിഞ്ഞു. ഗോപി അയാളുടെ 'സർട്ടിഫിക്കററ്' തുണ്ടുതുണ്ടായിക്കീറി ആകാശത്തിൽ പറപ്പിച്ചു. ഇത്രനാരം അതു സൂക്ഷിച്ചു വച്ചതുകൊണ്ടു് അയാരംക്കു യാതൊന്നും സിദ്ധിച്ചിട്ടില്ല. പരീക്ഷായോഗ്യത!—അതും പണക്കാൎക്കാണെങ്കിലെ ഫലമുള്ളു. ലോകത്തിന്നു് അപവാദം പറയുവാനും, ഉപദേശിക്കുവാനുമുള്ള ശീലം.

ഗോപിയുടെ മുറിയിൽ രാത്രികാലങ്ങളിൽ അനവധി സന്ദർശകന്മാർ വന്നുതുടങ്ങി. അവരെ അയാരം അറിയില്ല. അവരുടെ പണസഞ്ചിയുമായി അയാരംക്കുററബന്ധമുണ്ടു്. പകലും അയാളുടെ മുറിയിൽ വളകിലുക്കലും, പൊട്ടിച്ചിരിയും കേരംക്കാറുണ്ടു്. അതൊക്കെ കേരംക്കാൻ അയാളുടെ സുഹൃത്തുക്കാരം രാത്രിമാത്രമേ അവിടെ ചെല്ലുകയുള്ളു. ആളുകരം പറയാറുണ്ടു്; ഗോപി പത്താം ക്ലാസ്സു് പാസ്സായിട്ടു് ഇത്ര കൊള്ളരുതാത്ത ഒരു തൊഴിലിന്നാണല്ലൊ പുറപ്പെട്ടതെന്നു്. പക്ഷെ, അതിനയാളാണോ കുററക്കാരൻ?

---

# ഘാതകൻ

"അയ്യോ! കുമാരേട്ടാ, കുമാരേട്ടാ, എന്നെ വിടു! അയ്യോ! ഞാനല്ല കുമാരേട്ടാ!"

ഉറക്കത്തിൽകിടന്നു കൃഷ്ണൻ ഉച്ചത്തിൽ കരയാൻതുടങ്ങി. രാധ, അയാളുടെ ഭാര്യ പരിഭ്രമത്തോടുകൂടി ഞെട്ടിയെഴുന്നേററു വിളക്കു കത്തിച്ചു. അയാളുടെ ഉരത്തിൽ തട്ടിവിളിച്ചു: "ദേ, അങ്ങോട്ടെണീററാട്ടെ! എന്താണീ പേയും പിച്ചും പറയുന്നതു്! അങ്ങോട്ടെണീക്കെന്നു്." അയാൾ തലയുയത്തി ഭാര്യയെ നോക്കിയിട്ടു്, "ങ്ഹ്, എന്താണു്?" "നിങ്ങളെന്താണു നിലവിളിച്ചതു്?" കൃഷ്ണൻ എഴുന്നേററിരുന്നു. അയാൾ ചുററുപാടും ഒന്നു പകച്ചു നോക്കി. ഭാര്യയുടെ കൈത്തണ്ടയിൽ മുറുക്കിപ്പിടിച്ചുകൊണ്ടു പറഞ്ഞു:—

"ദേ, കുമാരേട്ടൻ!"

"എവിടക്കുമാരേട്ടൻ, ഏതു കുമാരേട്ടൻ? ദേ, തല ചുററുന്നുണ്ടോ? നിങ്ങൾക്കു വെള്ളം കുടിക്കണോ?"

"ങ്ആ, വെള്ളം കൊണ്ടുവാ!"

അയാൾ പായിൽ ചമ്രംപടിഞ്ഞിരുന്നു. കുരുത്തോലപോലെ വിളത്ത മുഖം. ഭയചകിതമായ നോട്ടം. വരണ്ട തൊണ്ട.

രാധ ഒരു കിണ്ടി വെള്ളം കൊണ്ടുവന്നു. അവൾ ഒരു കൈ വെള്ളം അയാളുടെ മുഖത്തു തളിച്ചു. കിണ്ടിയുടെ വാൽ അയാളുടെ വായിൽ വെച്ചുകൊണ്ടു് അവൾ പാകത്തിനു വെള്ളം വാർത്തു കൊടുത്തു. വെള്ളം കുടി കഴിഞ്ഞു, രാധ തോർത്തെടുത്തു് അയാളുടെ മുഖം നല്ലവണ്ണം തുടച്ചു. മുഖത്തു രക്തമയം കാണാൻതുടങ്ങി. അവൾ വിളക്കടുപ്പിച്ചുവെച്ചു. പുറം തടവിക്കൊണ്ടു ശാന്തസ്വരത്തിൽ ചോദിച്ചു:—

"എന്താണ് നിങ്ങൾ വല്ല സ്വപ്നവും കണ്ടോ?"

"കണ്ടു. ഒരു ഭയങ്കരമായ സ്വപ്നം."

"എന്താണ് സ്വപ്നം? ഓർക്കുന്നുണ്ടോ?"

"ഒരാൾ വന്ന് എൻെറ കഴുത്തിനു ഞെക്കിപ്പിടിച്ചു."

"ആളാരാണെന്ന് ഓർക്കുന്നുണ്ടോ? നിങ്ങളെന്താണ് 'കുമാരേട്ടാ, എന്നെ വിടു, കുമാരേട്ടാ എന്നെ വിടു കുമാരേട്ടാ' എന്നു പറഞ്ഞതു്?"

"എൻെറ കഴുത്തിനു ഞെക്കിപ്പിടിച്ചതു കുമാരൻ ചേട്ടനാണ്."

"ഏതു കുമാരൻ ചേട്ടൻ?"

"ഇന്നാൾ തൂങ്ങിച്ചത്ത കുമാരൻ ചേട്ടനെ നീ അറിയില്ലേ?"

"അയാൾ നിങ്ങളുടെ കൂട്ടുകാരനായിരുന്നല്ലോ? പിന്നെന്താണു നിങ്ങളെ ഉപദ്രവിക്കാൻ? ചിലപ്പോൾ സന്തോഷംകൊണ്ടു പിടിച്ചതായിരിക്കാം."

"സന്തോഷം കൊണ്ടല്ല. എന്നെ കൊല്ലാൻവേണ്ടിത്തന്നെ. എന്നെ അയാൾ കൊല്ലണം. രാധേ! എന്നെ കുമാരൻചേട്ടൻ കൊല്ലണം! ഞാൻ അത്ര പാപിയാണ്." കൃഷ്ണൻെറ കവിൾത്തടങ്ങൾ നനഞ്ഞു.

"നിങ്ങളെന്താണങ്ങനെ പറഞ്ഞതു്? നിങ്ങളെന്തിനാണു കരയുന്നതു്? ഞാൻ കരയേണ്ടതിനുപകരം നിങ്ങൾ കരയുന്നു."

"രാധേ, അയാൾ നല്ല മനുഷ്യനായിരുന്നു. ഞാനൊരു പിശാചാണ്. അല്ലെങ്കിൽ... ...." അയാൾ ചുമരുകളിലേയ്ക്കു സൂക്ഷിച്ചു കണ്ണോടിച്ചു.

"എന്തോ നിങ്ങൾ പറയാൻ പോയിട്ട് എന്താണു നിറുത്തിക്കളഞ്ഞതു്?"

"നീ എന്നെപ്പിടിച്ചു സത്യംചെയ്യു; ആരോടും പറകയില്ലെന്നു്! ആ രഹസ്യം ഞാൻ നിന്നോടു പറയാം."

"നിങ്ങളാണാ സത്യം, ഞാൻ നിങ്ങൾ പറയുന്ന കാര്യം ആരോടും പറകില്ല."

"കുമാരൻചേട്ടൻ തൂങ്ങിമരിച്ചതല്ല."

രാധ ഒന്നു ഞെട്ടി. അവളുടെ ഹൃദയത്തിൽ ഉല്ക്കണ്ഠയും വ്യസനവും അങ്കുരിച്ചു. അവൾ ചോദിച്ചു:

"പിന്നെ എങ്ങനെ മരിച്ചതാണ്?"

"നീ പീടികയിലെ നാരായണൻ ചേട്ടൻെറ ഭാര്യയെ അറിയുമോ?"

"ഉവ്വ്, സുമതിച്ചേച്ചിയേയല്ലേ? എന്നെ കല്യാണം കഴിച്ചുകൊണ്ടു വന്നതിനു ശേഷമല്ലെ അവരു മരിച്ചതു്?"

"മൂന്നു കൊല്ലത്തിനു മുമ്പാണ്. അന്നു ഞാൻ നാരായണൻ ചേട്ടൻെറ പീടികയിൽ ശമ്പളത്തിനിരിക്കയാണ്. കച്ചവടം പൊടിപൊടിച്ചു നടക്കുന്നവസരമാണ്. പീടിക പൂട്ടാറായി. ഉദ്ദേശം രാത്രി ഒൻപതു മണി കഴിഞ്ഞു. അയാൾ എന്നോടു പറഞ്ഞു:—"കൃഷ്ണൻ ചോറു തിന്നിട്ടു വേഗം വരണം കേട്ടോ?"

എന്തിനാണെന്നു ഞാൻ ചോദിച്ചില്ല. മൂപ്പീന്നിനു വല്ലിടത്തും പോകാനുണ്ടെന്നു കരുതി. പറഞ്ഞപോലെതന്നെ ഊണു കഴിഞ്ഞു പത്തര മണിയോടുകൂടി ഞാൻ ചെന്നു. അയാൾ ഊണും കഴിഞ്ഞു പടിപ്പുരയിൽ വന്നു നില്പുണ്ടായിരുന്നു. എന്നെക്കണ്ടയുടനെ പുറത്തേക്കിറങ്ങി. ഒരുവിധം നല്ല ഇരുട്ടുണ്ട്. ദൂരത്തല്ലാതെ ഒരു തെങ്ങിന്റെ ചുവട്ടിൽ ചെന്നിരുന്നു. അയാൾ കുറച്ചുനേരം മൗനമായിരുന്നശേഷം വളരെപ്പതുക്കെപ്പറഞ്ഞു: "നിന്നെ ഞാൻ എൻെറ അനുജനെപ്പോലെയാണു കരുതിയിരിക്കുന്നതു്. എനിക്കു വരുന്ന ദുഃഖത്തിലും സുഖത്തിലും പങ്കുകൊള്ളാനുള്ളവരും നിങ്ങളൊക്കെത്തന്നെയാണ്. എനിക്കൊരപമാനം സംഭവിച്ചാലും അതു നിങ്ങൾക്കുമൊക്കെ ഇരിക്കും." ഏതോ ഒരു വലിയ കാര്യം പറയാനുള്ള മുഖവുരയാണിതെന്നു് എനിക്കു മനസ്സിലായി. ഞാൻ പറഞ്ഞു: "ചേട്ടനെ ഞാൻ എൻെറ സ്വന്തം ചേട്ടനെപ്പോലെയാണ് കരുതിയിരിക്കുന്നതു്. പക്ഷെ, ഇതു ഞാൻ പറഞ്ഞറിയിക്കാതെതന്നെ ചേട്ടന് എൻെറ പ്രവൃത്തിയിൽനിന്നെല്ലാം മനസ്സിലായിക്കാണും. ചേട്ടനെന്താപത്തു വന്നാലും അതു് ആദ്യം എനിക്കു വന്നിട്ടേ

ചേട്ടൻ. വരു'' അയാൾ വളരെപ്പതുക്കെ സംസാരം തുടൻു. ''ഞാൻ ഇന്നു മൂന്നുമണി ആയപ്പോൾ വീട്ടിൽ വച്ചു ഒരടയ്ക്ക കണ്ടിക്കാൻ ഒരു കത്തി നോക്കിനടക്കയായിരുന്നു. അങ്ങനെ ചെല്ലുമ്പോഴുണ്ട്, സുമതിയുടെ കിടക്കയുടെ താഴെ ഒരു കടലാസുകഷണം! ഞാൻ അതെടുത്തു വായിച്ചു. കുമാരൻ സുമതിക്കു കൊടുത്ത ഒരെഴുത്തായിരുന്നു്. എഴുത്തുകൊണ്ടു് അവർ കുറെ നാളായി സ്നേഹത്തിലായിട്ടെന്നു തെളിയുന്നുണ്ടു്. എഴുത്തു വായിച്ചു. അതു കണ്ടെത്തിയ സ്ഥലത്തുതന്നെ മടക്കിവെച്ചു. അവൻ ഇന്നു പന്ത്രണ്ടുമണി കഴിയുമ്പോൾ വരുമെന്നു് അതിൽ പറഞ്ഞിട്ടുണ്ടു്. നമുക്കൊന്നു കാണണം. നമ്മുടെ സ്വന്തത്തിൽപെട്ട വേറെ ചിലരോടും ഞാൻ പറഞ്ഞിട്ടുണ്ടു്. നിൻറഭിപ്രായമെന്താണ്?'' നാരായണൻചേട്ടൻെറ വർത്തമാനം കേട്ടപ്പോൾ കുമാരൻചേട്ടനോട്ട് എനിക്കു വലിയ ഗൗരവംതോന്നി. ഒന്നാമതു്, ഞങ്ങൾ തമ്മിൽ വലിയ സ്നേഹമായിരുന്നിട്ടും എന്നോടു സുമതിച്ചേട്ടത്തിയുമായുള്ള സ്നേഹത്തെപ്പററി ഒരക്ഷരം മിണ്ടാതിരുന്നതു്'' രണ്ടാമതു, അയാൾ നമ്മുടെ കൃഷ്ണനാശാൻെറ മകൾ ഗൗരിയെ സ്നേഹിച്ചുകൊണ്ടിരിക്കെ, ഇതു ചെയ്യുന്നതു്. ഞാൻ ആ വിശേഷവും നാരായണൻചേട്ടനോടു പറഞ്ഞു. അപ്പോൾ കുമാരൻചേട്ടൻെറ സ്വഭാവദൂഷ്യത്തിനു ധാരാളം ദൃഷ്ടാന്തങ്ങൾ അയാൾ എന്നോടു പറഞ്ഞു. അതിൽ ചിലതെല്ലാം എനിക്കും അറിവുള്ളതായിരുന്നു. ഏതായാലും അയാളെ ഒന്നു പിടിച്ചു 'നോവിച്ചു'വിടുവാൻ ഞങ്ങൾ തീർച്ചയാക്കി.

''ഞങ്ങൾ അഞ്ചാളുകളുണ്ടായിരുന്നു. എല്ലാവരും വടക്കെ വരാന്തയിൽ അനങ്ങാതിരുന്നു. പാതിരാത്രി കഴിഞ്ഞു. ഒരാൾ സുമതിച്ചേട്ടത്തി കിടക്കുന്ന മുറിയുടെ പടിഞ്ഞാറെ ജനാലയുടെ ഒരു പാളി തുറന്നു ദൃഷ്ടി ഉള്ളിലേയ്ക്കു പതിപ്പിച്ചുകൊണ്ടു നിന്നു. ഞാനൊഴിയെ മററു നാലുപേരും പടിഞ്ഞാറെ മുററത്തിറങ്ങി ശബ്ദമുണ്ടാക്കാതെയിരുന്നു. കാലൊച്ചകേൾപ്പിക്കാതെ ഞാൻ വരാന്തയിൽക്കൂടി നേരെ തെക്കോട്ടു നടന്നു. ഞാൻ അടുത്തു ചെന്നപ്പോൾ അയാൾ വടകേട്ടു തിരിഞ്ഞുനോക്കി. ആ നോട്ടവും എൻെറ ചവിട്ടും ഒപ്പ

മായിരുന്നു. അതോടുകൂടി കോലായിൽ മലർന്നുവീണു. രണ്ടു മൂന്നു പ്രാവശ്യം കാലു നിലത്തടിച്ചു. "അയ്യോ! സുമതി" എന്നു പറഞ്ഞു. പിന്നെ അനങ്ങിയിട്ടില്ല. എനിക്കു മൂന്നുനാലു നിമിഷത്തേയ്ക്കു നിന്നിടത്തുനിന്നിളകുവാൻ സാധിച്ചില്ല. എൻെറ ദേഹം കിടുകിടെ വിറച്ചു. നാവു കീഴ്പോട്ടിറങ്ങി. തല പമ്പരംപോലെ കറങ്ങി. ഞാൻ എന്തൊക്കെയോ കുടിക്കുവാനും തിന്നുവാനും ആഗ്രഹിച്ചു. നാരായണൻചേട്ടൻ എൻെറ തോളിൽ പിടിച്ചുകൊണ്ടു ചോദിച്ചു: "പണ്ണി കഴ്ഞ്ഞോ?" ഞാൻ അയാളുടെ മാറത്തേയ്ക്കു ചാഞ്ഞതുമാത്രം എനിക്കോർമ്മയുണ്ട്.

നേരം വെളുത്തു. ഞാൻ കണ്ണുതുറന്നപ്പോൾ ഞാൻ അവിടത്തെ വടക്കെ മുറിയിലുള്ള കട്ടിലിൽ കിടക്കുന്നു. എന്തൊക്കെ സംഭവിച്ചു എന്നറിയുവാൻ ഞാൻ പുറത്തേയ്ക്കിറങ്ങി. തെക്കോട്ടു നോക്കിയപ്പോൾ ഓരാൾക്കൂട്ടം. ഞാൻ കുറച്ചുകൂടി അടുത്തുചെന്നു. തെക്കേപ്പുറമ്പിലെ ഒരു പ്ലാവിൽ കുമാരൻ ചേട്ടൻെറ മൃതശരീരം കയറിൽ തൂങ്ങിക്കിടക്കുന്നു. ഒരു കൗപീനംമാത്രം ധരിച്ചിട്ടുണ്ട്. മുണ്ടും ഷർട്ടും പ്ലാവിൻെറ വേറൊരു കൊമ്പത്തു തൂക്കിയിട്ടിരിക്കുന്നു. ആളുകൾ അവിടവിടെ കൂട്ടംകൂടി നിന്നു പലതും സംസാരിക്കുന്നു. എൻെറ കരളു കലങ്ങിപ്പോയി. ഞാൻ തിരിച്ചുപോയി മുഖം കഴുകി. തെക്കെ മുറിയിലേയ്ക്കു ചെന്നു. സുമതിച്ചേട്ടത്തി ഒരു ഭ്രാന്തിയെപ്പോലെ കിടക്കയിൽ കിടന്നു മറിയുന്നു. അവർ കരഞ്ഞിരുന്നില്ല. എന്നെ കണ്ടമാത്രയിൽ ഇടിവെട്ടുന്ന മുഴക്കത്തിൽ "പുറത്തു്" എന്നു പറഞ്ഞു. ഞാൻ തിരിഞ്ഞുനോക്കാതെ പുറത്തിറങ്ങി.

"നേരം പത്തു മണിയായി. ഇൻസ്പെക്ടരും, ക്ലാക്കും, ഒരു പോലീസ് ശിപായിയും സ്ഥലത്തെത്തി. അവർ പലരോടും കൂടിയാലോചനകൾ നടത്തി. നാരായണൻ ചേട്ടനോടും രഹസ്യമായ എന്തൊക്കെയോ സംസാരിച്ചു. അവിടെ കൂടിയ ജനാവലി മുഴുവനും പരസ്പരം സംസാരിച്ചിരുന്നതു് അയാൾ തൂങ്ങിമരിച്ചതല്ലെന്നാണ്. പക്ഷെ, കുമാരൻ ചേട്ടൻ തൂങ്ങിമരിച്ചതായി

ജാമാസ്സെഴുതിയിട്ട്, ഒരു മണിക്കൂറിനുശേഷം ഉദ്യോഗസ്ഥന്മാർ തിരിച്ചുപോയി. ആ മൃതശരീരത്തിനാവകാശിയായി അയാളുടെ ഏതോ ഒരു അളിയൻ പ്രത്യക്ഷപ്പെട്ടു. ശവം മറവു ചെയ്യേണ്ടതിന്ന് അയാളെ നാരായണൻ ചേട്ടനും സഹായിച്ചു. കുമാരൻ ചേട്ടൻ ചാമ്പലായി. നിയമത്തിൻെറ കണ്ണിൽ പണം വീണതുകൊണ്ട് എൻെറ ഘാതകത്വം തെളിഞ്ഞില്ല.

"ഞാൻ ഒരു ഘാതകനാണെന്ന് എൻെറ മനസ്സാക്ഷി എന്നോടെപ്പോഴും പറഞ്ഞുകൊണ്ടിരുന്നു. ഞാൻ അതിൻെറ മുന്നിൽ എന്നെന്നും കുററക്കാരനാണ്. ആ കൊലപാതകം നടന്ന നാൾമുതൽ എൻെറ ഹൃദയത്തിനു സമാധാനമുണ്ടായിട്ടില്ല, ഞാൻ രാത്രിയിൽ കണ്ണടച്ചുകഴിഞ്ഞാൽ, ആ പ്ലാവിൽ തൂങ്ങുന്ന മൃതശരീരം സ്വപ്നത്തിൽ വരും. അയാൾ അവിടന്നു ചാടി എൻെറ നേക്കു കുതിച്ചുവരും: ഞാൻ വിറയ്ക്കും, ചുരുളും. എന്നെ അയാൾ കഴുത്തിനു ഞെക്കിപ്പിടിക്കും. ഞാൻ ഉച്ചത്തിൽ നിലവിളിക്കും. ചിലപ്പോൾ അതു പുറത്തു കേട്ടില്ലെന്നുവരും. ഇങ്ങനെ ഞാൻ മിക്ക രാത്രിയും മരണവേദന അനുഭവിക്കുന്നു. ഞാൻ എൻെറ കുററം ഗവമ്മേൻറിനോടു പറഞ്ഞു ജയിലിൽ പോയാലോ എന്നു വിചാരിക്കുന്നു. അതു ഞാൻ തുറന്നു പറയുന്നപക്ഷം പലരും കുററവാളികളാകും. കൂടാതെ ആ കൊലയെക്കുറിച്ച് ആക്കും ഒന്നും വാദിക്കുവാനോ അന്വേഷിക്കുവാനോ ഇല്ല. രാജ്യത്തിലുള്ള സകല ആളുകളും ആ സംഗതി മറന്നുകഴിഞ്ഞു. എന്നാൽ എനിക്കതു് ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു.

"ഈ സംഭവം കഴിഞ്ഞു കുറേനാൾകൂടി ഞാൻ ആ പീടികയിൽ ഇരുന്നു. ഓരോ ദിവസം ചെല്ലുന്തോറും എനിക്കു നാരായണൻ ചേട്ടനോടു വിദ്വേഷം വദ്ധിച്ചുതുടങ്ങി. അയാൾ എന്നെ കൂടുതൽകൂടുതൽ സ്നേഹിക്കാനും തുടങ്ങി. എനിക്കതു സഹിക്കാൻ സാധിച്ചില്ല. ഞാൻ ഒരു ഘാതകനാണ്. അയാൾ എന്നെ ഒരു ഘാതകനാക്കി എന്ന വിചാരത്തിനാണ് എൻെറ ഹൃദയത്തിൽ

കൂടുതൽ സ്ഥാനം കിട്ടിയതു്. അയാളുടെ സ്വത്തിനും ആത്മാവിനും നാശം വരാതിരിക്കുവാൻവേണ്ടി അയാാം എന്നെ സ്നേഹിച്ചു. എനിക്കു് അല്പമെങ്കിലും മനസ്സമാധാനം കിട്ടുവാൻ ഞാൻ അയാളെ വെറുത്തു. ഞങ്ങാം തമ്മിൽ ആവശ്യത്തിനുമാത്രമായി സംസാരം. ഞാൻ അയാളുടെ വീട്ടിൽ പോകു നിറുത്തി.

"സുമതിച്ചേട്ടത്തി ഭ്രാന്തിയെപ്പോലെ കഴിഞ്ഞുകൂടുകയായിരുന്നു. അവർ ഭർത്താവിനെ ധാരാളം ചീത്തപറഞ്ഞിരുന്നു. അതിനൊന്നിനും അയാാം അവരോടു പിണങ്ങിയില്ല. അവരുടെ ഇഷ്ടം പോലെ ജീവിക്കുവാൻ അയാാം അവരെ അനുവദിച്ചു. കുമാരൻ ചേട്ടൻെറ മരണശേഷം അവർ ഒരിക്കലും ഭാര്യാഭർത്താക്കന്മാരുടെ നിലയിൽ പെരുമാറിയിട്ടില്ല. സുമതിച്ചേട്ടത്തി അയാളെ അവരുടെ കിടപ്പറയുടെ പടി കവച്ചുവെയ്ക്കാൻ സമ്മതിച്ചിട്ടില്ല. എന്നാൽ, ഇങ്ങനെയൊക്കെയാണെങ്കിലും നാരായണൻ ചേട്ടൻ അവരെ ഭയപ്പെട്ടു് അവരുടെ സകല അഭിപ്രായത്തിനും വഴങ്ങിക്കൊടുത്തു. അയാളുടെ ശരീരം ക്ഷയിച്ചുവന്നു. തലമുടി നരച്ചുവന്നു. ആളിനു് ഒന്നിലും ശ്രദ്ധയില്ലാത്ത മട്ടുമായി. എപ്പോഴും എവിടെയെങ്കിലുമൊക്കെ സഞ്ചരിക്കണം. വീട്ടിലുള്ളവസരങ്ങളിൽ വയറു നിറയെ കള്ളുകുടിച്ചുകൊണ്ടു പുരക്കകത്തു കിടന്നുറങ്ങും.

"സുമതിച്ചേട്ടത്തി നല്ലൊരഭിസാരികയായിത്തീൎന്നു. നാട്ടിലെ അനവധി ചെറുപ്പക്കാർ അവളുടെ കാമുകന്മാരായി. അവർ വ്യഭിചരിച്ചതു പണത്തിനു വേണ്ടിയല്ല. ആരിൽനിന്നും അവർ ഒരു പൈപോലും വാങ്ങിച്ചില്ല. നേരെമറിച്ചു് അവർ പല പുരുഷന്മാരേയും സഹായിച്ചിരുന്നു. ഭർത്താവിനോടുള്ള പ്രതികാരം! അവരുടെ അന്ത്യഘട്ടം വളരെ ദയനീയമായിരുന്നു. അഭിസാരികമാരെ ബാധിക്കാറുള്ള ആ മഹാരോഗങ്ങളിൽ ഒന്നിനു് അവാം ഇരയായി.

"ഞാൻ കച്ചവടത്തിൽ നിന്നൊഴിഞ്ഞു. അതോടെ അയാാം കച്ചവടം നിറുത്തി. ഇപ്പോാം ഞങ്ങാം തമ്മിൽ സംസാരിക്കാറില്ല."

പിറെറ ദിവസംമുതൽ കൃഷ്ണൻ സുഖമായുറങ്ങാൻതുടങ്ങി.

---

# അവന്റെ ഡയറി

"പുസ്തകം എന്താണ്?"

"ഒരു ഡയറി."

"എനിക്കു കാണാമോ?"

"പിന്നെന്താ?"

രവീന്ദ്രൻ ഡയറി സുഭദ്രയുടെ കയ്യിൽ കൊടുത്തു. അവരം അതു തുറന്നു. ഓരോ പേജും വായിച്ചുതുടങ്ങി. അവൻ അവളുടെ അവയവങ്ങളിൽ മാറിമാറി കണ്ണോടിച്ചുകൊണ്ടിരുന്നു. രവീന്ദ്രൻ അവളെ അനവധി പ്രാവശ്യം കണ്ടിട്ടുണ്ട്. എത്ര കണ്ടിട്ടും അവനു പോരാ. സുഭദ്രയെ അവന് എപ്പോഴും കാണണം. വെറുതെ കണ്ടാൽപോരാ. ധാരാളം സംസാരിക്കണം. സ്ത്രീക്കു പുരുഷനെക്കുറിച്ചും പുരുഷനു സ്ത്രീയെക്കുറിച്ചുമാണു കൂടുതൽ ചിന്തിക്കുവാനും പറയുവാനുമുള്ളതു്. അങ്ങനെയാണ് അവർ ആത്മസംതൃപ്തിയടയുന്നതു്. ആശ്ചര്യംതുളുമ്പുന്ന സ്വരത്തിൽ അവരം ചോദിച്ചു:—

"നിങ്ങൾക്കു ഭ്രാന്തുണ്ടോ?"

"ഉണ്ടെന്നു സുഭദ്ര പറഞ്ഞാൽ, ഉണ്ടു്."

"ഈ എഴുതിയിട്ടിരിക്കുന്നതെന്താണ്?"

"ഉം. വായിക്കൂ!"

അവരം വായിക്കാൻ തുടങ്ങി:—

"എല്ലാ സ്ത്രീകളും വേശ്യകളാണ്. അവരെ നാം ഉപയോഗിക്കുകയല്ലാതെ നമ്മുടേതായ യാതൊന്നും അവക്കു വിട്ടുകൊടുക്കരുതു്."

—ഗീ: ഡേ. മോപ്പസാങ്ങ്.

"ഭഗവാനെ! ഈ വങ്കൻ മോപ്പസാങ്ങ് ആരാണ്?"

"ഭഗവതീ! അദ്ദേഹം വങ്കനല്ല. വിശ്വവിഖ്യാനതായ ഒരു ഫ്റഞ്ചു സാഹിത്യകാരൻ."

"അയാറം വല്ല വേശ്യാലയത്തിലുമാണോ ജീവിച്ചിരുന്നതു്?"

"അല്ല."

"എന്നാൽ അയാറംക്കു വേശ്യകളെ മാത്രമേ പരിചയമുള്ളു!"

"ഒരു സാഹിത്യകാരനെന്ന നിലയ്ക്കു അദ്ദേഹത്തിനെല്ലാത്തരക്കാരേയും പരിചയമുണ്ടായിരിക്കണം."

"എന്നാൽ അയാറംക്കു ഭ്രാന്തായിരുന്നു."

"ഇതെഴുതുന്ന കാലത്തു് അദ്ദേഹത്തിനു ഭ്രാന്തില്ല. ഭ്രാന്തുപിടിച്ചാണു മരിച്ചതു്."

"അയ്യോ! പാവം! മൊപ്പസാങ്ങിനെങ്ങനെ ഭ്രാന്തുപിടിച്ചു?"

"പ്രണയനൈരാശ്യത്താൽ ആത്മഹത്യചെയ്യാനൊരുങ്ങി. ഒരു ഭൃത്യൻ അദ്ദേഹത്തെ അതിൽനിന്നും വിരമിപ്പിച്ചു. കുറെ ദിവസം കഴിഞ്ഞു ഭ്രാന്തുപിടിച്ചു. അങ്ങനെ ആ വിശ്വസാഹിത്യകാരൻ ഭ്രാന്താലയത്തിൽ കിടന്നു മരിച്ചു."

"തലയ്ക്കു സ്ഥിരതയില്ലാത്തവർ പറയുന്നതു നിങ്ങളെന്തിനാണു ഡയറിയിൽ കുറിച്ചിടുന്നതു്?"

"മനുഷ്യസമുദായത്തെ നല്ലപോലെ പഠിച്ച ഒരു മഹാമനുഷ്യൻെറ വാക്കുകളായതുകൊണ്ടു്."

"നിങ്ങറം അയാളുടെ അഭിപ്രായത്തോടു യോജിക്കുന്നോ? ഞാനും നിങ്ങളുടെ അമ്മയും സഹോദരിമാരും ഒക്കെ വേശ്യകളാണോ?"

"അല്ലെന്നെങ്ങനെ പറയാം.?"

"ആണെന്നു പറയൂ."

"ഏതെങ്കിലും തരത്തിൽ വ്യഭിചരിക്കാത്ത ഒരു സ്ത്രീയോ പുരുഷനോ ഭൂമുഖത്തില്ല."

"ശിവശിവ! പുരുഷൻെറകാര്യം മിണ്ടല്ലേ! അവൻ നിഷ്കളങ്കൻ, പാവനചരിതൻ, സൽഗുണങ്ങളുടെ വിളനിലം, എന്നുവേണ്ട

പിന്നെയും പലതു്. സ്ത്രീയുടെ കഥ അങ്ങനെയല്ല. അവരാം കലട, വഞ്ചക, ദുർഗ്ഗുണങ്ങളുടെ നിറകുടം."

"രണ്ടുതരക്കാരും രണ്ടുകൂട്ടരിലുമുണ്ടു്."

"ഈ 'നല്ല പുരുഷൻ' എന്തിനാണു കലടയുടെ പിന്നാലെ 'മാമനേ! പഞ്ചസാരേ! തേനേ! പാലേ!' എന്നൊക്കെ ക്രൂവിക്കൊണ്ടു വാലാട്ടി നടക്കുന്നതു്? നാണമില്ലാത്ത വർഗ്ഗം!"

"ശരിയാണു സുഭദ്രേ! അവക്കൊട്ടും നാണമില്ല."

"വേണ്ട വേണ്ട; മോപ്പസാങ്ങിൻെറ അനുജനായിക്കൊള്ളൂ."

"ഹേ, അദ്ദേഹത്തിൻെറ അഭിപ്രായം തെററാണു്."

"എൻെറ അഭിപ്രായത്തോടു യോജിക്കുമോ?"

"പിന്നെ, ആരുടെ അഭിപ്രായത്തോടാണെനിക്കു യോജിക്കാനുള്ളതു്?"

"എൻെറ അഭിപ്രായം ചുവടെ എഴുതട്ടെ?"

"ഓഹോ!"

"ഓ, കേട്ടോളൂ! 'എല്ലാ പുരുഷന്മാരും വ്യഭിചാരികളാണു്. അവരെ ആട്ടിയോടിക്കുകയല്ലാതെ നമ്മുടേതായ യാതൊന്നും അവക്കു വിട്ടുകൊടുക്കരുതു്.'—സുഭദ്ര."

"ബലേഭേഷ്. ഈ 'സുഭദ്രാസൂക്തം' എല്ലാ ഭാഷകളിലേയ്ക്കും തർജ്ജിമചെയ്യിപ്പിക്കണം."

"അത്രയ്ക്കു കളിയാക്കണ്ട! കുറെ എഴുത്തുകാരികളുണ്ടായിരുന്നെങ്കിൽ ആണുങ്ങളുടെ തോന്ന്യാസം ഒട്ടു ശമിക്കുമായിരുന്നു. ഇന്നത്തെ സ്ഥിതിയെന്താണു്? ആണുങ്ങളുടെ പത്രം, ആണുങ്ങളുടെ എഴുത്തു്, അവരുടെ നിയമം, അവരുടെ ഭരണം—എല്ലാം അവരുടേതു്. സ്ത്രീയുടെ കഥ എത്ര പരിതാപകരം! സ്ത്രീ പരിഷ്കൃതയാണെങ്കിൽപോലും അവരാം പുരുഷൻെറ സുവർണ്ണലേപമൊട്ടിച്ച ബ്രാൻറിക്കുപ്പിയാണു്. പുരുഷന്മാരെ ആനന്ദിപ്പിക്കുവാൻ മാത്രമാണു തങ്ങരാം ജനിച്ചിരിക്കുന്നതെന്ന മിഥ്യാബോധം സ്ത്രീസമുദായത്തെ അധഃപതിപ്പിച്ചു."

"ഇതൊക്കെ മാറണമെങ്കിൽ ഒരു സ്ത്രീവിപ്ലവംതന്നെ വരണം."

"തീർച്ചയായും അങ്ങനെതന്നെ."

"എന്നാൽ ജയ് വിളിക്കൂ! സ്ത്രീവിപ്ലവം..........ഉം..........
പറയൂ സുഭദ്രേ, ജയിക്കട്ടെ!"

"ഇന്നെന്താണിത്ര തമാശ? എന്തുദ്ദേശിച്ചാണു വന്നിരിക്കുന്നതു്?"

"ഉദ്ദേശം മനസ്സിലാവണമെങ്കിൽ അടുത്ത പേജു വായിക്കൂ."

"എന്താ വല്ലതും കുറിച്ചിട്ടുള്ളതുണ്ടോ?" അവരം ഇങ്ങനെ വായിച്ചു:

"സ്നേഹിക്കുന്നതും സ്നേഹിക്കുന്ന സ്ത്രീയെ ആലിംഗനംചെയ്യുന്നതുമാണു ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ പ്രവൃത്തി."

—ഗീ. ഡേ. മോപ്പസാങ്ങ്.

"അതു കൊള്ളാമോ?"

"വളരെ നല്ലതല്ലേ? എന്നിട്ടുവേണം സ്ത്രീകളെല്ലാവരും വേശ്യകളാണെന്നു പറയുവാൻ. ഈ വാക്കുകളുടെ അർത്ഥം പുരുഷന്മാർ വേശ്യകളെ സൃഷ്ടിക്കുന്നു എന്നാണു്."

"ഇനിയും സുഭദ്രേ അതു മാറിയില്ലേ? അതിനെക്കുറിച്ചിനി സംസാരിക്കുന്നപക്ഷം ഞാനിറങ്ങിപ്പോകും."

"വല്ലിടത്തും പോകാൻ തിടുക്കമുണ്ടായിരിക്കും, ഇല്ലേ? തിടുക്കമുണ്ടെങ്കിലെന്തിനാ ഇങ്ങോട്ടു വരുന്നതു്?"

"എന്തിനാണെന്നു മനസ്സിലായില്ലേ?"

"സ്ത്രീകളെ ചീത്ത പറയുവാനല്ലേ?"

"വേണെങ്കിൽ ആ പേജ് കീറിക്കളയൂ. എന്നാലെങ്കിലും വായിൽ നാവുകിടക്കുമല്ലോ."

"പേജ് കീറിക്കളയാം. ഹൃദയത്തിലുള്ള അഭിപ്രായം എങ്ങിനെ മാച്ചുകളയും."

"മേലിൽ ഞാനിവിടെ വരുന്നില്ല. ഞാൻ വന്നില്ലെങ്കിൽ എൻെറ അഭിപ്രായവും വരില്ലല്ലോ."

"അപ്പോാം, സ്നേഹിക്കുന്നതും, സ്നേഹിക്കുന്ന സ്ത്രീയെ ആലിംഗനം ചെയ്യുന്നതുമെങ്ങനെയാണ്?"

"എങ്ങനെയാണെന്നറിഞ്ഞുകൂടേ?"

"ആരും പഠിപ്പിച്ചിട്ടില്ല."

"പഠിക്കണമെന്നുണ്ടോ?"

"പഠിക്കുന്നുണ്ടല്ലോ!"

"ആരുടെ കൂടെ?"

"മോപ്പസാങ്ങിൻെറ അനുജൻെറ കൂടെ."

"അവനേയും ഭ്രാന്തു പിടിപ്പിക്കാനാണോ?"

"അവൻ എന്നെയാണ് ഭ്രാന്തുപിടിപ്പിക്കുന്നത്."

"എന്നാൽ അവനുമൊരു ഭ്രാന്തനായിരിക്കണം. അടുത്ത പേജ് വായിച്ചുനോക്കു."

സുഭദ്ര വായിച്ചു:—

"സഹോദരിമാരെ! നിങ്ങളാരും ഒരു കലാകാരനെ വിവാഹം ചെയ്യല്ലേ! അവൻ തികഞ്ഞൊരു ഭ്രാന്തനാണ്."

—ജയിൻ വെൽഷ.

(മിസ്സിസ് തോമസ് കാർലൈൽ)

"ജെയിൻ വെൽഷിൻെറ ഉൽബോധനം നിങ്ങൾ മാനിക്കുന്നോ?"

"ഇല്ല."

"എന്തുകൊണ്ട്?"

"വക്രപിയോ സുന്ദരനോ ഭ്രാന്തനോ ധനികനോ ദരിദ്രനോ ആരായിരുന്നാലും ഹൃദയമുള്ള മനുഷ്യനെ ഞാൻ ബഹുമാനിക്കുന്നു."

"സുഭദ്രേ! കലാകാരൻെറ ഹൃദയം മൃദുലവും ദുർബ്ബലവുമാണ്. അതു വേഗത്തിൽ മുറിപ്പെടുകയും, ക്ഷുഭിതമാകയും ചെയ്യും. അതാണവൻെറ പരാജയം."

"ശരി. ഇതിനെക്കുറിച്ചു വാദപ്രതിവാദം ചെയ്യുവാൻ ഞാനാഗ്രഹിക്കുന്നില്ല."

"എന്തേ?"

"വികാരവിക്ഷോഭം എനിക്കിഷ്ടമാണ്."

"അതിൻെറ കഠോരമായ ചൂട്ട് നിങ്ങളുടെ സൗന്ദര്യത്തെ ചുട്ടു നീററിയാൽ?"

"അങ്ങനെ സംഭവിക്കാതിരിക്കാൻ?"

"ത്യാഗസന്നദ്ധതയുണ്ടാവണം."

"ത്യാഗസന്നദ്ധതയുണ്ടാകുവാൻ?"

"അടുത്ത പുറം വായിച്ചുനോക്കൂ!"

സുഭദ്ര വായിച്ചു:—"സൗന്ദര്യമേ! കണ്ണാടിയുടെ മുഖസ്തുതിയിൽ മതിമയങ്ങാതെ നീ നിന്നെത്തന്നെ സ്നേഹത്തിൽ കണ്ടെത്തുക!"— രവീന്ദ്രനാഥ ടാഗൂർ.

"ഞാൻ സ്നേഹത്തിൽ എൻെറ സൗന്ദര്യം ദർശിക്കുമ്പോഴോ?"

"ആത്മപ്രഭാവം വർദ്ധിക്കയും സൗന്ദര്യത്തിനു വിലയിടിയുകയും ചെയ്യും. ഇപ്പോഴും എൻെറ സൗന്ദര്യത്തിനു വിലയുണ്ടെന്നു ഞാൻ കരുതുന്നില്ല."

"അതിൻെറ വില നിങ്ങളുടെ ആത്മാവിനു സിദ്ധിച്ചു."

"അതെങ്ങനെ?"

"ഞാൻ നിങ്ങളെ സ്നേഹിക്കാൻ തുടങ്ങിയ അനർഘനിമിഷത്തിൽ നിങ്ങളുടെ സൗന്ദര്യത്തിൻെറ വില ആത്മാവു വാങ്ങിച്ചു. ഇനി അതു വേറൊരാളിനു വിററാൽ നിങ്ങൾ വേശ്യയായി."

"ഞാൻ മോപ്പസാങ്ങിനെക്കുറിച്ചു പറഞ്ഞതൊക്കെയും ക്ഷമിക്കണം. അദ്ദേഹം മഹാനാണ്."

"അതിനെന്നോടല്ല ക്ഷമാപണം ചെയ്യേണ്ടതു്. അദ്ദേഹത്തിൻെറ മഹനീയമായ ഗ്രന്ഥങ്ങൾ വായിച്ചാൽ നിങ്ങളുടെ പാപം തീരും."

"ഏതോ ഒരെഴുത്തുകാരൻ പറഞ്ഞതായി ഞാൻ ഓർക്കുന്നു. അദ്ദേഹത്തിൻെറ കഥാപാത്രങ്ങളൊക്കെയും കാമകൂടുക്കകളാണെന്നു".

"സുഭദ്രേ! ലോകത്തിലുണ്ടായിട്ടുള്ള സാഹിത്യകാരന്മാരിൽ ഏററവും 'റീയലിസ്റ്റാ'ണ് മോപ്പസാങ്ങ്. അദ്ദേഹം ജീവിതത്തിൻെറ ഉള്ളും പുറവും ശരിക്കു കാണുകയും കാണിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യർക്കു കാമമുണ്ടെങ്കിൽ അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾക്കുമുണ്ടു കാമം."

"അദ്ദേഹത്തിൻെറ ഒരു നല്ല പുസ്തകത്തിൻെറ പേരു് പറയുക! ഞാൻ നാളെത്തന്നെ കാളേജിൽനിന്നെടുക്കാം."

"കാമുകൻ."

"നല്ലതാണോ?"

"എനിക്കു നന്നായിട്ടു തോന്നി."

"എന്നാൽ എനിക്കുമങ്ങനെതന്നെ തോന്നിയേക്കാം."

"ഞാൻ പോകട്ടെ!"

"അപ്പോഴും, സ്നേഹിക്കുന്ന സ്ത്രീയെ ആലിംഗനം ചെയ്യുന്നതു് എപ്പോഴാണു്?"

"സൌന്ദര്യം അതിനെ സ്നേഹത്തിൽ കണ്ടെത്തുമ്പോഴും."

# കറുത്തകുഞ്ഞ്

സാറ ഭർത്തൃഗൃഹത്തിലെത്തിയ അന്നുതന്നെ ആ ചിത്രം കണ്ടു. അവൾ കിടക്കയിൽ മലർന്നുകിടന്നു നോക്കിയാൽ ആദ്യം കണ്ണിൽപ്പെടുന്നതതാണ്. പതിനാറംഗുലം നീളവും പന്ത്രണ്ടംഗുലം വീതിയുമുള്ള തങ്കമയമായ ചട്ടം. കളങ്കമേശാത്ത ചില്ല്. അതിനുള്ളിൽ തെളിഞ്ഞുകാണുന്ന രണ്ടു പുരുഷരൂപങ്ങൾ. കോപകലുഷമായ കണ്ണുകളോടും, വിത്തപ്രതാപം സ്ഫുരിക്കുന്ന ഭാവത്തോടും ഭംഗിയുള്ള വേഷത്തോടുംകൂടിയ ഒരു സുന്ദരനായ ധവളൻ വലതുകൈയിൽ ഒരു ചാട്ടവാറുമോങ്ങിക്കൊണ്ട്; അടികൊണ്ടു പൊളിഞ്ഞു രക്തമൊലിക്കുന്ന പുറം ചാട്ടവാറിനു ലക്ഷ്യമാക്കി കൈകെട്ടി നിന്നു, തല തിരിച്ച്, ഇടതുകണ്ണിൽനിന്നു ദയനീയമായൊരു നോട്ടം തന്റെ യജമാനന്റെ മുഖത്തേയ്ക്കെറിഞ്ഞുകൊണ്ട്, അരവാറിട്ടു പൂട്ടിയ അർദ്ധകാൽശരായി ധരിച്ച്, ചുരുളൻമുടിയുള്ള ബലിഷ്ഠകളേബരനായ ഒരു ചെറുപ്പക്കാരൻ കാപ്പിരി.

ആദ്യം സാറയ്ക്കതൊരു കൌതുകമായിരുന്നു. ആ സായ്പിന്റെ ഭാവം, ആ കാപ്പിരിച്ചെറുക്കന്റെ നില്പ് അവൾ ചിരിച്ചില്ലെന്നു മാത്രം.

ദിവസത്തിൽ അനവധിപ്രാവശ്യം അവൾ ആ ചിത്രം കാണും. കാണുമ്പോഴൊക്കെ ഹൃദയത്തിൽ എന്തോ ഇഴയുന്നപോലെ ഒരു തോന്നൽ. മുമ്പുണ്ടായിരുന്ന കൌതുകം അതിൽനിന്ന് മാഞ്ഞു പോയി. ആരുടെ ചിത്രമാണ്. എന്തിന്റെ ചിത്രമാണ്—എന്നൊക്കെ അവൾ അതിനെപ്പററി ആലോചിച്ചു. അമേരിക്ക, അബ്രഹാം ലിങ്കൺ, അടിമവ്യാപാരം—ഇങ്ങനെ ചില ചരിത്രശകലങ്ങൾ അവളുടെ മസ്തിഷ്കത്തെ ചലിപ്പിച്ചു. ആ കാലത്തെക്കുറിച്ച് അവൾ ഓർത്തു. എന്തൊരു ഭയങ്കരമായ യുഗം! എത്ര നിഷ്ഠുരമാ

യിരുന്ന ആ യജമാനന്മാരുടെ ദണ്ഡനീതികൾ! എത്രകോടി അടി
മക്കളെയാണ് അവർ തേങ്ങാക്കൊത്തുപോലെ പൂളി മലങ്കാക്കകൾ
ക്കെറിഞ്ഞുകൊടുത്തിട്ടുള്ളത്!!

പാവം! ആ കാപ്പിരി! അവന്റെ പുറത്തുള്ള പരുക്കുകളിൽ
അവൾ സൂക്ഷിച്ചുനോക്കി. എത്ര ദയനീയം! രക്തമൊലിക്കുന്നു.
അവൾ ആലോചിച്ചു: അവന്റെ പുറത്തു കൊണ്ട അടികളിലൊന്നു
തന്റെ പിൻഭാഗത്താണു പതിച്ചതെങ്കിൽ....ഈ മുറിയിൽ രക്തം
തളംകെട്ടി നില്ക്കുമായിരുന്നു. അവളുടെ തലയ്ക്കൊരു മത്തുപോലെ,
ഒന്നും ആലോചിക്കുവാൻ വയ്യാത്തപോലെ, അവൾ ജീവിതത്തിലാ
ദ്യമായി അസ്വസ്ഥത അനുഭവിച്ചു.

ആ സായ്പ് ചെകിത്താനെക്കാൾ നിഷ്ഠൂരനാണ്. ആ പാവ
പ്പെട്ട നീഗ്രോ എന്തു കുററം ചെയ്തു ഈ ഭയങ്കരമായ ശിക്ഷയനു
ഭവിക്കാൻ? കഠിനം! ഹൃദയമുള്ളോരാരാനും സഹിക്കുമോ? ആ വെള്ള
ത്തൊലിയൻ അവന്റെ സഹോദരനെ ഇങ്ങനെ തല്ലുമോ? അവന്റെ
സഹോദരിയെ ഇങ്ങനെ തല്ലുമോ? ഒരിക്കലുമില്ല. സാറ, ആ
ധ്വരയെ അങ്ങേ അററം വെറുത്തു. ആ അടിമ ജനിച്ചതാണ്
ഇതിന്റെ മൂലകാരണമെന്ന് അവൾ തീരുമാനിച്ചു. ഓ, പാവ
പ്പെട്ടവരുടെ ജീവിതം! അവൾ അസ്വസ്ഥയായി. കിടക്കയിൽ
കമിഴ്ന്നുകിടന്നു.

ശനിയാഴ്ചമാത്രമേ പകൽ സൈമൺ വീട്ടിലുണ്ടായിരിക്ക
യുള്ളു. സാറയുടെ ശ്വശ്രൂവിനു ഹിബ്രൂവായനയിലല്ലാതെ വേറെ
യാതൊന്നിലും ശ്രദ്ധയില്ല. വേലക്കാരികൾ ആവശ്യപ്പെടുന്ന
പണം കൊടുക്കുക, ഇതല്ലാതെ സാറയ്ക്കു കട്ടിയായ ഗൃഹഭരണമൊ
ന്നുമില്ല. എല്ലാററിന്റേയും മേലന്വേഷണം, ഇടയ്ക്കിടെ ഒരു
പരിശോധന—തീർന്നു അവളുടെ പണി! ബാക്കിയുള്ളതെല്ലാം
അവളുടെ വിശ്രമ സമയമാണ്. ഉറക്കവും പുസ്തകവായനയുമാണ്
അവളുടെ പ്രധാന തൊഴിൽ. വസ്ത്രാഭരണങ്ങൾ വേണ്ടതിലധിക
മുണ്ട്. അവൾ അതൊക്കെ ഉപയോഗിക്കുന്ന സമയം നന്നേച്ചുരു
ക്കമാണ്. അവളുടെ ആകർഷണപരിധി വിസ്തൃതമല്ല.

കുറച്ചുനേരം കഴിഞ്ഞു. അവൾ നിവന്നു കിടന്നു. അവൾ ആ കാപ്പിരിയുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. എന്തൊരു നിരപരാധിത്വം! ആ നോട്ടം ഉരുക്കുഹൃദയങ്ങളെക്കൂടി ദ്രവിപ്പിക്കും. അതു് അവളുടെ ആത്മാവിൽ മൊട്ടുസൂചികൾ കുത്തിത്തറയ്ക്കുന്ന വേദനയങ്കുരിപ്പിച്ചു. ആ ശരീരത്തിലാസകലം ഒരു നീററൽ. അവൾ അതിനെക്കുറിച്ചു് ആരോടും ഒന്നും പറഞ്ഞില്ല. ഒരു മരുന്നും കഴിച്ചില്ല.

അവളുടെ ഹൃദയവേദന വർദ്ധിച്ചുവന്നു. എന്തോ ചിലതൊക്കെ സൈമനോടു പറയണമെന്നു തോന്നി. പക്ഷെ, പറഞ്ഞില്ല. എന്തു പറയാൻ?

അന്നൊരു രാത്രി അവൾ സ്വപ്നം കണ്ടു. ആ അടിമ കരഞ്ഞുകൊണ്ടു് അവളുടെ മെത്തയിൽ ചെന്നിരുന്നു. ആ വിണ്ടുമലന്ന പുറം അവളെക്കാണിച്ചുകൊണ്ടു് എന്തൊക്കെയോ പറഞ്ഞു. അവൾ കൈലേസുകൊണ്ടു് ആ മുറിവുകളിൽനിന്നു പൊടിയുന്ന രക്തം ഒപ്പിയെടുത്തു് അവൻെറ കഴുത്തിൽ അവൾ പതുക്കെ കൈയിട്ടു. അവൻ തല കുനിച്ചു. അവളുടെ തത്തച്ചുണ്ടും അവൻെറ കാക്കച്ചുണ്ടും തമ്മിലുരസി.

അവൾ ഞെട്ടിയുണന്നു. സൈമൺ ഉണന്നുകിടക്കയായിരുന്നു. അവൻ വിളക്കുകൊളുത്തി. സാറയുടെ മുഖം വിവർണ്ണമായിക്കണ്ടു. ജാരസംഗം കഴിഞ്ഞ ഒരു കുലീനയുടേതുപോലെ. ഭയവും പരിഭ്രമവുംകൂടി അവളെയെടുത്തു പന്താടി. വല്ല പേസ്വപ്നവും കണ്ടിട്ടായിരിക്കുമെന്നു സൈമൺ കരുതി. അവൾ കുറച്ചു വെള്ളം വാങ്ങിക്കുടിച്ചുകൊണ്ടു വീണ്ടും കിടന്നുറങ്ങി.

നാളുകൾ കഴിഞ്ഞു. സാറയ്ക്കു വല്ലാത്ത ക്ഷീണം. ഇരവിഴുങ്ങിയ പാമ്പിനെപ്പോലെ. ആ കപോലങ്ങൾ സേലംമാങ്ങപോലെ വിളറി. അവൾ തിന്നുന്ന ഭക്ഷണം മുഴുവനും കൈയ്പുള്ളതു്. ഉള്ളിലേയ്ക്കു ചെന്നാൽ ഓക്കാനം. എപ്പോഴും വെള്ളദ്ദാഹം! അടിവയററിൽ ഒരു മൂന്നു റാത്തലിൻെറ കട്ടി വീണുകിടക്കുന്നതുപോലെ.

സൈമൺ സന്തോഷിച്ചു. സാറയുടെ ശപത്രു ആഘോഷിച്ചു, പള്ളിയിൽ ചില നേർച്ചകളും പ്രാർത്ഥനകളും നടത്തി.

മിക്കവാറും സാറ കിടപ്പുതന്നെയാണ്. കണ്ണടച്ചു കിടന്നാലും ഇല്ലെങ്കിലും, അവർ ഓരോ നിമിഷത്തിൻെറ ഉള്ളിലും ആ നീഗ്രോവിനെക്കണ്ടു. ദീപത്തെ നിഴലെന്നപോലെ അവൻെറ അനുകമ്പാർഹമായ മുഖം അവളുടെ ചിന്തയെ അനുധാവനം ചെയ്തു. അവളുടെ ആത്മാവു് അവനെക്കുറിച്ചുള്ള സ്മരണകൊണ്ടുനിറഞ്ഞു. അവളുടെ ഓരോ രക്തബിന്ദുവിലും അവനായി. അവൻ ജീവനോടുകൂടി അവളുടെ അടുത്തു വരുമായിരുന്നെങ്കിൽ അവർക്കുള്ള സകലതും അവനാണ്. അവനുവേണ്ടി അവർ എന്തു ത്യാഗവും അനുഷ്ഠിക്കുമായിരുന്നു.

അവർ ആലോചിയ്ക്കാറുണ്ടു്: 'എത്ര ബലിഷ്ഠമാണ് അവൻെറ ശരീരം! ഉരുക്കുകൊണ്ടുവാർത്തതുപോലെ. നിഷ്കളങ്കതയാണ് ആ മുഖത്തിരുന്നു കളിക്കുന്നതു്. ഓ! അവൻെറ തൊലി കറുത്തതായിപ്പോയി. അതാണവൻെറ ശാപം. ആരുടേതിനേക്കാളും പരിശുദ്ധമാണ് അവൻെറ രക്തം. അവൻെറ യജമാനൻ നരകത്തിൻെറ ഉമിത്തീയിൽ കിടന്നെരിയുമ്പോൾ അവൻ എബ്രഹാമിൻെറ കൊട്ടാരത്തിലിരുന്നു വൈൻ കുടിക്കും.

സാറയുടെ ഗർഭം വളർന്നുവന്നു. ഇരിപ്പിലും നടപ്പിലും അവൾക്കു അസ്വാസ്ഥ്യ വർദ്ധിച്ചു. അവർ ഇഴഞ്ഞിഴഞ്ഞു കോണിപ്പടി കയറുന്നതു കണ്ടിട്ടു സൈമൻെറ കണ്ണിൽ വെള്ളം നിറഞ്ഞു. രണ്ടു ദിവസത്തിനകം മുകൾത്തട്ടിൽ അവളുടെ കിടപ്പറയുടെ സമീപത്തുതന്നെ കക്കൂസും കുളിമുറിയും അവൻ പണിയിച്ചു. ഇനി അവൾക്കു പുറത്തേയ്ക്കിറങ്ങണ്ടാ.

സ്വപ്നം അവർ ദിവസവും കണ്ടുകൊണ്ടിരുന്നു. മുമ്പിലത്തെപ്പോലെ ഞെട്ടിത്തെറിക്കലില്ല. സുഖസ്വപ്നങ്ങൾ. അവർ ഉറങ്ങാൻ കിടന്നാൽ ഉടനെ ആ നീഗ്രോ ചിത്രത്തിൽ നിന്നിറങ്ങിവരും. അവൻെറ മുഖത്തു വിഷാദമില്ല. ആനന്ദം, പുഞ്ചിരി. ആ കറുത്തു തടിച്ച ചുണ്ടുകളുടെ വിള്ളലിൽക്കൂടി അവർ നോക്കും, അവർ

കാണുന്നതു മുല്ലമൊട്ടുകളല്ലാ, വജ്റഖണ്ഡങ്ങൾ. അവൻ സങ്കോചംകൂടാതെ അവളുടെ പുതപ്പിനുള്ളിൽ സ്ഥലം പിടിക്കും. സ്വർഗ്ഗീയമായ ഒരനുഭൂതിയിൽ അവൾ ആമഗ്നയാകും. അങ്ങനെ സുഖദസ്വപ്നങ്ങൾ, അവളുടെ കിടക്കയെ നിത്യവും സന്ദർശിച്ചുപോന്നു.

പത്താംമാസം പിറന്നു. ഒരു ലേഡി ഡോക്ടർ വന്നു. സാറയെ നിത്യവും പരിശോധിച്ചു. സൈമൻെറയും സാറയുടേയും ബന്ധത്തിലുള്ളവർ ഉൽക്കണ്ഠയോടുകൂടി അവളെ അടിക്കടി വന്നു സന്ദർശിച്ചു. സൈമൻെറ അമ്മ, അവരറിയുന്ന എല്ലാ പള്ളികളിലും വഴിപാടുകൾ നേർന്നു, തൻെറ സ്നുഷയുടെ പ്രസവത്തിനു് അല്ലലൊന്നും നേരിടാതിരിപ്പാൻ. എല്ലാ ദൈവങ്ങളോടും അവർ ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു.

അവൾക്കു പ്രസവവേദന ആരംഭിച്ചു. സൂതികകൾ, പരിചാരികമാർ വൈദ്യവിശാരദകൾ—എന്നിവരെക്കൊണ്ടു സാറയുടെ മുറി നിറഞ്ഞു. അയലത്തുള്ള അമ്മമാർ വാതില്ക്കൽ വന്നുനിന്നു മാട്ടംപോലെ തുറിച്ചിരിക്കുന്ന ആ വയററത്തു നോക്കി ഉള്ളിൽക്കിടക്കുന്ന കുട്ടിയെക്കുറിച്ചു പല പ്രവചനങ്ങളും നടത്തി. സൈമൻെറ സ്നേഹിതന്മാരും ബന്ധുക്കളും കീഴ്ജീവനക്കാരും വീട്ടിൽ തടിച്ചുകൂടി. എല്ലാവരും പൂർണ്ണമായ അച്ചടക്കം പരിപാലിച്ചു. ഭൂപ്രവേശം ചെയ്യുവാൻപോകുന്ന ആ കുഞ്ഞിനെ ഭയപ്പെടുത്തരുതല്ലോ.

സാറയ്ക്കു തെല്ലൊരു ബോധക്ഷയം. ഒരു നിമിഷം കഴിഞ്ഞു. അവൾ പ്രസവിച്ചു. വയററാട്ടി കുട്ടിയെ എടുത്തു് അമ്പരന്നുനിന്നു. നേഴ്സുകൾ പരസ്പരം നോക്കി ചിരിച്ചു. അമ്മമാർ മന്ത്രിച്ചു. സാറ അവളുടെ കുഞ്ഞിനെ ഒന്നു നല്ലപോലെ നോക്കി. ആ ചിത്രത്തിൽ നില്ക്കുന്ന കാപ്പിരി കുഞ്ഞായി വന്നിരിക്കുന്നു.

സൈമൺ അവളെ ഉപേക്ഷിക്കാതിരുന്നാൽ കുടുംബത്തിൻെറ സല്പേരിനു ഹാനിയാണു്.

---

# പഴയ കഥാപാത്രം

“കുട്ടാ, ആനപ്പുറത്തിരുന്നു വേലി പൊളിക്കരുതു്! ഇതൊക്കെ കാണാനും കേൾക്കാനും മുകളിലൊരാളിരുപ്പുണ്ടെന്നോർമ്മവേണം. വായും മനസ്സുമറിയാത്ത സംഗതി.......”

കുഞ്ചിയമ്മയുടെ തൊണ്ടയിടറി. മുഖം വിവർണ്ണമായി. ആശയസമ്മർദ്ദനത്താൽ ഹൃദയം വികലമായി. കോപവും സങ്കടവുംകൊണ്ടു് അവരുടെ കണ്ണുകളിൽ തീയും വെള്ളവുമുണ്ടായി. രാധാകൃഷ്ണൻ അമ്പരപ്പോടുകൂടി ചോദിച്ചു.

“ഇത്ര കൊണ്ടുപിടിക്കാനുള്ള സംഗതി? തുറന്നു പറയൂ.”

“അതെല്ലാം ഇനി ഞാൻ പറഞ്ഞിട്ടു വേണോ?”

“എന്താ അതു്?”

“എന്താണെന്നോ? നീ എൻ്റെ മകളെക്കുറിച്ചെന്തൊക്കെയാണു് കൃതിച്ചതു്?”

“നിങ്ങളുടെ ഏതു മകൾ? ഞാൻ എന്തു കൃതിച്ചു?”

“എന്തു കൃതിച്ചെന്നോ? എൻ്റെ മകൾ ഗൗരിയെക്കുറിച്ചു നീ എന്തു കൃതിച്ചെന്നോ? ഞാൻ ഒന്നും പറയുന്നില്ല....ദൈവംകൂടി പിഴ പൊറുക്കുമോ? അവളെക്കുറിച്ചിതു പറഞ്ഞുണ്ടാക്കിയതിനു് എൻ്റെ തിരുവായൂരപ്പനുണ്ടെങ്കിൽ അതു മറിച്ചുവരും. ഇത്രേ ഞാൻ പറയുന്നുള്ളു.”

രാധാകൃഷ്ണൻ കുറച്ചുനേരം ആലോചനാമഗ്നനായി നിന്നു. ഒടുവിൽ അയാൾക്കു പൊട്ടിച്ചിരിക്കുവാൻ തോന്നി. പക്ഷെ, അയാൾ ചിരിച്ചില്ല.

ഒരു കൊല്ലം കഴിഞ്ഞു, അയാൾ ആ കഥയെഴുതിയിട്ടു്. അയാളുടെ അന്നുവരെയുള്ള സൌന്ദര്യബോധത്തിൻ്റെ സാക്ഷാൽക്കാരം, അകൃത്രിമമായ രാമണീയകം രൂപമെടുത്ത ഒരു ഗ്രാമീണ യുവതി

യാണ് ഗൌരി. ആ കഥ പ്രസിദ്ധം ചെയ്തശേഷം അവളെ ക്കുറിച്ചു രാധാകൃഷ്ണൻ സ്മരിച്ചിട്ടില്ല. താൻ സൃഷ്ടിച്ചുവിടുന്ന ജന്തു ലോകത്തെക്കുറിച്ചു പുനരാലോചന നടത്തുവാൻ ദൈവത്തിനുകൂടി സാധിക്കുന്നില്ല. അതു് അദ്ദേഹത്തിൻെറ പ്രവൃത്തിക്കു ഭംഗം വരു ത്തും. സൃഷ്ടിയല്ലേ തൻെറ ജോലി. രാധാകൃഷ്ണൻ ഗൌരിയുടെ കഥയെഴുതിയശേഷം എത്രയോ കഥകളെഴുതിയിരിക്കുന്നു. അതിലെ നായികാനായകന്മാരെക്കുറിച്ചാലോചിക്കേണ്ട കാര്യം ?

"ഇതൊക്കെ തറവാട്ടിൽ ജനിച്ചവക്കു ചേന്നതാണോ ?" കുഞ്ചിയമ്മ മൌനം ഭഞ്ജിച്ചു.

"നിങ്ങറം വെറുതെ തെററിദ്ധരിച്ചിരിക്കയാണു്. ഞാൻ നിങ്ങളുടെ മകളെ അറിയില്ല. പണ്ടൊരിക്കൽ ഞാൻ എഴുതിയ ഒരു കെട്ടുകഥയിൽ ഗൌരി എന്നൊരു പേരുണ്ടു്. അതു നിങ്ങ ളുടെ ഗൌരിയാണെന്നാരു പറഞ്ഞു? ലോകത്തിൽ എത്രയോ ഗൌരി മാരുണ്ടു്."

"എൻെറ മകറംതന്നെയാണെന്നു ഞാൻ തറച്ചു പറയാം. അവളുടെ രൂപം വരവണ്ണം തെററാതെ എഴുതി ഒപ്പിക്കാൻ ഈ രാജ്യത്തുള്ളോർക്കല്ലാതെ പിന്നെ ആക്കു സാധിക്കും?"

"സത്യമായിട്ടും ഞാൻ നിങ്ങളുടെ ഗൌരിയെ കണ്ടിട്ടില്ല."

കുഞ്ചിയമ്മ നിശ്ചലയായി. അവക്കൊരു വല്ലായ്മ തോന്നി. പിന്നീടു് ഇത്രയൊക്കെ സംസാരിക്കേണ്ടിയില്ലായിരുന്നുവെന്നും. അവർ രാധാകൃഷ്ണൻെറ മുഖത്തേക്കു സൌമ്യതയോടെ നോക്കിയിട്ടു പറഞ്ഞു:

"മകനേ, നീ സങ്കടം വിചാരിക്കേണ്ട! ചിലാളുകളെന്നോടു പറഞ്ഞു, നീ മനഃപൂർവം എൻെറ മകളെ മോശാക്കാനെഴുതിയ താണെന്നു്. പ്രായായിരിക്കുന്ന പെൺകുട്ടി. എനിക്കു വല്ല സങ്കടോണ്ടാകോ, അവളെക്കുറിച്ചിമ്മാതിരി അസംബന്ധ മാരെങ്കിലും പറഞ്ഞെന്നറിഞ്ഞാൽ? നിൻറമ്മയാണെങ്കിൽ സഹ കോ? ഇല്ല; ആരും സഹിക്കില്ല."

"നിങ്ങളങ്ങനെ പറഞ്ഞതിൽ എനിക്കു പരിഭവമില്ല. മേലാൽ ഇപ്രകാരം വല്ലതും കേട്ടു തെററിദ്ധരിക്കാതിരുന്നാൽ മതി."

കഞ്ചിയമ്മയുടെ മുഖം ഒന്നു പ്രസന്നമായി: മഴക്കാറൊഴിഞ്ഞ സൂര്യന്റേതുപോലെ. അവർ മൊഴിഞ്ഞു: "അമ്മയ്ക്കു സുഖമില്ലേ? എത്ര നാളായി നാണിയമ്മയെ ഒന്നു കണ്ടിട്ട്! ഞങ്ങളൊക്കെ ഒരു മുററത്തു കിടന്നു വളന്നതാ. അന്ന് ഇപ്പോഴത്തെപ്പോലെ കോളേജും മററമുണ്ടോ? ആ ഓലക്കെട്ടും കക്ഷത്തിൽവെച്ചു കുടിപ്പള്ളിക്കൂടത്തിലേയ്ക്കു കൈകെട്ടിക്കൊണ്ടു നടന്നുപോയ കാലം...." അവർ ഒന്നു നെടുവീർപ്പിട്ടു.

രാധാകൃഷ്ണനു ക്ഷമകേടു തോന്നിത്തുടങ്ങി. പക്ഷെ, വേറൊരു വിചാരം അയാളെ അവിടെ തറച്ചുനിറുത്തി.

കഞ്ചിയമ്മ ചോദിച്ചു: "മോന്റെ പഠിത്തമൊക്കെ കഴിയാറായോ?

"ഇല്ല; ഒന്നുരണ്ടു കൊല്ലംകൂടി ഉണ്ട്."

"അതു കഴിഞ്ഞാൽ പിന്നെ വല്ല വക്കീലിന്റെ ജോലിയും കിട്ടുമായിരിക്കുമല്ലേ?

"എന്തെങ്കിലും സ്വതന്ത്രമായ ജോലിയിലേർപ്പെടണമെന്നു വിചാരിക്കുന്നു."

സ്വതന്ത്രമായ ജോലി എന്താണെന്നു കഞ്ചിയമ്മയ്ക്കു പിടി കിട്ടിയില്ല. അവർ ഒരു മന്ദഹാസത്തോടുകൂടി പറഞ്ഞു: "അല്ലെങ്കിൽ ജോലി എന്തിനാണ്? ഒരു കല്യാണവും കഴിച്ചു വീട്ടുകാര്യവുമന്വേഷിച്ചു സുഖമായിട്ടു താമസിക്കയല്ലേ നല്ലത്?"

"അതൊക്കെ അന്നേരത്തെ യുക്തംപോലെ."

"ആകട്ടെ, വളരെ നേരമായല്ലോ നില്ക്കുന്നത്. അകത്തേയ്ക്കു വരൂ! അല്പം കാപ്പി കഴിച്ചിട്ടു പോകാം."

രാധാകൃഷ്ണന്റെ ശ്വാസോച്ഛ്വാസം ക്രമത്തിലായി. വളരെ നേരമായി താൻ പ്രതീക്ഷിക്കുന്നതാണ് ആ വാക്കുകളെങ്കിലും രാധാകൃഷ്ണൻ കൃതജ്ഞതാപൂർവ്വം നിരസിച്ചു: "വേണ്ട; എന്തിനാണ്? ഞാൻ ഇപ്പോഴാം കാപ്പി കഴിച്ചിട്ടിറങ്ങിയതാണ്."

"അതു സാരമില്ല. അല്പം കഴിക്കാം. വരൂ."

"രാധാകൃഷ്ണന്റെ കണ്ണും കരളും വെമ്പി. ഒരു കൊല്ലം മുമ്പു ഭാവനയിൽ രൂപമെടുത്ത ഗൌരി, അന്നത്തേയിലും മോഹനാംഗി

യായി തൻെറ മാംസചക്ഷുസ്സുകൾക്കു വിഷയീഭവിക്കാൻപോകുന്ന മാത്രയെ അഭിമുഖീകരിക്കേണ്ടതെങ്ങനെയെന്നറിയാതെ അയാൾ കുഴങ്ങി. വിചാരങ്ങൾ വിമാനയാത്രതുടങ്ങി. കുഞ്ചിയമ്മ പറഞ്ഞതിനെല്ലാം അയാൾ മൂളി. അവർ രണ്ടുപേരും വാതില്ക്കലെത്തി. രാധാകൃഷ്ണൻെറ മിഴിയിൽനിന്നു പുറപ്പെട്ടിരുന്ന ആലക്തികപ്രഭ പുരസ്സകത്തേയ്ക്കു പാഞ്ഞുകൊണ്ടിരുന്നു. അയാൾ കണ്ടു: വാതിലിൻെറ പിന്നിലേയ്ക്കു വലിഞ്ഞ ഒരു മുഖം. ഈതിമിനുക്കിയ ചെമ്പുത്തകിടുപോലുള്ള നെററിയിൽ ചാർത്തിയിരുന്ന ചാന്തുപ്പൊട്ടു് വണ്ടോടിൻെറ നിറത്തിലുള്ള പുരികക്കൊടികൾ. അയാൾ ഉമിനീരിറക്കാൻ ശ്രമിച്ചെങ്കിലും വായിൽ അതില്ലായിരുന്നു.

രാധാകൃഷ്ണനെ ഒരു കസാലയിൽ ഇരുത്തിയിട്ടു കുഞ്ചിയമ്മ അകത്തേയ്ക്കു പോയി. ഒരു നിമിഷനേരം. അവർ വെററിലച്ചെല്ലവുമായി തിരിച്ചുവന്നു. ഒരു പുല്ലുപായ നിവർത്തിയിട്ടിരുന്നു. ചെല്ലം തുറന്നു മുറുക്കാൻ ആരംഭിച്ചുകൊണ്ടു പറഞ്ഞു:

"ഞാൻ ഗൌരിയുടെ മൂത്തവനെ പ്രസവിച്ചു കിടക്കുമ്പോഴാണു്, നിന്നേയും എടുത്തുകൊണ്ടു് നാണിയമ്മ എന്നെക്കാണാൻ വന്നു. നീയും കുഞ്ഞാണു്. അന്നേന്നേരമാണു് നീ എൻെറ മുല കുടിച്ചതു്! അതേ, അവനും നീയും ഒരാണ്ടിലുള്ളതാണു്."

"ആരാ അതു്?"

"ഗൌരിയുടെനേരെ മൂത്തവൻ. അവനിപ്പോൾ പട്ടാളത്തിലാണു്. മാസം മുപ്പതു രൂപാവീതം വരുന്നുണ്ടു്. എൻെറ മകൻ എവിടേണാവോ!"

"ആകെ എത്ര മക്കളുണ്ടു്?"

"രണ്ടാണും ഒരു പെണ്ണും. എല്ലാററിലും മൂത്തവൻ ഒരു വാദ്ധ്യാരാണു്. ഇവിടെ മാസത്തിലൊരിക്കലേ വരിള്ളു. അവൻ ഭാര്യവീട്ടിൽ തന്നെയാണു് താമസം. അതിനടുത്താണു് അവൻെറ പള്ളിക്കൂടം."

"അപ്പോൾ, ഗൌരിക്കച്ഛനില്ലേ?"

"അച്ഛൻ മരിച്ചിട്ടു കൊല്ലം മൂന്നായില്ലേ."

"ങ്ഹാ!"

കുഞ്ചിയമ്മ വിളിച്ചു:—

"ഗൌരീ!"

"എന്തോ."

"വേഗമാവട്ടെ! കുട്ടനെവിടയോ പോകാനത്യാവശ്യമുണ്ട്."

പോകുവാൻ തിരക്കില്ലെങ്കിലും രാധാകൃഷ്ണനു കാപ്പി വേഗം കടിക്കണം, ആ കാപ്പി ദാത്രിയോടു നന്ദിപറയേണ്ടതെങ്ങനെയാണെന്നാണ് അയാൾ ആലോചിച്ചുകൊണ്ടിരുന്നതു്. എന്തു പറഞ്ഞാലായിരിക്കും അവൾക്കു സന്തോഷമാകുക! എന്നെക്കുറിച്ച് അവൾ എന്തൊക്കെയാണോ ധരിച്ചുവച്ചിരിക്കുന്നതു്! എങ്ങനെയാണു് അല്പം സംസാരിക്കണമെന്നു പറയുക! ആകട്ടെ അന്നേരം, തോന്നുന്നതുപോലെ. അയാൾ ഉറച്ചു.

"കാപ്പി." ഉള്ളിൽനിന്നുവന്ന ശബ്ദമാണ്.

"ഇങ്ങോട്ടു കൊണ്ടുവരൂ! ഇവിടെ വിരോധിച്ചാരുമില്ല."

ഇതിനിടയിൽ രാധാകൃഷ്ണൻ നക്ഷത്രത്തോളമുയന്നിട്ടു കീഴ്പോട്ടു വന്നു. അയാളുടെ മുഖം പ്രസന്നമായി. കണ്ണുകൾ പൂർവ്വാധികം ദീപ്തങ്ങളായി. ഒരു 'മണവാളപ്പുഞ്ചിരി' ആ ചുണ്ടുകളിൽ വിരിഞ്ഞു.

കാപ്പിക്കാരിയുടെ പുറപ്പാടു്: രണ്ടു കൈയിലും തൂക്കിപ്പിടിച്ചിരിക്കുന്ന കാപ്പിഗ്ലാസ്. അതു തുളമ്പിപ്പോകുന്നുണ്ടോ എന്നു സൂക്ഷിച്ചുകയായിരുന്നു ഗൌരിയുടെ കുനിഞ്ഞ തല. കുടംപച്ചയായ ജമ്പറിന്റെ കാറിനൃത്തോടു മത്സരിക്കുന്ന മാറിടം. അയാൾ ഇമ വെട്ടാതെ നോക്കി. കുഞ്ചിയമ്മ വെററിലച്ചെല്ലത്തിലേയ്ക്കു ദൃഷ്ടി പതിപ്പിച്ചു. കാപ്പി അടുത്തെത്തുന്നതിനുമുമ്പേ രാധാകൃഷ്ണന്റെ കൈ നീണ്ടു. വലതുകൈയിലെ കാപ്പി അവൾ അയാളുടെ കൈയിൽ കൊടുത്തു. ആ മിഴികൾ ഒന്നിടഞ്ഞു.

നിത്യവും രാധാകൃഷ്ണൻ കുഞ്ചിയമ്മയെക്കാണാൻ ചെല്ലും. മിക്ക ദിവസവും അവർ അമ്പലത്തിലായിരിയ്ക്കും. ഗൌരി തനിച്ചാണല്ലോ എന്നു കരുതി അമ്മ തിരിച്ചെത്തുന്നതുവരെ അയാൾ അവിടെ കഴിച്ചുകൂട്ടും. അവർക്കു സംസാരിക്കുവാൻ പാടില്ലാത്ത വിഷയ

മൊന്നും ലോകത്തിലില്ലാത്തത്ര്യം അവർ അടുത്തു. രാധാകൃഷ്ണൻ പോകാൻ സമയത്തു് അവരം ചോദിക്കും:

"എൻെറ കഥ നാളെക്കൊണ്ടുവരുമോ?"

"ഓ, നിൻെറ കഥ ഞാൻ ഇന്നും മറന്നുപോയി."

"എന്നെങ്കിലും എനിക്കു അതൊന്നു വായിക്കാനൊക്കുമോ?"

"കൊള്ളാം. ഗൌരിയല്ലേ അതിലെ കഥാനായിക."

"അതിൻെറ അവസാനമെന്താണു്?"

"അതൊക്കെ പറഞ്ഞാൽ രസംപോകും, വായിച്ചറിയൂ."

കോളേജ് തുറക്കാൻ രണ്ടു ദിവസമുണ്ടു്. രാധാകൃഷ്ണൻ ഒരു പഴയ കടലാസുചുരുരം ഗൌരിയുടെ നേക്കിട്ടുകൊടുത്തു: "ഇതാണു് ആ കഥ. എൻെറ കോളേജ് തുറക്കുന്നതു മററന്നാളാണു്, ഞാൻ നാളെപ്പോകും. ഇനി ഓണത്തിനു വരുമ്പോരം കാണാം."

അവരംക്കു സമാധാനം പറയുവാൻ കഴിഞ്ഞില്ല. പഠിപ്പു നല്ല താണെന്നുതന്നെയാണു് അവളുടെ അഭിപ്രായവും. പക്ഷെ,........ അവളൊന്നും പറഞ്ഞില്ല. അവരംക്കു പറയാനുള്ളതു് അവരം പഠി ച്ചിട്ടില്ല.

ദിവസവും ആ കടലാസുചുരുരം അവരം നിവത്തും. പക്ഷെ, കണ്ണുനീരുകൊണ്ടും ഒന്നു വായിക്കാൻ സാധിക്കുകയില്ല. അവരം അതു ചുരുട്ടി പെട്ടിയിൽ സൂക്ഷിച്ചുവെക്കും....രാധാകൃഷ്ണൻ പോയി ഒരു മാസമായി. അവരം വ്യസനിച്ചു; പരിഭ്രമിച്ചു. അവരം രഹസ്യ മായി എന്തോ അമ്മയോടു പറഞ്ഞു. അമ്മ മരവിച്ചിരുന്നു.

"മകളേ, അവൻെറ കഥപോലെതന്നെ കാൎയ്യം വന്നു കലാശി ച്ചല്ലോ!!" കുഞ്ചിയമ്മ പറഞ്ഞു.

അവരം കഥയെടുത്തു് ആദ്യവസാനം വായിച്ചു. നായകനാൽ വഞ്ചിതയായ നായിക അപമാനം സഹിക്കവയ്യാതെ ആത്മഹത്യ ചെയ്യുന്ന ഘട്ടത്തിൽ കഥ നില്ക്കുന്നു.

# തീക്കുടുക്ക

പൌലോസ് മാസ്റ്ററുടെ വിവാഹം കഴിഞ്ഞു. കണ്ടാൽ വേണ്ടില്ലാത്ത പെണ്ണ്. മുഖത്തു നല്ല തറവാടിത്തം. നാലുനാളികേരം വീഴുന്ന വീട്ടിൽ ജനിച്ചതാണെന്ന ഭാവംകൂടി പെരുമാററത്തിലില്ല.

മാസ്ററരുടെ അച്ഛൻ അവളെ മറിയാമ്മയെന്നു തികച്ചുവിളിക്കാറില്ല. അവൾക്കു പൌലോസിൻെറ അമ്മയുടെ ഛായയുണ്ടെന്നാണു് അയാൾ പറയാറുള്ളതു്. അതു വാസ്തവമാണോ എന്തോ എന്നു മാസ്റ്റർക്കു നിശ്ചയമില്ല. അയാൾ നന്നേ കുഞ്ഞായിരുന്നപ്പോൾ തന്നെ അമ്മ മരിച്ചു. പിന്നെ അമ്മയുമച്ഛനുമായിട്ടു വർത്തിച്ചതു തോമസു മാത്രം. പിതാവിൻെറ യൌവ്വനത്തിൽ തന്നെയാണ പൌലോസിൻെറ അമ്മ മരിച്ചതെങ്കിലും പൌലോസിനു് ഒരു 'ചിററമ്മ കൈയിലിൻെറ സങ്കോചം കാണേണ്ടിവന്നില്ല. നാട്ടുകാരുടെയിടയിൽ ഇന്നും ഒരത്ഭുതവാർത്തയാണു്, തോമസ് പുനർവിവാഹം ചെയ്യാതിരുന്നതു്. നാല്പത്തിരണ്ടിലെത്തിയ അയാളുടെ ശരീരത്തോടു യൌവനം യാത്ര പറഞ്ഞിട്ടില്ല. നരയ്ക്കാത്ത തല. വൃത്താകാരമായ ചുവന്ന മുഖം. വീതികൂടിയ മാറിടം.

ജോലികിടിയതുകൊണ്ടോ വിവാഹം ചെയ്തതുകൊണ്ടോ മാസ്റ്ററുടെ സ്വഭാവത്തിനു പറയത്തക്ക മാററം വന്നില്ല. അയാളുടെ ചിന്ത മുഴുവനും ആത്മാവിനെക്കുറിച്ചായിരുന്നു. സുഖഭോഗങ്ങളെല്ലാം ശരീരത്തിൻേറതുമാത്രം. ആത്മാവിനു വേണ്ടതു പള്ളി, പട്ടക്കാരൻ, വേദപുസ്തകങ്ങൾ, ഏകാന്തത എന്നിവയാണു്. പിന്നെ, വിവാഹം ചെയ്തതു പിതാവിനെ അനുസരിക്കാൻ മാത്രം. ഇനി മറിയാമ്മ ഗർഭിണിയാകുമെങ്കിൽ അതു് അവൾക്കുവേണ്ടി. ബുദ്ധഭഗവാനെ ഒരു കുട്ടിയുടെ അച്ഛനാക്കുവാൻ യശോധരയ്ക്കു സാധിച്ചു.

ഉച്ചയ്ക്കു് ഊണു കഴിക്കുവാൻകൂടി വീട്ടിലേയ്ക്കു വരുന്നതു് അയാൾക്കൊരു ജോലിപോലെയാണു്. പള്ളിക്കൂടം അടുത്താണു്. എന്നാലും ഉച്ചഭക്ഷണം അവിടെ എത്തിച്ചുകൊടുക്കും.

മാസ്റ്ററുടെ തല നിറയെ വേദാന്തമായിരുന്നെങ്കിലും മറിയാമ്മയെ അയാൾ വെറുത്തില്ല. അവളുടെ ശുശ്രൂഷയിൽ അയാൾക്കു് അവാച്യമായ ഒരാനന്ദം അനുഭവമാകുകയും ചെയ്തു. പിന്നെ ശൃംഗാരം പറയാൻ അയാൾ സമയമെടുത്തിരുന്നില്ല. അതുതന്നെയല്ലാ, അവളുടെ ആടിക്കുഴഞ്ഞുള്ള സംസാരവും മററും അയാളെ പലപ്പോഴും സംശയാധീനനാക്കി. ഇവൾ ഇതൊക്കെ ഏതു കോളേജിൽനിന്നു പഠിച്ചുവെന്നായിരിക്കാം പുള്ളിക്കാരൻ വിചാരിച്ചതു. പാവം!

മറിയാമ്മയുടെ ആഗമനത്തോടുകൂടി തോമസിൻെറ പകുതി ഭാരവുമൊതുങ്ങി. അയാൾ സാമ്പത്തികവകുപ്പു മുഴുവനും അവൾക്കു വിട്ടുകൊടുത്തു. ചെലും കലവുംവെച്ചു പൂട്ടുംതാക്കോലും എല്ലാം ഒരാൾതന്നെയാകുന്നതാണു് കുടുംബത്തിനൈശ്വര്യം! പെണ്ണുങ്ങൾക്കും സ്വയംവരണമെങ്കിൽ അങ്ങനെയൊക്കെത്തന്നെയാവണം.

ഉച്ചയൂണു കഴിഞ്ഞാൽ തോമസും മറിയാമ്മയും വർത്തമാനത്തിലാണു്. തൻെറ സംഭവബഹുലമായ ജീവിതത്തിലെ അദ്ധ്യായങ്ങൾ ഒരക്ഷരവും വിട്ടുപോകാതെ അയാൾ മറിയാമ്മയെ കേൾപ്പിക്കും. ഏതു സംഗതി പറഞ്ഞാലും അയാളുടെ വ്യക്തിമാഹാത്മ്യമായിരിക്കും അതിൽ മുഴച്ചിരിക്കുക. ഇതിൽ മറിയാമ്മയെ ഏററവും കൂടുതൽ രസിപ്പിക്കാറുള്ളതു തോമസിൻെറ ദാമ്പത്യ ജീവിതത്തെക്കുറിച്ചുള്ള വാർത്തയാണു്. അവരുടെ പ്രേമത്തിൻെറ വികാസം........ഏതു ചക്രവാളം.. അതൊന്നും പോരാ. അവരൊന്നിച്ചു നാടകം കാണാനും സിനിമാകാണാനും പോയിട്ടുള്ളതു്. ചിലസമയങ്ങളിൽ ഉണ്ടാകുന്ന നിസ്സാര പിണക്കത്തിനു രണ്ടും മൂന്നും ദിവസം മിണ്ടാതിരിക്കുക. ഒടുവിൽ ഭാര്യ കീഴടങ്ങി മാപ്പുചോദിക്കുന്നതു്. അങ്ങനെ പലതും.

രാത്രി ഊണു കഴിഞ്ഞാൽ മാസ്റ്റർ ഉടനെ ഉറങ്ങും. അവൾക്ക പലതും പറയാനുണ്ടാകും. തലയണമന്ത്രം കേൾക്കാത്ത ഒരു പുരുഷൻ ലോകത്തിലുണ്ടോ?

മറിയാമ്മ നന്നേ മുഷിഞ്ഞു. തോമസിൻെറ വാത്സല്യംമാത്രമേ അവൾക്ക തണൽ നൽകിയിരുന്നുള്ളൂ. അവൾ അടുക്കുന്തോറും മാസ്റ്റർ അകന്നു. അവളുടെ വികാരതീക്ഷ്ണത അയാളെ പൊള്ളിച്ചു. നിരാശയും അസംതൃപ്തിയും അവളുടെ ആത്മാവിനെ അസ്വസ്ഥമാക്കി. എങ്കിലും അവൾ വീട്ടിലേയ്ക്കു തിരിച്ചുപോകുവാൻ ആഗ്രഹിച്ചില്ല.

മാസ്റ്ററും മറിയാമ്മയും തമ്മിൽ കാണുന്നതുതന്നെ ദുർല്ലഭം. കണ്ടാൽ മന്ദഹസിക്കയില്ല. ആവശ്യത്തിനുമാത്രം സംസാരം.

അയാളുടെ ഹൃദയത്തിൽ ചില ചലനങ്ങൾ—അവൾ എവിടെ എന്ന ചോദ്യം—അന്വേഷണം. കച്ചവടത്തിൽ നഷ്ടം വന്നവൻെറ പരിതാപം—അവ്യക്തമായ ചിന്തകളുടെ കെട്ടുപിണച്ചിൽ—കാരണമറിയാത്ത ദുഃഖം. അയാൾ വിദൂരതയിലേയ്ക്കു നോക്കിയിരുന്നുപോകും. നെടുവീർപ്പുവിടും.

"ഞാൻ അപ്പനോടുകൂടി ഇന്നു സിനിമയ്ക്കു പോകട്ടെ!" മറിയാമ്മ മാസ്റ്ററോടു ചോദിച്ചു. അയാൾ സമ്മതംമൂളി. "നമുക്കൊരുമിച്ചു സിനിമയ്ക്കു പോകാം" എന്നുപറയുവാൻ അയാൾക്കുതോന്നി.

രാത്രി ഒമ്പതര മണിയായി. സിനിമ കഴിഞ്ഞു. തോമസും മറിയാമ്മയും പുറത്തിറങ്ങി. നഗരത്തിൻെറ ആരവം നിലച്ചിട്ടില്ല. വൈദ്യുത പ്രകാശത്തിൽ മുങ്ങിക്കിടക്കുന്ന തെരുവ്. ഇരുപാർശ്വങ്ങളിലും ആകാശചുംബികളായ സൌധങ്ങൾ, പ്രകാശധോരണിയുടെ വിലാസരംഗങ്ങളായ രത്നാഭരണശാലകൾ, അങ്ങനെ അവൾ പലതിലേയ്ക്കും തിടുക്കത്തിൽ മാറി മാറി കണ്ണോടിച്ചു. ഇതിനിടയിൽ അവൾക്ക കിട്ടിയ കടാക്ഷങ്ങൾക്ക് ആരേയും കടക്കാരാക്കിയില്ല....അവർ അല്പം കാപ്പികുടിച്ചു. ഒരു റിക്ഷായിൽ കയറി വീട്ടിലേയ്ക്കു തിരിച്ചു.

വണ്ടി പട്ടണത്തെ പിന്നിട്ടു. വണ്ടിക്കാരൻ ക്ഷീണിച്ചു. ചക്രങ്ങൾ സാവധാനത്തിലുരുണ്ടു. അവരുടെ സംസാരം നിലച്ചു. ശൂന്യമായ പാത, മന്ദമാരുതൻ, നേരിയ മഞ്ഞുവീഴ്ച. ഉച്ചസ്ഥനായ ചന്ദ്രൻ. പാതവക്കിലുണ്ടായിരുന്ന ഉപവനങ്ങളിലെ വല്ലികൾ നൃത്തംചെയ്തു. ഇലകൾ താളംപിടിച്ചു. രാക്കിളിപാടി. മൃഗങ്ങളും ചീവീടുകളും ശ്രദ്ധിച്ചു. തോമസിന്റെ ഹൃദയത്തിൽ പൂർവസ്മരണകളുതിർന്നു. പന്ത്രണ്ടു കൊല്ലങ്ങൾക്കുമുമ്പു, അയാൾ ഭാര്യാസമേതനായി സിനിമകഴിഞ്ഞു് ഒരേ വണ്ടിയിൽ തിരിച്ചു വരുന്നതു്. വഴിക്കുള്ള തമാശകൾ. അതിനോടു സാമീപ്യമുള്ള ഒരനുഭൂതി അയാളെ പുൽകി.....ശരീരം വിയർക്കാൻ തുടങ്ങി. രക്തം ചൂടായി. അതിന്റെ ഗതിക്കു വേഗതകൂടി. അയാൾ ഒന്നു ദീർഘശ്വാസം ചെയ്തു. അതോടൊപ്പംതന്നെ മറിയാമ്മയും. അവർ പരസ്പരാലിംഗനത്തോടെ അന്തരീക്ഷത്തിലേയ്ക്കുയർന്നു. നക്ഷത്രങ്ങൾ ആ റിക്ഷാവണ്ടിയെ തുറിച്ചുനോക്കി.

ആഴ്ചയിലൊരിക്കൽ മറിയാമ്മ അപ്പനോടുകൂടി സിനിമയ്ക്കു പോയിരുന്നു. മാസ്റ്റർ അതിനെക്കുറിച്ചൊന്നും അന്വേഷിച്ചില്ല. സിനിമാ കാണുന്നതിലും മറ്റും അയാൾക്കു വലിയ രസമില്ലെന്നായിരുന്നു മററുള്ളവരുടെ ധാരണ. വാസ്തവത്തിൽ അയാൾക്കു് ഒന്നിനും രസമില്ലെന്നായി. പുസ്തകവായന ചുരുങ്ങി. ഊണും കാപ്പിയും കഴിക്കുന്നതിൽതന്നെ വിരസത. ആരും അതിനെക്കുറിച്ചന്വേഷിച്ചില്ല.

ഒരു ദിവസം മാസ്റ്റർ പാതിരിയോടു പറഞ്ഞു:—

"അച്ചാ! എനിക്കു് എന്റെ ഭാര്യയുമായുള്ള വിവാഹബന്ധം വേർപെടുത്തിയാൽ കൊള്ളാമെന്നുണ്ടു്."

"എന്താ മകനേ! നിനക്കങ്ങനെ തോന്നാൻ?"

"ചുമ്മാ; എനിക്കു കുടുംബജീവിതത്തിലാഗ്രഹമില്ല. പിന്നെ അന്നു അച്ചന്റെ നിർബന്ധപ്രകാരം അങ്ങനെ ചെയ്തുവെന്നു മാത്രം."

"ഇങ്ങനെയൊന്നും പറയരുതു്! ആ ചിന്തയൊക്കെക്കളയൂ! ഭാര്യയോടുകൂടി സുഖമായി ജീവിക്കൂ!"

"അതല്ലാ; എനിക്കു വിവാഹബന്ധം വേർപെടുത്തണം."

"മകനേ! വിവാഹമോചനം പാപമാണ്. ഇനി അതിനെക്കുറിച്ചു് ആലോചിക്കയേ വേണ്ട."

പൌലോസ് മാസ്റ്റർ പിന്നീടു ശബ്ദിച്ചില്ല.

മറിയാമ്മയുടേയും തോമസിൻേറയും ഉച്ചസംഭാഷണം നടന്നു പോന്നു. അവരു ചുമരു ചാരിനിന്നു കാലുകരം കഴുകുമ്പോരം കട്ടിലിൻെറ ഒരററത്തിരിക്കും. അയാരം കട്ടിലിൻെറ ഒരററത്തിരിക്കും. അയാരം അവളെ ഓർമ്മിപ്പിക്കും: "ഇതിൽ പൌലോസിൻെറ അന്നമാത്രമേ ഇരുന്നിട്ടുള്ളു." അതു കേരംക്കുമ്പോഴൊക്കെ അവളുടെ മുഖത്തു് ആഴമുള്ളോരു മന്ദഹാസം വിരിയും. ഹൃദയത്തിൽ ഏതോ ചില വികാരം അലയിളക്കും.

.......കട്ടിലിൻെറ അററത്തുനിന്നു് അവരം മദ്ധ്യത്തിലേയ്ക്കു കുറേശ്ശെ നീങ്ങി. ഭക്തിയേക്കാരം വലിയതു സ്നേഹമല്ലേ?

മാസ്റ്റർ ആരോടും മിണ്ടാതായി. മുഖവും തലയും കാടുപോലെ കുഴുത്തു നീണ്ടു. ശരീരം വിളറി മെലിഞ്ഞു. അറിയുന്നവരേയും വിഷൂരമായി നോക്കുന്നു; ഇതെല്ലാം ഭ്രാന്തിൻെറ ലക്ഷണമാണെന്നു് ആളുകരം വിധിച്ചു. മറിയാമ്മയും തോമസ്സും അതുകേട്ടു വ്യസനിച്ചു.

ഒരായിരം കടന്നൽ തലയ്ക്കുള്ളിൽ പാഞ്ഞു നടക്കുന്നതുപോലെയാണു മാസ്റ്റർക്കു്. രാത്രി ഉറക്കം വരാറില്ല. ആലോചന, ആലോചന. എന്തിനെക്കുറിച്ചു്? ഒന്നിനെക്കുറിച്ചുമല്ല. എല്ലാററിനെക്കുറിച്ചും അവസാനമില്ലാത്ത ചിന്ത....വെളുപ്പായപ്പോരം മാസ്റ്റർ ഒന്നു മയങ്ങി. അയാരംക്കൊരു സ്വപ്നമുണ്ടായി. താൻ ഒരു തൂക്കമരത്തിൻെറ കീഴിൽ. ആരാച്ചാരു്; ചില ഉദ്യോഗസ്ഥന്മാർ; ഒരു പെരിയ ജനക്കൂട്ടം. എല്ലാവരും നിശബ്ദം.. മാസ്റ്ററുടെ കഴുത്തിൽ കുരുക്കു വീണു വിഴുന്നു......." അയാരം ഞെട്ടിയുണർന്നു. ഒന്നും സംഭവിച്ചിട്ടില്ല.

പകൽ രണ്ടരമണി കഴിഞ്ഞു. മാസ്റ്റർ ക്ലാസ്സിൽനിന്ന് ആരോടും ഒന്നും പറയാതെ വീട്ടിലേയ്ക്കു നടന്നു. വാതുക്കലെത്തി. അകത്താരുടെ ശബ്ദവും കേൾക്കുന്നില്ല. തെക്കേ മുറി അടച്ചു തഴുതിട്ടിരിക്കുന്നു. അയാൾ അടുക്കളയിലും വടക്കേമുറിയിലും നോക്കി: മറിയാമ്മയില്ല. തെക്കേമുറിയുടെ വാതുക്കൽ ചെന്നുനിന്നു: ശബ്ദമില്ല. വീണ്ടും അയാൾ അടുക്കളയിലേയ്ക്കു പോയി: അവളെ കണ്ടില്ല. തിരിച്ചുവന്നു വാതുക്കൽ മുട്ടി. തോമസ് ഉച്ചത്തിൽ ചോദിച്ചു: "ആരാ അതു്?"

"ഞാനാ, വാതിൽ തുറക്കു!"

പെട്ടെന്നു വാതിൽ തുറന്നതും തോമസിന്റെ വെളിക്കു ചാടലും! മാസ്റ്റർ ഉള്ളിലേയ്ക്കു കടന്നു. മറിയാമ്മ പരിഭ്രാന്തയായി നിന്നു വിറയ്ക്കുന്നു. അവളുടെ മുടി അലസമാണ്. ബോഡീസ് മാത്രം മാറിടത്തിൽ കെട്ടഴിഞ്ഞു കിടക്കുന്നു. മാസ്റ്റർ അരയിൽ നിന്നു് കാരി വലിച്ചു പുറത്തേയ്ക്കെടുത്തു. ഇടതു കൈകൊണ്ടു മുടികൾ കുത്തിപ്പിടിച്ചു. ഭയംകൊണ്ടു് അവൾ കരഞ്ഞില്ല. വലതു കൈ ഓങ്ങി മാറിടത്തെ ലക്ഷ്യമാക്കി ഒരു കുത്തു്! അയാൾ അതു വലിച്ചൂരി. രക്തത്തിന്റെ ഒരു കമ്പി അയാളുടെ മുഖത്തേയ്ക്കു പാഞ്ഞു. അവൾ നിലത്തുവീണു പിടച്ചു: അയാൾ പല്ലിറുമ്മി.

# നേഴ്സിന്റെ ആത്മകഥ

പ്രിയപ്പെട്ട ജോൺ!

ഞാൻ ജോലി ചെയ്തിരുന്ന ആശുപത്രിയിലെ ഏററവും നികൃഷ്ടമായ ഒരു കട്ടിലിലിരുന്നുകൊണ്ടാണിതെഴുതുന്നതു്. നിങ്ങളുടെ കത്തുകിട്ടി. വായിക്കുന്നതുവരെ ഞാൻ കിടക്കുകയായിരുന്നു. എന്റെ സിരാചക്രങ്ങൾ മുറിഞ്ഞുപോകുന്നപോലെ, പ്രാണൻ അലിഞ്ഞുകൊണ്ടിരിക്കുന്നപോലെ എനിക്കു തോന്നുന്നു. എന്നിട്ടും നിങ്ങളുടെ കത്തിനു മറുപടിയെഴുതുവാനുള്ള ഉന്മേഷം എനിക്കുണ്ടു്. അതു പ്രദാനം ചെയ്തതു നിങ്ങളുടെ കത്താണു്. ആ എഴുത്തിൽ അക്ഷരങ്ങളല്ല; നിങ്ങളുടെ ആത്മാവിന്റെ കണ്ണുനീർ; അതു കാണുവാൻ ഇന്നു മാത്രമാണു് എന്റെ അന്തഃകരണം സന്നദ്ധമായതു്. പതിനാറുകൊല്ലംമുമ്പു്, അയ്യോ! ഞാൻ അതു സ്വീകരിച്ചിരുന്നെങ്കിൽ ഞാൻ ഈ നരകയാതന അനുഭവിക്കേണ്ടി വരുമായിരുന്നോ?

രക്തവും ചലവുമൊലിക്കുന്ന കുരുക്കൾ എന്റെ ശരീരത്തിലനവധിയുണ്ടു്. അവയിൽ നിന്നു വമിക്കുന്ന ദുർഗ്ഗന്ധം ഈച്ചയെക്കൂടി ആട്ടി അകററുന്നു. എന്റെ സമീപമുള്ളതു് എന്നെപ്പോലത്തെ ഏതാനും രോഗിണികൾ. ഈ വാർഡിൽ കിടന്നിരുന്നവരേ എനിക്കെത്ര പുച്ഛമായിരുന്നു; അവരുടെ പിന്നിൽ ഒരു ജീവിതമുണ്ടെന്നും, അവക്കൊരാത്മാവുണ്ടെന്നും ഞാൻ വിചാരിച്ചിട്ടില്ല. സ്വർഗ്ഗത്തേ! എന്റെ ശരീരത്തിൽ ആയിരം സൂചി തറയ്ക്കുന്നവേദന. ഞാൻ വേദനയാണു്. ഈ കിടക്കയിൽനിന്നു ഞാൻ എഴുന്നേൽക്കുമെന്നു വിശ്വാസമില്ല; അതിനാഗ്രഹമില്ല. ഒററനിമിഷംകൊണ്ടു മരിക്കുന്നതിനും എനിക്കിഷ്ടമില്ല. ഞാൻ ഇങ്ങനെ തുണ്ടുതുണ്ടായിട്ടുതന്നെ മരിക്കണം! അതാണു ലോകത്തിനു കാണേണ്ടതു്.

എൻെറ പ്രാണേശ്വരാ! ഞാൻ അങ്ങയെ ഇപ്രകാരം സംബോധന ചെയ്യട്ടെ! എനിക്കതിനു യോഗ്യതയില്ല, അധികാരമില്ല. എന്നാലും, ഞാൻ ലോകത്തിലാരേയും അങ്ങനെ സംബോധനചെയ്തിട്ടില്ലാത്തതുകൊണ്ടു്, ആരെയെങ്കിലും ഞാൻ അങ്ങനെ വിളിച്ചുകൊള്ളട്ടെ! ആരെയെങ്കിലുമല്ല, ഞാൻ ലോകത്തിൽ ആരേക്കാളുമധിക്ഷേപിച്ചിട്ടുള്ള അങ്ങയെത്തന്നെ. ഇതും സഹിക്കുവാനുള്ള കഴിവു് അങ്ങേക്കു മാത്രമേയുള്ളു. എനിക്കിനി സമയമില്ല. എൻെറ വണ്ടിവിടുവാൻ സമയമായി. എൻെറ നികൃഷ്ടജീവിതത്തിൻെറ സംഭവബഹുലമായ ഡയറി മിഖായേൽ മാലാഖയുടെ മേശപ്പുറത്തെത്തിക്കഴിഞ്ഞു. എന്നെ വിചാരണചെയ്യുവാനുള്ള സമയമാസന്നമായി. ഈ അവസരത്തിൽ അങ്ങയുടെ പാദത്തിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു ഞാൻ ചിലതൊക്കെ അറിയിച്ചുകൊള്ളട്ടെ! എൻെറ ആത്മാവിൻെറ സഞ്ചികളിലുള്ള ചില സാമാനങ്ങൾ അങ്ങയെ ഏല്പിക്കട്ടെ! അല്പം ആശ്വാസത്തോടുകൂടി ഞാൻ മരിക്കട്ടെ! ഇതിലൊന്നിലും അങ്ങേക്കു ദുഃഖിക്കുവാനില്ല. അതിനുള്ള കടമയില്ല.

പതിനാറുകൊല്ലം മുമ്പു ഞാൻ അങ്ങയുടെ പ്രേമലേഖനം നിരസിക്കുന്നകാലത്തു് എനിക്കുണ്ടായിരുന്ന ദുരഭിമാനം! ആ ലേഖനത്തിൽ പ്രകടമായിരുന്ന പ്രേമം ഉരുകിത്തെളിഞ്ഞു് ഇന്നും അങ്ങയുടെ ആത്മാവിൻെറ ഉള്ളറയിൽക്കിടക്കുന്നു. എൻെറ ദുരഭിമാനം, മിഥ്യാബോധത്തിമിരമാകുന്ന മൂടൽമഞ്ഞു്, ജീവിതയാഥാർത്ഥ്യങ്ങളുടെ തീക്ഷ്ണകിരണങ്ങളാലലിഞ്ഞുപോയി. എന്നെപ്പോലെ വിദ്യാസമ്പന്നയും സുന്ദരിയുമായ ഒരു സ്ത്രീക്കു ഭാവിയിലുണ്ടാകാൻ പോകുന്ന ഭാഗധേയങ്ങളെക്കുറിച്ചാലോചിച്ചപ്പോൾ അങ്ങു് എൻെറ മുന്നിൽ ഒരു മൺകട്ടയായിരുന്നു. അതിനുള്ളിൽ കനകപ്പൊടിയോ കുപ്പപ്പൊടിയോ എന്നു അറിയുവാനുതകുന്ന പദാർത്ഥവിജ്ഞാനം എന്നെ തീണ്ടിയിട്ടില്ല. എനിക്കൊന്നിനെക്കുറിച്ചും ചിന്തിക്കുവാനുള്ള ക്ഷമയോ സൗകര്യമോ ഇല്ലായിരുന്നു. അത്രമേൽ എന്നെക്കുറിച്ചുള്ള മതിപ്പിൽ ഞാൻ മുങ്ങിപ്പോയി.

ഞാൻ ജനിച്ച ആ അപരിഷ്കൃതമായ ഗ്രാമം. അതിൻെറ എത്രയായിരം ഇരട്ടി ഞാൻ വികസിച്ചുവെന്നെനിക്കുതോന്നി. അതുകൊണ്ടു് എന്നെ ഉൾക്കൊള്ളുവാനുള്ള അന്തസ്സും പ്രൌഢിയും അതിനില്ല. ആ വിചാരമാണ് എന്നെ മദിരാശിയിലേയ്ക്കാനയിച്ചതു്. ഇവിടെ എനിക്കു കിട്ടിയ സ്വീകരണം പ്രതീക്ഷാതീതവും ആക്കം അസൂയാവഹവുമാണു്. ഒരുപക്ഷെ, എൻെറ മനോഗതിയുള്ള ഏതു സുന്ദരിയേയും മദിരാശി, ഇപ്രകാരം അനുഗ്രഹിച്ചേയ്ക്കാം. പരിഷ്കാരത്താൽ സംഭ്രാന്തമായ ഈ നഗരിയുടെ ഓരോ ചലനത്തിലും ഞാനുണ്ടായിരുന്നു. എന്നെ ഒരു നോക്കു കാണാൻ എൻെറാരുനോട്ടത്തിന്, എന്നോടൊന്നു മിണ്ടുവാൻ ഡോക്ടർമാർ, വൈദ്യവിദ്യാർത്ഥികൾ, ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ് അവസരം പ്രതീക്ഷിച്ചതു്! ആരുടെ ജീവിതത്തിലും ഇത്തരമൊരു ചക്രവാളം കാണുകയില്ല.

എന്നെ വലയംചെയ്ത കാമുകവൃന്ദത്തെ ഒന്നാകെ വിഴുങ്ങുവാനുള്ള തൃഷ്ണ എനിക്കുണ്ടായിരുന്നു. ആരിലാണു ഞാൻ ചേരേണ്ടതു്; ഏതൊട്ടാണൊഴുകേണ്ടതു്—എന്ന് വിചാരത്തിനുത്തരം കാണാതുഴലുന്നവസരത്തിലാണ് ഞാൻ ഡോ: രാജനെ കണ്ടെത്തിയതു്. അദ്ദേഹം എൻെറ വാർഡ് ഡോക്ടറായി വന്നയുടനെ എൻെറ സമസ്ത ആവേശവും ഞാൻ അങ്ങോട്ടു കേന്ദ്രീകരിച്ചു. സുന്ദരൻ; ചെറുപ്പക്കാരൻ; ഏറെത്താമസിച്ചില്ല. ഞങ്ങളുടെ നടപ്പും കിടപ്പും ഒന്നിച്ചായി....അതിൻെറ അവസാനമെന്നു പറയുവാനുള്ളതു്, അദ്ദേഹം മിലിററിയിൽ ചേർന്നുപോയി എന്നാണു്. മനസ്സോടു കൂടിയല്ലെങ്കിലും ഞാൻ റെയിൽവേ സ്റ്റേഷൻവരെ അദ്ദേഹത്തെ അനുഗമിച്ചു.

ഏറെ ദിവസം കഴിഞ്ഞില്ല. ഓണാഘോഷമടുത്തു. അന്ന് അഭിനയിക്കുവാനുള്ള പ്രഹസനത്തിൽ ഞാനും പങ്കെടുത്തു. എൻെറ നായകൻ വൈദ്യവിദ്യാർത്ഥി ഒരു റാവുവായിരുന്നു. എൻെറ ഗാനവും നൃത്തവും നന്നേ കേമമായിരുന്നു. അതിനുശേഷവും ഞങ്ങളുടെ അഭിനയം തുടർന്നുപോന്നു. നല്ലൊരു ഭാവിയുള്ള ചെറുപ്പക്കാരൻ.

അദ്ദേഹത്തെ എനിക്കു വിവാഹം ചെയ്യണമെന്നു തോന്നി. എൻെറ ആഗ്രഹം അദ്ദേഹത്തെ അറിയിച്ചു. പിറേറന്നുമുതൽ അദ്ദേഹം എന്നോടു സംസാരിച്ചിട്ടില്ല.

അല്പം കണ്ണീരിന്നു ഞാൻ വശപ്പെട്ടുവെന്നു പറയാം. പക്ഷേ, അതു ഹൃദയത്തിൽ വേരൂന്നി എന്നെ ഉപദ്രവിച്ചില്ല. അതിനുമുമ്പേ ഞാൻ ഇസ്മയിലിനെ പരിചയപ്പെട്ടു. ഉത്തരേന്ത്യയിലെ ഒരു നവാബിൻെറ പുത്രൻെറ സെക്രട്ടറി; ബലിഷ്ഠകളേബരൻ. എൻെറ സകല വിശപ്പും അടക്കാനുള്ള ഉത്തമാഹാരം എന്നപോലെയാണ് എനിക്കദ്ദേഹത്തെ തോന്നിയതു്. അമ്പലവും ആനയുമില്ലാത്ത ഉത്സവം അനവധി കഴിഞ്ഞു. അദ്ദേഹം വണ്ടി കയറിക്കഴിഞ്ഞതിനുശേഷമാണ് എനിക്കു വിവരത്തിന് ഒരു കാർഡു കിട്ടിയതു്.

അതിനുശേഷമാണ് ഞാൻ മോഹനനെ പരിചയപ്പെട്ടതു്. അദ്ദേഹം എന്നെ അഭിമുഖീകരിച്ചതുതന്നെ ഒരു കട്ട അഭിനന്ദനത്തോടുകൂടിയാണ്. ഞാൻ അറിയാതെ അദ്ദേഹം എനിക്കുവേണ്ടി പലതും ചെയ്തു. എൻെറ ഛായാപടം പല പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തി. അങ്ങനെ ഞാൻ അദ്ദേഹത്തിനു കടപ്പെട്ടു. നല്ല വാഗ്മിയും ചെറുപ്പക്കാരനുമായ അദ്ദേഹത്തിനെ എനിക്കു വെറുക്കേണ്ടിവന്നു. അദ്ദേഹം വിവാഹിതനായി.

പിന്നേയും എൻെറ നാടകം തുടൻു. ശസ്ത്രക്രിയക്കായി എൻെറ വാർഡിൽ ഒരു ചെറുപ്പക്കാരൻ വന്നു. എന്നേക്കാറം ഇളയതു്. മംഗലാപുരത്തുകാരൻ ഡാനിയൽ. ഞാൻ അയാളെ അടുത്തു ശുശ്രൂഷിച്ചു. അയാളുടെ ദയനീയമായ ഭാവം എന്നെ വല്ലാതെ ആകർഷിച്ചു. തുറന്നു പറയാൻ വയ്യാത്ത എന്തോ ഒന്നുമായി അദ്ദേഹം എന്നെ സദാ നോക്കുന്നതായി ഞാൻ ശ്രദ്ധിച്ചു. അതുതന്നെ. അദ്ദേഹം സുഖമായി പുറത്തിറങ്ങി. യുദ്ധവകുപ്പിൽ നല്ലൊരു തുക ശമ്പളമുള്ള ഒരു സിവിലിയൻ ഉദ്യോഗസ്ഥൻ. ഞാൻ അദ്ദേഹത്തിൻെറ പിന്നാലെ കൂടി. അദ്ദേഹം എൻെറ പിന്നാലെയും.......എന്തിനാണ് ഞാനിനിയും ഈ "ലിസ്റ്റ്" നീട്ടുന്നതു്.

വൈകുന്നേരം അഞ്ചരമണി കഴിഞ്ഞാൽ ആശുപത്രിയുടെ പടിക്കൽ കാറുവരും. അതിൽ കയറി പോകുവാനുള്ളതു ഞാനാണെന്നറിഞ്ഞാൽ തീർച്ചയായും ആളുകൾ എന്നെ ഒന്നു നോക്കിയിട്ടല്ലാതെ കടന്നുപോകുകയില്ല. ഞാൻ അഭിമാനംകൊണ്ടു. എനിക്കു നാല്പത്തിഅഞ്ചു രൂപാ ശമ്പളമുണ്ടായിരുന്ന കാലത്തു ഞാൻ മുന്നൂറു റുപ്പികയുടെ ബനാറീസ് സാരിയുടുത്താണു പുറത്തു പോകാറുള്ളതു്. എന്റെ ശരീരത്തിൽ ഏകദേശം ആയിരത്തിഅഞ്ഞൂറു റുപ്പികയുടെ ആഭരണവും. 'സൂസാ'യെക്കുറിച്ചു കണ്ടറിവും കേട്ടറിവുമില്ലാത്തവർ മദിരാശിയിലില്ലെന്നായി. അതുതന്നെയാണു ഞാൻ കൊതിച്ചതും.

പണം ചിലവാക്കുവാനുള്ള വഴികാണാതെ ഞാൻ ഉഴന്നു. ഉടുപ്പുകളും ആഭരണങ്ങളുംകൊണ്ടു പെട്ടികൾ നിറഞ്ഞു. എന്നിട്ടും ഞാൻ ആരാണെന്നു ഞാൻ അറിഞ്ഞില്ല.

എന്റെ സഹപ്രവത്തകരോടോ സാധാരണക്കാരായ മനുഷ്യരോടോ ഞാൻ സംസാരിച്ചിരുന്നില്ല. എപ്പോഴും എന്റെ സംസർഗ്ഗം ഉന്നതനിലയിലുള്ളവരോടു്—എന്റെ ഏതിഷ്ടവും സാധിക്കുവാൻ കഴിവും സന്നദ്ധതയുമുള്ളവരോടു്.

ഞാൻ ചുരുക്കിയെഴുതുകയാണു്. എന്റെ കണ്ണിൽനിന്നു തീ പറക്കുന്നു. കുറച്ചുനേരമായി എനിക്കു ദാഹിക്കുന്നു, അല്പം ബാർളിവെള്ളം കുടിക്കുവാൻ. കുറച്ചകലെ ഒരു 'മെയിൽ നേഴ്സ്' ഇരിക്കുന്നുണ്ടു്? അവനെ ഞാൻ എങ്ങനെ വിളിക്കും. ഒരിക്കൽ അവൻ എന്നോടൊരു ചുംബനമഭ്യർത്ഥിച്ചതിനു ഞാൻ ആട്ടിയിട്ടുണ്ടു്.

എനിക്കു നിങ്ങളോടൊന്നും മറച്ചുവെയ്ക്കുവാനില്ല. അതിനുള്ള സമയവുമല്ല ഇതു്. ഞാൻ അഞ്ചുപ്രാവശ്യം ഗർഭിണിയായി. എന്റെ ആ അഞ്ചുസന്താനങ്ങളും ജനിക്കാതെ മരിച്ചു. അവയിലൊന്നെങ്കിലും ഇപ്പോൾ ജീവിച്ചിരുന്നെങ്കിൽ എന്നെക്കുറിച്ചു സങ്കടപ്പെടുന്ന ഒരു മിഴികണ്ടുകൊണ്ടു മരിക്കാമായിരുന്നു. പക്ഷെ, അതും നല്ലതല്ല. എന്റെ രക്തമല്ലേ? ആ നിലയിൽ ഞാൻ ലോകത്തിനൊരു സേവനം ചെയ്തു.

എൻെറ ഈ മഹാരോഗം തുടങ്ങിയിട്ടു കുറേക്കാലമായി. ഞാൻ രഹസ്യമായി ചികിത്സിച്ചുപോന്നു. ശരീരത്തിൽ രക്തമില്ലാതായപ്പോഴും, അമിതഭോഗത്താൽ സർഗ്ഗശക്തി നശിച്ചപ്പോഴും അതു് ഉഗ്രതരമായി. മൂന്നുമാസമായി ഞാൻ കിടപ്പിലാണു്. ഇതിനകം സ്നേഹത്തിൻെറ ഒരു ചെറുമന്ദഹാസത്തിനു കൊതിച്ചുകൊണ്ടു് ഞാൻ എൻെറ കാമുകരുടെ മഹാലോകത്തിലേക്കു ചിന്തയെ പായിച്ചു. അവിടമെല്ലാം ശൂന്യം! ഹൃദയമുള്ള ഒരു മനുഷ്യജീവിയെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. അതാണെൻെറ പരാജയം. ഒരാളടുത്തുവന്നപ്പോഴും ഞാൻ കണ്ണടച്ചുകൊണ്ടു് ഉച്ചത്തിൽ വായ് തുറന്നു. അതെല്ലാമെന്തിനു പറയുന്നു? അവിടുത്തെ ഹൃദയത്തെ, സ്നേഹനിർഭരമായ ഹൃദയത്തെ ഞാൻ കുത്തിക്കീറി. എന്നിട്ടു്, യഥേഷ്ടം കടിച്ചുപൊട്ടിക്കുവാൻവേണ്ടി അനേകമാളുകൾക്കു ഞാൻ ചുണ്ടുകാണിച്ചുകൊടുത്തു. അയ്യോ! ഞാൻ എന്നെ....പ്രാണേശ്വരാ, പ്രാണേശ്വരാ, അവിടുത്തെ ഭാവനാപര്യങ്കത്തിലെങ്കിലും ഞാൻ ഒന്നു വിശ്രമിക്കട്ടെ! അതിനുപോലും എനിക്കവകാശമില്ല. ലോകത്തിൽ മരണത്തെമാത്രം പ്രതീക്ഷിക്കുന്ന എൻെറ അന്തിമാഭ്യർത്ഥന; അങ്ങയെ ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ—വേണ്ട ഞാൻ കാണുന്നുണ്ടു്. അങ്ങു് എൻെറ സമീപത്തിലെത്തുംമുമ്പേ എൻെറ ശ്വാസോച്ഛ്വാസം നിലയ്ക്കും. അങ്ങയുടെ ഹൃദയത്തിലുള്ള എൻെറ ആ മനോഹരമായ രൂപം—ഈ എഴുത്തിലുള്ള വികൃതമായ രൂപം എല്ലാം ഭൂമിയിലടിയാനുള്ള കാലമായി. ഇനി നമുക്കു മരണാനന്തരജീവിതത്തി.......

സ്വന്തം,
സൂസ.

# മുരിക്കിൻപൂവ്

“രവി എത്രകാലം അങ്ങനെ ജീവിക്കും?” നാട്ടുകാരുടെ തലച്ചോറു പുകഞ്ഞു. അയാൾ ജ്യേഷ്ഠന്റെ ശകാരം കേൾക്കാത്ത ദിവസമില്ല. ചെറുപ്പത്തിൽതന്നെ അച്ഛൻ മരിച്ചതാണ്. ഗോവിന്ദൻ എത്ര ക്ലേശിച്ചാണ് രവിയെ ബി. ഏ. വരെ എത്തിച്ചത്! ഒരുവിധമുള്ള ജ്യേഷ്ഠന്മാരാരും അനുജന്മാൎക്കുവേണ്ടി ഇത്ര വലിയ ത്യാഗമൊന്നും ചെയ്യാറില്ല. ആളുകൾ ഗോവിന്ദനെ കേൾക്കെ പ്രശംസിച്ചു. അയാളുടെ ഓരോ നിമിഷവും പണമാണ്. സൎക്കാർ കോൺട്രാക്ട്, ഹോട്ടൽ, ചായക്കട, പുകയിലഷാപ്പ്—അങ്ങനെ പലതിനാലും ബന്ധപ്പെട്ട മനുഷ്യൻ. സഹായത്തിനുള്ളത് രവി മാത്രം. എങ്ങനെയെങ്കിലും അവനെ പാസ്സാക്കി ഭരണകൂടത്തിലെവിടെയെങ്കിലും ഒന്നു തിരുകിവെച്ചാൽ ഗോവിന്ദനുണ്ടാകുവാൻപോകുന്ന സീററ്!

ഒരു വിഷയംകൂടിയുണ്ട്; രണ്ടു കൊല്ലമായി തോൽവിതന്നെ. എന്നിട്ടോ, അയാൾ ചുമ്മാ നടക്കുന്നു. ഖദർ ഷർട്ടും പത്രങ്ങളും. ഗോവിന്ദനു കൈയ്പു തോന്നിത്തുടങ്ങി. ചോറുകൊല്ലാൻ ജനിച്ചിരിക്കുന്നു. ആണുങ്ങളുണ്ടല്ലോ വേലയെടുക്കാൻ.

രവി ആരോടും അത്ര സംസാരിക്കാറില്ല. അഞ്ചും ആറും മണിക്കൂർ മുറിയിൽ തനിച്ചിരിക്കും. മുഖക്ഷൌരത്തിൽ അവനു ശ്രദ്ധയില്ല. വസ്ത്രങ്ങൾ മുഷിഞ്ഞാലും അറിയാറില്ല. വായനയേക്കാൾ ആലോചന. ഉച്ചത്തിലുള്ള സംസാരമോ, കുട്ടികളുടെ കരച്ചിലോ കേട്ടാൽ ഉടനെ വെളിക്കിറങ്ങിപ്പോകും. നടത്തം ഒററയ്ക്കാണ്. ഏകാന്തമായ സ്ഥലങ്ങളിൽ ചെന്നിരുന്നു സൂൎയ്യാസ്തമയം സൂക്ഷിച്ചു നോക്കും. അന്തിമേഘത്തെ എത്തിപ്പിടിക്കുവാൻ അയാളുടെ ആത്മാവു പറക്കും. പിന്നെ, ഇരുൾച്ചുരുളിൽക്കിടന്നു് അളുതപ്പിത്തുടയും.

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. പഠിത്തമില്ല. ജോലിയൊന്നും ചെയ്യുന്നില്ല. ചുമ്മാ ചുററിത്തിരിയൽ. അയലത്തുകാരും വീട്ടുകാരും പതുക്കെപ്പറഞ്ഞുതുടങ്ങി: രവിക്കു ചിത്തഭ്രമമുണ്ടെന്നു്. ഭ്രാന്തുതന്നെ പലതരത്തിലാണല്ലോ. ഇതുകൊണ്ടു മനുഷ്യൎക്കുപദ്രവമില്ല. അതിനു പ്രത്യേക കാരണമുണ്ടു്. ചെറുക്കൻ എന്തുവോരം പഠിച്ചതാണു്. അതേ, പഠിത്തം കൂടിയാൽ ചിലൎക്കിങ്ങനെയാണു്. തലയിളകിപ്പോകും. അല്ലെന്നു്, ഇതാരോ പെണ്ണുങ്ങൾ പററിച്ചതാണു്. വശീകരപ്രവൃത്തി ചില്ലറയാണെന്നാണു പറയുന്നതു്. ഏതു മലമറിക്കുന്ന ബുദ്ധിമാനാണെങ്കിലും സ്വല്പം പാളില്ലേ. എന്തിനാ അധികം പറയുന്നതു്! അനുഭവികളുടെ ദോഷം. ആ ഗോവിന്ദൻ.......നാട്ടുകാരുടെ ജിഹ്വാഞ്ചലത്തിൽക്കിടന്നു രവി കറങ്ങി.

എങ്ങിനെയെങ്കിലും അവനൊന്നു ബി. ഏ. പാസ്സായെങ്കിൽ എന്നാണു ഗോവിന്ദനു്. രവിക്കു് ഉദ്യോഗം കിട്ടുവാൻവേണ്ടി അയ്യായിരമോ പതിനായിരമോ അയാൾ കോഴ കൊടുക്കാൻ തയ്യാറായിരുന്നു. അങ്ങനെ നല്ലൊരു 'പൊസിഷ്യനി'ലെത്തിക്കഴിഞ്ഞാൽ ചീഫ് സെക്രട്ടറിയുടെ മകളെ വേണമെങ്കിൽ കല്യാണം കഴിക്കാമല്ലോ. എന്താ ചെയ്ക! തലവിധി. ഒരു തലവിധിയുമില്ല. വെറുതെ അഹമ്മതിതന്നെ. വേലയെടുത്തുകൊടുക്കാൻ ആളുള്ളതുകൊണ്ടു്. അല്ലെങ്കിൽ കെട്ടിയിട്ടാൽ പുരസ്സംകുത്തു കടക്കുമോ? ആകട്ടെ, കുറച്ചുകൂടി ക്ഷമിച്ചുനോക്കാം.

രവിയുടെ ഊണിൽ പലപ്പോഴും പിച്ചക്കാർ പങ്കുപററാറുണ്ടു്. കൈയിൽ കാശുണ്ടെങ്കിൽ അയാൾ ഒരു യാചകനേയും വെറുതെ പറഞ്ഞയക്കാറില്ല. കുഷ്ഠരോഗികൾ, ക്ഷയരോഗികൾ—അങ്ങനെ ഭാരതത്തിലുള്ള ലക്ഷോപലക്ഷം ഏഴകളെക്കുറിച്ചു് അയാൾ ചിന്തിച്ചു. ചോരയും ചലവുമൊലിക്കുന്ന വ്രണങ്ങളോടുകൂടി തെരുവിൽ മലൎന്നു കിടന്നു്, "ദാനധൎമ്മമുള്ള മഹാരാജാ ഒരു കാശു തന്നേച്ചു പോകണേ!" എന്നു വിളിച്ചുപറയുന്ന ഭാരത സന്താനങ്ങൾ അയാളെ വേദനിപ്പിച്ചു. കണ്ണുനീരില്ലാതെ അയാൾ കരഞ്ഞു. എന്തൊരു ദയനീയ

ചുററുപാട്! ഇതിന്റെ കാരണം? ഇതിനെന്തു പ്രതിവിധി—ഇങ്ങനെ പലതിനെക്കുറിച്ചും ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ ജ്യേഷ്ഠൻ മുറിയുടെ വാതുക്കൽ വന്നുനിന്നു് ഉദ്യോഗസ്ഥന്റെ പ്രാഭവത്തേയും പണത്തിന്റെ കഴിവുകളേയും പ്രകീർത്തിച്ചു. അയാൾ പുറത്തേയ്ക്കിറങ്ങിപ്പോയി.

അയാൾ ഏകാന്തമായ ഒരു കുററിക്കാട്ടിന്റെ സമീപത്തു ചെന്നിരുന്നു. ആ പച്ചിലപ്പടർപ്പിനെ നിർന്നിമേഷനായി നോക്കി; അതിന്റെ പുഷ്പങ്ങളുടെ മനോഹാര്യ്യത, അവയെ തലോടിക്കൊണ്ടുവരുന്ന മാരുതന്റെ സുഗന്ധം, വൃക്ഷശാഖകളിൽനിന്നു പുറപ്പെടുന്ന കളകൂജനം, അവ്യക്തമെങ്കിലും അനവദ്യമധുരം, ഒരു പക്ഷിയുടെ ജീവിതം—ആരെയും ആശ്രയിക്കാത്ത ജീവിതം—ഒന്നും സമ്പാദിക്കാതെ, ഒന്നും സ്ഥിരപ്പെടുത്താതെ തിന്നുന്നു, പാടുന്നു, സ്വതന്ത്രരായി പറന്നു നടക്കുന്നു. ഞാനൊരു പക്ഷിയായിരുന്നെങ്കിൽ എന്നു രവി കൊതിച്ചു.

ഗോവിന്ദൻ ബാങ്കിലുള്ള നിക്ഷേപങ്ങൾ വർദ്ധിച്ചു. സ്ഥാവരവും ജംഗമവുമായ അനവധി വസ്തുക്കൾ പുത്തനായി വാങ്ങിച്ചു. അയാളുടെ ശരീരം മേദസ്സുകൊണ്ടു തടിച്ചു, കുടവയറു വന്നു. ആധാരവും വക്കീലും കോടതിയും ഒഴിഞ്ഞ ദിവസമില്ല. ഉറങ്ങാൻ സാധിക്കുന്നതുപോയിട്ട് ഭാര്യയോട് ഒരു നല്ല വാക്കു പറയാനിടയില്ല. എത്ര ആളുകളെയാണ് ഒരുദിവസം കാണേണ്ടതു്! എന്തെല്ലാററിലും തന്റെ ദൃഷ്ടിയെത്തണം. നാളികേരം അതാതു കുടിയിരിപ്പുകാരുടെ വീട്ടിൽ കിടക്കുന്നു. നെല്ലു കൊയ്തിട്ടില്ല. ചില കുടക്കാർക്ക് വിധിനടത്തു നോട്ടീസു കൊടുക്കണം. ചില നോട്ടുകൾ കാലഹരണപ്പെടാൻപോകുന്നു. പുകയിലഷാപ്പു ലേലമെടുത്തു. വേറെ ആരോ തനിക്കു് എതിരുവിളിക്കാൻ പോകുന്നെന്നുകേട്ടു. ഇങ്ങനെ പലതുകൊണ്ടും 'ഗോവിന്ദൻമുതലാളി'ക്കു സമയമില്ല.

ചന്ദ്രികാസുന്ദരമായ രാത്രികളിൽ രവി നദീതീരത്തുപോയിരിക്കും. അല്ലെങ്കിൽ പുത്തൻകിടക്കയിൽ മലർന്നുകിടന്നു ആകാശത്തിന്റെ വക്ഷസ്സിലേയ്ക്കു നോക്കും; പഠിച്ചിട്ടില്ലാത്ത ഏതോ പാട്ടു

കാം മൂലം. ആകാശത്തിൻെറ നീലിമ, നക്ഷത്രത്തിൻെറ പ്രകാശം—എല്ലാം പഴയതു്; എന്നാലും എന്തൊരു പുതുമ! നിറഞ്ഞ നിശ്ശബ്ദതയിൽ അയാറം കണ്ണുകറം കൂപ്പിക്കും: ആരുടെയോ പാദവിന്യാസം കേറംക്കാൻ കൊതിക്കും. ആരുടെ? അയാറം അറിയാത്ത ആരുടേയോ. ഒരു മധുരമായ ഹൃദയത്തിൻെറ മർമ്മരം കേറംക്കാൻ അയാറം നെടുവീർപ്പുവിടും....രാത്രിയിൽ അയാറംക്കുറക്കമില്ല. അനന്തമായ ചിന്ത—എന്തെല്ലാററിനേയോ കുറിച്ചു കാരണമറിയാത്ത ദുഃഖത്താൽ കരയുന്നു. ഹൃദയം ഏകാഗ്രമാകുവാനുള്ള ശ്രമത്തിൽ അയാറം ഒരു നീന്തുകാരനെപ്പോലെ ക്ഷീണിക്കുന്നു. അയാറം പക്ഷികളുടെക്കൂടെ പറക്കുന്നു. മേഘങ്ങളോടൊപ്പം ചുററിത്തിരിയുന്നു. തിരമാലയെപ്പോലെ അലച്ചലച്ചു പതയുന്നു. അങ്ങനെ അയാറം പ്രപഞ്ചത്തിലെ ഓരോ വസ്തുവിലും സാമ്യം കണ്ടെത്തുന്നു.

കാര്യസ്ഥന്മാർ ഗോവിന്ദൻ മുതലാളിയെ ഉപദേശിച്ചു: അനുജനദ്ദേഹത്തെ ഇങ്ങനെ ഭ്രാന്താണെന്നുപറഞ്ഞുവെച്ചുകൊണ്ടിരുന്നാൽ ചീത്തയാണു്. എന്നാണു് മുതലാളി വീണതെന്നറിയാമോ? മനുഷ്യൻെറ കാര്യമല്ലേ. അഃപ്പാറം കുഞ്ഞുങ്ങാം വെള്ളത്തിലാകും. വേലേടുത്തതാരു്? മുതലാളി. അതുകൊണ്ടു സ്വാരം നല്ലപ്പൊത്തന്നെ പാട്ടനിറുത്തണം! അയാറം കാര്യസ്ഥന്മാരുടെ അഭിപ്രായം ഭാര്യയെ അറിയിച്ചു. സ്ത്രീയല്ലേ? കേട്ടമാത്രയിൽ അപ്രകാരം തന്നെയെന്നു...ഒരു സായാഹ്നത്തിൽ അയാറം അനുജനെവിളിച്ചുപറഞ്ഞു, ഒരാഴ്ചയ്ക്കുള്ളിൽ വീട്ടിൽനിന്നു മാറിത്താമസിക്കണം, അല്ലാത്ത പക്ഷം എന്താണു് ഭാവിച്ചിരിക്കുന്നതെന്നു പറയണമെന്നു്.

രവിക്കു് അത്ഭുതവും സങ്കടവും തോന്നിയില്ല. ജ്യേഷ്ഠൻ പറഞ്ഞതു ന്യായമാണു്. ഒരാഴ്ചയ്ക്കകം കുറച്ചുദൂരെ ഒരു മുറി വാടകയ്ക്കെടുത്തു താമസം അങ്ങോട്ടുമാററി. ഊണും ചായയും ഒക്കെ കടം.

അയാറം പ്രപഞ്ചത്തെ ഹൃദയത്തിലൊതുക്കി. അയാളുടെ ഭാവനയിൽ യാഥാർത്ഥ്യത്തിൻെറ പ്രകാശം വീശി. ചിന്തയും

വ്യക്തിത്വമുണ്ടായി. വികാരത്തിന്റെ പ്രവാഹം ക്രമീകൃതമായി. സ്വപ്നങ്ങൾക്കു സാക്ഷാൽക്കാരം സിദ്ധിച്ചു.

രവിയുടെ കടം പെരുകി. ശരീരം മെലിഞ്ഞു. ഇടവിടാത്ത പനി. അയാൾ കിടപ്പിലായി. മരുന്നും ആഹാരവും ശുശ്രൂഷയും എങ്ങു നിന്നും കിട്ടിയില്ല. ഗോവിന്ദൻമുതലാളി വിവരമറിഞ്ഞ് അനുജനെ വന്നുകണ്ടു. രവിയെ വീട്ടിലേയ്ക്കു കൊണ്ടുപോകുവാനുള്ള ശ്രമം ചെയ്തു. പക്ഷെ, അയാൾ അതിനു വഴിപ്പെട്ടില്ല....... അവസാനശ്വാസമടുത്തപ്പോൾ ജ്യേഷ്ഠനെ ഒരു കടലാസുകെട്ടു ചൂണ്ടിക്കാണിച്ചു. അയാൾക്കതൊന്നും മനസ്സിലായില്ല.

x x x x x

ഗോവിന്ദൻമുതലാളിയുടെ പല പുസ്തകങ്ങളുടേയും ധാരാളം കോപ്പികൾ ചിലവായിക്കൊണ്ടിരുന്നു. നിരൂപകന്മാർ അയാളെ ആകാശത്തോളം വാഴ്ത്തി.

---

# അനുഭവങ്ങൾ

ഏപ്രിൽ 4.

എനിക്കു വളരെ സങ്കോചമുണ്ടായിരുന്നു. വാതില്ക്കൽ അല്പ നേരം നിന്നു. അകത്തു നന്നേ ബഹളം. വിയർപ്പിൽ കുളിച്ചു നില്ക്കുന്ന അർദ്ധനഗ്നരായ തൊഴിലാളികൾ. ചിലരുടെ ഊണു കഴിഞ്ഞു. പലരും ഉണ്ണുന്നു. ഏതാനുംപേർ ഊണിന്നു തയ്യാറെടുക്കുന്നു. "ഇല കൊണ്ടുവാടാ....ചോറ ....കറി...." ഇങ്ങനെ അനവരതം മുഴങ്ങിക്കൊണ്ടിരുന്നു. ഞാൻ ആ ശബ്ദപ്രളയത്തിലേയ്ക്കു് കടന്നു. കക്ഷത്തിലിറുക്കിപ്പിടിച്ചിരുന്ന പുസ്തകങ്ങൾ ഒരലമാരിയുടെ മുകളിൽ വച്ചു. നിവർത്തിയിട്ടിരുന്ന പന്തിപ്പായയുടെ ഒരററത്തിരുന്നു. 'കുട്ടൻ' ഞങ്ങളുടെ പന്തിക്കിലകൊടുത്തു. എൻെറ തൊട്ടടുത്തിരുന്ന ആൾക്കു വരെ. എന്നെ മറന്നിട്ടായിരിക്കുമെന്നു കരുതി ഞാനവനെ പിന്നാലെ വിളിച്ചു. അവൻ കേൾക്കാത്ത ഭാവം നടിച്ചു നടന്നുപോയി.

ഒരു കുട്ട നിറയെ ചോറുമായി കല്യാണി വന്നു. അവൾ എൻെറ മുഖത്തു നോക്കി. അനുതാപവും അപഹാസവും കൂടികലർന്ന ഒരു നോട്ടം. എൻെറ ആത്മാവിനെ ക്ഷതപ്പെടുത്തുവാൻ അതിന്നു ശക്തിയുണ്ടായിരുന്നു. അടുത്ത ഇലയിൽ ചോറു വിളമ്പിക്കൊണ്ടു് അവൾ എന്നോടു പറഞ്ഞു: "നിങ്ങളെ അമ്മ വിളിക്കുന്നു."

ഞാൻ അടുക്കളവാതില്ക്കൽ ചെന്നുനിന്നു് ഒന്നു ചുമച്ചു. പാറക്കെട്ടുപോലെ കൊഴുത്ത ആ മാംസപിണ്ഡം—എൻെറ അന്നപൂർണ്ണേശ്വരി—അവിടെ പപ്പടം കാച്ചിക്കൊണ്ടിരുന്നു. അവർ ഒന്നു തിരിഞ്ഞുനോക്കി. വീണ്ടും ജോലിയിൽ വ്യാപൃതയായി. അവരുടെ ശിരസ്സിൽനിന്നു മാറിടത്തേയ്ക്കു വിയർപ്പുനദികളൊഴുകിക്കൊണ്ടിരുന്നു. അവ, അഴുക്കുപിടിച്ചു നാറിയ ബോഡീസിനെ പ്രതിരോധിച്ചുകൊണ്ടു ഗതി കീഴ്പോട്ടു തുടർന്നിരുന്നു. അവർ വീണ്ടും

തിരിഞ്ഞുനോക്കി ഇങ്ങനെ മൊഴിഞ്ഞു: "എന്തായി, പണം കൊണ്ടു വന്നിട്ടുണ്ടോ?"

"ഇല്ല."

"ഇനിയെന്നാണ്?"

"നാലഞ്ചു ദിവസംകൂടികഴിയണം."

"തന്റെ അപ്പന്റെ മുതലുമുടക്കു വല്ലതുമിവിടെയുണ്ടോ?"

"ഇല്ല."

"ഈ രാജ്യത്ത് 5 രൂപാ 7 ണപ്പു ചോറു തനിക്കു കടംതരാൻ വല്ലവരുമുണ്ടോ?"

"ഇല്ല."

"മതി മതി. നമ്മുടെ ചങ്ങാത്തം മതി. ഇനി ആ കാശു തീർത്തുതന്നിട്ടു ചോറു തിന്നാൽ മതി."

"മതി."

"അതുവരെ ആ പുസ്തകമൊക്കെ ഇവിടെ ഇരിക്കട്ടെ. അല്മാരിയുടെ മുകളിൽനിന്നു് അതു ഞാനെടുപ്പിച്ചു പെട്ടിയിൽ വെച്ചിട്ടുണ്ടു്."

ഞാനൊന്നും പറഞ്ഞില്ല. എന്നെ ആരും കണ്ടിട്ടുണ്ടാകുകയില്ലെന്ന വിശ്വാസത്തോടുകൂടി ഞാൻ പുറത്തേയ്ക്കിറങ്ങി.

ഏപ്രിൽ 7

കാലത്ത് ഒമ്പതരമണിയായി. ഒരു നോട്ടുപുസ്തകവും പിടിച്ചുകൊണ്ടു ഞാൻ കോളേജിലേയ്ക്കു പോകയായിരുന്നു. ആ പോലീസ് ഇൻസ്പെക്ടരുടെ വീടടുത്തു. ഞാൻ ചെറുതായി നടന്നു. അദ്ദേഹത്തിന്റെ ഭാര്യ വരാന്തയിൽത്തന്നെ നിന്നിരുന്നു. എന്റെ സിരകളെല്ലാം മുറിഞ്ഞുപോയപോലെ എനിയ്ക്കു തോന്നി. അവർ എന്റെ പേരു വിളിച്ചു. ഒരു വൈദ്യുതപ്പാവയെപ്പോലെ ഞാൻ അവരുടെ സമീപത്തേയ്ക്കുചെന്നു്, വരാന്തയിൽ കയറി ജനാലക്കമ്പിയിൽ പിടിച്ചുകൊണ്ടു നിന്നു. അവരുടെ മൂത്തമകൾ 'സതി' കോളേജിലേയ്ക്കു പുറപ്പെടാൻ പുസ്തകങ്ങൾ അടുക്കിയെടുക്കുന്നു. ഇൻസ്പെക്ടരുടെ ഭാര്യ പറഞ്ഞു: "എന്തൊരു പണിയാണിതു്?

എത്ര നാളായി? ഫീസു കൊടുക്കാനെന്നു പറഞ്ഞതുകൊണ്ടല്ലേ തന്നതു്? പിന്നെ സതിയുടെ അച്ഛനെ നല്ലപോലെ അറിയാമോ? അദ്ദേഹം നല്ലതാണെങ്കിൽ നല്ലതു്; ചീത്തയായാൽ ഇത്ര ചീത്ത വേറെയില്ല. തന്നെ ഒന്നു കാണണമെന്നു പറഞ്ഞതാണിരിക്കുന്നതു്. അഞ്ചുറുപ്പികയല്ലേ ഉള്ളു. രണ്ടു തവണയായിട്ടെങ്കിലും എൻെറ കയ്യിൽ കൊണ്ടുവന്നു തന്നേക്കു! പറയൂ! എന്നു തരും?"

സതി വാതില്ക്കൽ വന്നുനിന്നു് അനുകമ്പാപൂർവ്വം എന്നെ നോക്കി. അതെനിക്കസഹനീയമായിത്തോന്നി. അവരം എന്തോ പറയുവാൻ ഭാവിച്ചു.

ഞാൻ ദൃഷ്ടിയുയർത്താതെ പറഞ്ഞു: "വരുന്ന മുപ്പതാംതിയ്യതി തരാം."

ഞാനിറങ്ങിനടന്നു. പടി അടയ്ക്കുവാനെന്ന ഭാവത്തിൽ ഞാൻ ഒന്നു തിരിഞ്ഞുനോക്കി. അവർ രണ്ടുപേരും എന്നെത്തന്നെ നോക്കിനിന്നിരുന്നു. അവരം ഇടയ്ക്കു പറയാൻഭാവിച്ചതെന്തായിരുന്നു? എനിയ്ക്കു നിശ്ചയമില്ല.

ഏപ്രിൽ 10

സൂര്യാസ്തമയത്തിനു കുറച്ചുകൂടിയുണ്ടു്. ചക്രവാളത്തിൻെറ കപോലങ്ങരം തുടുത്തിരുന്നു. സമുദ്രത്തിൻെറ അപ്പുറത്തുനിന്നുവന്ന മന്ദമാരുതൻ പട്ടണത്തെ തലോടിക്കൊണ്ടു ഗ്രാമങ്ങളിലേയ്ക്കു പാഞ്ഞുപോയി. പട്ടണം ആഹ്ലാദത്താൽ ഇരമ്പിമറിഞ്ഞുകൊണ്ടിരുന്നു. കേരളത്തിലെ രണ്ടു മഹാസാഹിത്യകാരന്മാരും (പി. കെ.–യും, എം. ബി.–യും) ഞാനുംകൂടി ജനബാഹുല്യം കുറഞ്ഞ ഒരു പാതയിൽക്കൂടി നടക്കുകയായിരുന്നു. എം. ബി.–യുടെ ഒരു കഥാനായികയെക്കുറിച്ചായിരുന്നു ഞങ്ങളുടെ സംസാരം. വളരെ ദിവസം കൂടി എനിക്കൊന്നു ചിരിക്കാൻ കിട്ടിയ അവസരം....മുൻവശത്തു് ഒരു സൈക്കിളിൻെറ ബെല്ലു കേട്ടു. ഞാൻ ദൃഷ്ടിയുയർത്തിയപ്പോരം ചായക്കടക്കാരൻ കൃഷ്ണൻെറ കൊമ്പൻമീശയാണു കണ്ടതു്. ഞാനൊന്നു ഞെട്ടി. അയാരം എൻെറ പിൻഭാഗത്തു സൈക്കിരം നിറുത്തി. എന്തെങ്കിലും സമാധാനം പറയാമെന്നു കരുതി ഞാൻ

അയാളുടെ സമീപത്തേയ്ക്കുചെന്നു. എൻെറ സ്നേഹിതന്മാർ പതുക്കെ നടന്നു. കൃഷ്ണൻ എൻെറ വലതുകൈ മുറുകെപ്പിടിച്ചുകൊണ്ടു പറഞ്ഞു: 'എൻെറ പണംവെച്ചിട്ടുവേണം പോകാൻ.'

എനിക്കു ശ്വാസംമുട്ടി. സ്നേഹിതന്മാരെ വിളിക്കണോ, പോലീസിനെ വിളിച്ചു കരയണോ, ഓടി രക്ഷപ്പെടണോ, എന്താണു ചെയ്യേണ്ടതെന്നെനിക്കറിഞ്ഞുകൂടായിരുന്നു. ഞങ്ങളെ വല്ലവരും കാണുന്നുണ്ടോ എന്നറിയുവാൻ ഞാൻ ചുററുപാടും കണ്ണോടിച്ചു. ഇതിനിടയിൽ അയാൾ എൻെറ പോക്കററിൽനിന്നു ഫൌണ്ടൻപേനയെടുത്തു. കയ്യിൽനിന്നുവിട്ട്, ഒന്നും മിണ്ടാതെ സൈക്കിളിൽ കയറിപ്പോയി.

ഞാൻ കണ്ണുനീരോടുകൂടി ഉണ്ടായ സംഭവം അവരെ ഗ്രഹിപ്പിച്ചു. അതു കേട്ടിട്ട് എം. ബി. എന്നെ ആശ്വസിപ്പിച്ചു: "സാരമില്ല. ഒരിക്കൽ എൻെറ ഒരു കടക്കാരനു ഞാൻ മുണ്ടുരിഞ്ഞു കൊടുത്തു."

ഏപ്രിൽ 16

വൈകുന്നേരം അഞ്ചരമണിക്കു മുമ്പു ഞാൻ ബോട്ടുജെട്ടിയിലെത്തി. ഭാസ്കരൻ അഞ്ചരയുടെ ബോട്ടിനു് അവിടെ വരുമെന്നു പറഞ്ഞിരുന്നു. അയാൾ ഹാർബറിലെ ഒരു ക്ലാക്കാണ്. എൻെറ അപേക്ഷ കൂടാതെതന്നെ എന്നെ സഹായിക്കാനൊരുമ്പെട്ട ഒരു സുഹൃത്തു് എനിക്കു ഫീസുകൊടുക്കുവാൻ അഞ്ചു റുപ്പിക തരാമെന്നു പറഞ്ഞിരുന്നു. ഓരോ ബോട്ടിൽനിന്നും ആളിറങ്ങുമ്പോൾ ഒരു എക്സൈസ് പോലീസിൻെറ ശ്രദ്ധയോടുകൂടി ഞാൻ പടിക്കൽ ചെന്നുനിന്നു. അഞ്ചര, ആറു്, ആറര, ഏഴു്,—ഏഴരയും കഴിഞ്ഞു. ഭാസ്കരൻ വന്നില്ല—എട്ടും കഴിഞ്ഞു. എട്ടര—ഒമ്പതു്. അയാളെ കണ്ടില്ല. ഒമ്പതരയുടെ ബോട്ടു ജെട്ടിയിലടുത്തു. അവസാനത്തെ ബോട്ടു്. കറുത്തു കുള്ളനായ ആ ചെറുപ്പക്കാരൻ എൻെറ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു:

"ക്ഷമിക്കണം. ഇന്നെനിക്കൊരു ടീപാർട്ടിയുണ്ടായിരുന്നു."

ഞങ്ങൾ നടന്നു. അയാൾ തുടന്നു: "ഞാൻ പറഞ്ഞിരുന്ന കാര്യം കുറച്ചു വിഷമത്തിലാണല്ലോ. വീട്ടിൽനിന്നു് അടിയന്തിരമായി അമ്പതു റുപ്പികയും് ഇന്നലെ ഒരാൾ വന്നിരുന്നു. ഇരുപത്തഞ്ചു റുപ്പിക മി. കുമാരനോടുകൂടി കടം വാങ്ങിച്ചാണു് ഞാനതു നിവർത്തിച്ചതു്. ഇനിയത്തെ മാസം തീർച്ചയായും ഞാൻ തരാം. ഇപ്പോൾ എങ്ങനെയെങ്കിലും നിവർത്തിക്കൂ! ഞാൻ പോകട്ടെ: എന്റെ സ്നേഹിതന്മാർ ദൂരത്തായി. പിന്നീടു കാണാം."

അയാൾ തിടുക്കത്തിൽ നടന്നുപോയി. ഞാൻ ആ നാലും കൂടിയ വഴിയിൽനിന്നു നട്ടംതിരിഞ്ഞു.

ഏപ്രിൽ 18

വൈകുന്നേരം എവിടെയോ ഒന്നുരണ്ടു ട്യൂഷൻ ഏർപ്പെടുത്തിത്തരാമെന്നു ചില സ്നേഹിതന്മാർ പറഞ്ഞിരുന്നതനുസരിച്ചു ഞാൻ അവരുടെ വീടുകളന്വേഷിച്ചു പോയി. ഞങ്ങൾ പലരേയും കണ്ടു. ചിലർക്കൊക്കെ പരീക്ഷയടുത്തിട്ടു മതി ട്യൂഷൻ. പലരും ആളെ നിയമിച്ചുപോയി. പത്തുമണി കഴിഞ്ഞു. ഞാൻ അവരോടു യാത്ര പറഞ്ഞു. വീട്ടിലേയ്ക്കു പോകുവാൻ തരമില്ല: പതിന്നാലു മൈൽ നടക്കണം.......രാത്രി കഴിച്ചുകൂട്ടുവാൻവേണ്ടി ഞാൻ സതീശന്റെ ലോഡ്ജിലേയ്ക്കു നടന്നു. പതിനൊന്നു മണിക്കു ഞാനവിടെയെത്തി. രാഘവൻ മാസ്റ്റർ വാതില്ക്കൽ ചാരുകസാലയിൽക്കിടന്നിരുന്നു. മുകളിലത്തെ തട്ടിലാണു സതീശന്റെ മുറി. മാസ്റ്ററുടെ ഔദാര്യത്തിന്മേലാണു് സതീശൻ അവിടെ താമസിക്കുന്നതു്.

എനിക്കു കിടക്കുവാൻ പായ വിരിച്ചുകഴിഞ്ഞപ്പോൾ സതീശനെ രാഘവൻമാസ്റ്റർ താഴത്തുനിന്നു വിളിച്ചു. എന്റെ സ്നേഹിതൻ അയാളുടെ അടുക്കലേയ്ക്കു പോയി. ഞാൻ കോണിപ്പടിയിൽ ചെന്നു നിന്നു. രാഘവൻ മാസ്റ്റർ പറഞ്ഞു: "ഇവിടെ പ്രായമായ പെൺകുട്ടികളുമുണ്ടു്. ഇതു തനിക്കറിഞ്ഞുകൂടേ? രാത്രികാലങ്ങളിൽ വല്ലിടത്തിനും വലിഞ്ഞു കയറി വരുന്നവരെയൊക്കെ ഇവിടെക്കിടത്തുന്നതു് എനിക്കിഷ്ടമില്ല." ഞാൻ വേഗത്തിൽ ഷർട്ടെടുത്തിട്ടു,

പുസ്തകങ്ങളുമെടുത്തു താഴത്തേയ്ക്കിറങ്ങി. കോണിപ്പടിയിൽവച്ചു സതീശനോടു പറഞ്ഞു: "ഞാൻ പുറത്തേയ്ക്കു പോകുകയാണു്. നാളെക്കാണാം."

എങ്ങോട്ടു പോകണമെന്നു് എനിക്കു നിശ്ചയമില്ലായിരുന്നു. എല്ലാവരും കിടന്നുകഴിഞ്ഞു. പരിചയക്കാരെച്ചെന്നു വിളിച്ചുണർത്തുന്നതു കഷ്ടമാണെന്നു കരുതി ഞാൻ നടന്നു. വയററിൽ 'ആസിഡ്' ഒഴിച്ചതുപോലെ തീവ്രമായ എരിച്ചിൽ. പാതയിൽ റോന്തു ചുററുന്ന പോലീസുകാർ എൻെറമേൽ ദൃഷ്ടി പതിപ്പിച്ചു. ഞാൻ 'സർക്കാർ ബാൻഡ് ഷെഡ്ഡി'ലെത്തി. ശീമക്കുമ്മായമിട്ട തിണ്ണ. നിലത്തുണ്ടായിരുന്ന പൊടി ഞാൻ ഊതിപ്പറപ്പിച്ചു. സുഖകരമായ പടിഞ്ഞാറൻ കാററു്. പുസ്തകം തലയണയുറയാക്കി വച്ചുകൊണ്ടു കിടന്നു. ഉറങ്ങിപ്പോയതു ഞാനറിഞ്ഞില്ല.

ഏപ്രിൽ 23.

ഞാൻ കാലത്തേ വീട്ടിൽനിന്നിറങ്ങി. സമുദായത്തിലുള്ള വലിയതും ചെറിയതുമായ പല ഉദ്യോഗസ്ഥന്മാരുടെ വീടുകളിൽച്ചെന്നു. നേതാക്കളും പണക്കാരുമായിട്ടുള്ളവരുടെ വീടുകളിൽച്ചെന്നു. അന്യ രാജ്യത്തുനിന്നു പീപ്പനിറയെ പവനുമായി വന്നിട്ടുള്ള മാന്യരായ സമുദായസ്നേഹികളുടെ വീടുകളിൽച്ചെന്നു. എന്തിനു്? യാചിക്കുവാൻ. അവരെല്ലാവരും എന്നെ അറിയും. ചിലർക്കെല്ലാം എൻെറ കുടുംബത്തോടു ബന്ധമുണ്ടു്. ഞാൻ അവരോടെല്ലാം 'വാചിട്ടു' പറഞ്ഞു: "അടുത്ത ദിവസം കോളേജിൽ നിന്നു് എൻെറ പേരു് നീക്കം ചെയ്യും. എന്തെങ്കിലും തരണം. തിരിച്ചു തരാമെന്നു ഞാൻ പറയുന്നില്ല. ഒരിക്കലും കിട്ടുകയില്ലെന്ന വിശ്വാസത്തോടുകൂടി എന്തെങ്കിലും തരിക!" എല്ലാപേരും എൻെറ നേർക്കു സഹതാപത്തിൻെറ മഹാസമുദ്രങ്ങളൊഴുക്കി. ചിലരൊക്കെ കാപ്പിയും ഊണും തന്നു. പിന്നെ, അവരുടെ ജീവിത വൈഷമ്യങ്ങളെ എൻെറ മുന്നിൽ പർവ്വതീകരിച്ചു പറഞ്ഞു. ഞാൻ അതൊക്കെ ശരിവയ്ക്കണമെന്നല്ലേ അവരുടെ ഉദ്ദേശം: ഞാൻ അതു ചെയ്തു. അവരാരും എന്നോടു സഹായമഭ്യർത്ഥിച്ചില്ലാ എന്നതുതന്നെ എൻെറ മഹാഭാഗ്യം.

ഞാൻ വെറും കൈയോടെ വീട്ടിലേയ്ക്കു മടങ്ങി.

ഏപ്രിൽ 24.

വൈകുന്നേരം ഏഴുമണിക്കു ഞാൻ കോളേജിൽനിന്നു വീട്ടിലെത്തി. വീട്ടിലുണ്ടായിരുന്ന എല്ലാവൎക്കും ഒരു മൂകത. ഞാൻ വായനമുറിയിൽ കടന്നു കുപ്പായം മാററിയിട്ടിട്ടു ചാരുകസാലയിൽ കിടന്നു. ഞാൻ ഷെൽഫിലേയ്ക്കു നോക്കി. പുസ്തകങ്ങൾ കുറവുണ്ടു്. എഴുന്നേററു ചെന്നു പരിശോധിച്ചു. വിശ്വവിഖ്യാതരായ പലരുടേയും ഗ്രന്ഥങ്ങളില്ല. ഞാൻ അനുജനെ വിളിച്ചു ചോദിച്ചപ്പോൾ അവൻ പറഞ്ഞു:

“ഇന്നു ഹെൽത്തു വിസിററർ അമ്മ ഇവിടെ വന്നിരുന്നു. അവൎക്കു വായിക്കണമെന്നു പറഞ്ഞു കുറെ പുസ്തകങ്ങൾ എടുത്തു കെട്ടിക്കൊണ്ടുപോയി.”

എനിക്കൊന്നും മിണ്ടുവാൻ കഴിഞ്ഞില്ല. അവൎക്കു ഞാൻ ഇരുപതു റുപ്പിക കൊടുക്കാനുണ്ടു്.

ഏപ്രിൽ 25.

ഫീസു കൊടുക്കാത്തതുകൊണ്ടു കോളേജ് രജിസ്റ്ററിൽനിന്നു് എന്റെ പേരു നീക്കംചെയ്തു.

ഏപ്രിൽ 29.

ഞാൻ വളരെ പുലൎന്നാണെഴുന്നേററതു്. വിശപ്പു തോന്നിയില്ല. കഴിഞ്ഞ ഏതാനും ദിവസങ്ങളെ അപേക്ഷിച്ചു ഹൃദയത്തിനു നന്നേ ആശ്വാസം. എനിക്കു് അജ്ഞാതമായ ഏതോ ഒരു രാജ്യത്തു് ഒരു സിംഹാസനം എനിക്കുവേണ്ടി ഒഴിഞ്ഞുകിടക്കുന്നതുപോലെ എനിക്കുതോന്നി. പേരറിയാത്ത അനേകായിരംപേർ അങ്ങോട്ടു ക്ഷണിക്കുന്നതുപോലെയും., ആ വിചാരങ്ങൾക്കെന്തൊരു തണുപ്പു്!

ഉച്ചതിരിഞ്ഞു. ഞാൻ മുണ്ടും കുപ്പായവും അലക്കിവിരിച്ചു.

ഏപ്രിൽ 30.

ഇൻസ്പെക്ടരുടെ ഭാൎയ്യക്കു പണംകൊടുക്കാമെന്നു പറഞ്ഞ ദിവസം. കാലത്തേ ഉണൎന്നു. വായനമുറി അടിച്ചു വൃത്തിയാക്കി.

ഞാൻ വളരെക്കാലമായി ഉപയോഗിച്ചുപോന്ന ആ മുറിയ്ക്കു പല ചരിത്രങ്ങളുമുണ്ടു്. ചാരുകസേര മടക്കിവെച്ചു. പുസ്തകങ്ങളും കടലാസുകഷണങ്ങളും ഒക്കെ അടുക്കിവെച്ചു. കുളിച്ചു കാപ്പികുടിച്ചു തലേന്നാൾ അലക്കി മടക്കിവെച്ചിരുന്ന മുണ്ടും ഷർട്ടുമെടുത്തു ധരിച്ചു. അമ്മയോടു മൂന്നണ വാങ്ങിച്ചു. അമ്മ എവിടെപ്പോകുന്നുവെന്നു ചോദിച്ചതിനു് ഒരു ജോലി അന്വേഷിച്ചു് എന്നു സമാധാനം പറഞ്ഞു: ആരോടും ഒന്നും സംസാരിച്ചില്ല. നേരേ റയിൽവേ സ്റ്റേഷനിലേയ്ക്കു നടന്നു.

മണി പതിനൊന്നര. ഞാൻ ഒരണ കൊടുത്തു് ഒരു പ്ലാററ്ഫോറം ടിക്കററ് വാങ്ങി. പതിനൊന്നേമുക്കാൽ. വണ്ടി പ്ലാററ്ഫാറത്തിൽ വന്നുനിന്നു. പന്ത്രണ്ടിനു് അഞ്ചുമിനിട്ടു്. എന്നേയും വഹിച്ചുകൊണ്ടു് ഒരു ദീർഘമായ ചൂളംവിളിയോടുകൂടി വണ്ടി നീങ്ങി. എങ്ങോട്ടു്? എനിയ്ക്കു നിശ്ചയമില്ല.

KOTTAYAM PUBLIC LIBRARY
KOTTAYAM
Cl. No. MF9 Acc. No. 81937
This book should be returned on or before the date last stamped below.

MF9

81937

ദാമോദരൻ. പി. ക്നസ്സ്

മായാത്ത നിമിഷങ്ങൾ